പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 62 ലക്കം 3 ജൂൺ 2022




## നേട്ടങ്ങളുടെ പൊൻപ്രഭയിൽ

### ജനപക്ഷത്ത് ഒരു വർഷം

പ്രത്യേക
പതിപ്പ്




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂൺ 2022

## അകത്ത്





നേട്ടങ്ങളുടെ നിറവിന്റെ വാഗ്ദാനപാലനത്തിന്റെ വർഷം
എം. വി. ഗോവിന്ദൻ മാസ്റ്റർ 5

കൂടുതൽ ജനപക്ഷമാകാൻ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് 6

അതി ദരിദ്രരില്ലാത്ത കേരളം
ടി. ഷാഹുൽ ഹമീദ് 7

നവകേരള നിർമ്മിതിക്ക് മനസ്സോടിത്തിരി മണ്ണ്
അനിൽകുമാർ കെ. 10

വാതിൽപ്പടി സേവനം
ത്രേസ്യാമ്മ ആന്റണി 12

നഗര തൊഴിൽ മേഖലയിൽ പുതുമയായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി
സുബോധ് എസ്സ്. 15

ഊർജ്ജസ്വലതയോടെ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ
ആശ എസ്. പണിക്കർ 18

തദ്ദേശകങ്ങളിൽ നിന്നും തൊഴിൽ
കെ. ആർ. രാജൻ 22

ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷം: അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തും
ഹുസൈൻ. എം. മിന്നത്ത് 24

ക്ലീനാവും കേരളം
കെ. എൻ. സഹജൻ 28

നവോത്ഥാനം സിവിൽ രജിസ്ട്രേഷൻ രംഗത്തും
ബിനിൽ എസ്. 31

സ്ത്രീപക്ഷ നവകേരളം
ബിജി എസ്. എസ്. 33

ഓൺലൈൻ സേവന മികവിൽ 34

തെളിനീരൊഴുകും നവകേരളം 38

അമൃത് 2 41

വിശപ്പ് രഹിത കേരളത്തിനായി ജനകീയ ഹോട്ടലുകൾ - അന്നമൂട്ടാൻ കേരളത്തിന്റെ ബദൽ മാതൃക
ഗോപകുമാർ എം. 43

ടേക്ക് എ ബ്രേക്ക് വികസനത്തിന് ബ്രേക്കില്ല
കെ. ആർ. രഞ്ജിത്ത് 45

കേരള ചിക്കനിലൂടെ നല്ല ആരോഗ്യം
ആശ എസ്സ്. പണിക്കർ 46


ഈ ലക്കം പ്രത്യേക പതിപ്പായതിനാൽ സ്ഥിരം പംക്തികൾ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിരം പംക്തികൾ അടുത്ത ലക്കം മുതൽ തുടങ്ങുന്നതാണ്. *-എഡിറ്റർ*

ജൂൺ 2022
പുസ്തകം 62 ലക്കം 3
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# സർക്കാരിന്റെ ആദ്യ വർഷം നേട്ടങ്ങളുടെ പൊൻ പ്രഭയിൽ തദ്ദേശസ്വയംഭരണവകുപ്പ്

ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ ആദ്യ വർഷത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നിരവധി ജനോപകാരപ്രദമായ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ആയവയിലും തൊട്ട് മുമ്പുള്ള സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് കർമ്മപഥത്തിൽ എത്തിച്ചിട്ടുള്ള പദ്ധതികളിലും ഈ കാലയളവിൽ അക്ഷരാർത്ഥത്തിൽ തന്നെ വൻ മുന്നേറ്റം നടത്തിയിട്ടുള്ളത് വസ്തുതാപരമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമായതോടെ അധികാര വികേന്ദ്രീകരണ പ്രക്രിയയും നമ്മുടെ തദ്ദേശ സ്ഥാപനങ്ങളും കൂടുതൽ കരുത്ത് ആർജ്ജിക്കുകയാണ്.

കാലാനുസൃതമായ മാറ്റങ്ങൾ സ്വാംശീകരിച്ച് കാലത്തിനൊപ്പവും ജനങ്ങൾക്കൊപ്പവുമാണ് തദ്ദേശസ്വയംഭരണ വകുപ്പ് എന്ന് തെളിയിച്ചുകഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. അശരണർക്കും ആലംബഹീനർക്കും കൈത്താങ്ങായി സേവനങ്ങളുമായി അവരുടെ വാതിൽപ്പടിയിൽ എത്തുന്ന ഈ വകുപ്പ് ആർദ്രതയുടെ സാന്ത്വന സ്പർശമാണ്. അഞ്ച് വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ നിന്ന് അതിദാരിദ്ര്യം തുടച്ച് നീക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന പിന്തുണ എത്ര വലുതാണ്. ഭൂരഹിത -ഭവന രഹിതർക്ക് കൂടി സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ലൈഫ് പദ്ധതിയുടെ ഭാഗമായി സുമനസ്സുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സമാനതകളില്ലാത്ത പദ്ധതി തന്നെയാണ്. നഷ്ടപ്പെട്ടുപോയ ജലസ്രോതസ്സുകൾ വീണ്ടെടുത്തും മലിനീകരിക്കപ്പെട്ടവ ജനപങ്കാളിത്വത്തോടെ ശുദ്ധീകരിച്ചും വഴിയരികിലെ മാലിന്യക്കൂനകൾക്ക് വിട പറഞ്ഞും പരിസ്ഥിതി സൗഹൃദത്തിന്റെ ജനകീയ മുഖം ഏറെ ആകർഷണീയമായി നമുക്ക് മുന്നിൽ അനാവരണം ചെയ്യപ്പെടുന്നു. കുടുംബശ്രീ എന്നത് കേരളത്തിന്റെ തന്നെ ശ്രീ ആയി മാറിയിരിക്കുന്നു. സ്ത്രീപക്ഷ സാമൂഹ്യ സാക്ഷരത എല്ലാതലങ്ങളിലും എത്തിക്കാൻ സ്ത്രീധനത്തിനും സ്ത്രീ പീഡനത്തിനും എതിരെ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള സ്ത്രീപക്ഷ നവ കേരളം ക്യാമ്പയിൻ നവ കേരള നിർമ്മിതിക്കുള്ള ചിത്രത്തുണ്ടുകളിൽ ഏറ്റവും മനോഹരമായ ഒന്നാണ്.

അങ്ങനെ ജനക്ഷേമകരമായ സമസ്ത മേഖലകളിലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിക്കൊണ്ട് ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ തിളങ്ങുകയാണ് തദ്ദേശ സ്വയംഭരണ വകുപ്പ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേട്ടങ്ങളുടെ പൊൻപ്രഭ വരുംവർഷങ്ങളിലും കൂടുതൽ പ്രോജ്ജ്വലമാക്കാൻ ഒത്തൊരുമയോടെ നമുക്ക് കൂടുതൽ കർമ്മോത്സുകരാകാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**ഭാവി പ്രവചിക്കാൻ ഏറ്റവും നല്ല രീതി അത് സ്വയം നിർമ്മിച്ചെടുക്കുക എന്നുള്ളതാണ്.**
- എബ്രഹാം ലിങ്കൺ



# നേട്ടങ്ങളുടെ നിറവിന്റെ ഒരു വാഗ്ദാനപാലനത്തിന്റെ വർഷം

ബഹുമാന്യരേ,

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം വാർഷിക വേളയാണിത്. ജനപക്ഷത്ത് നിന്നുകൊണ്ട് ഭരണമികവിന്റെ കേരള മോഡലിന് ശക്തിപകരാൻ തദ്ദേശസ്വയംഭരണ വകുപ്പിന് ഈ കാലയളവിൽ സാധിച്ചു. കോവിഡ് മഹാമാരിയും പ്രകൃതിക്ഷോഭങ്ങളും മാത്രമല്ല, നിക്ഷിപ്ത രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള എതിർപ്പുകളെയും നേരിട്ടാണ് വികസന ജനക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയത്. സമാനകളില്ലാത്ത ജനപിന്തുണയോടെ, എതിർപ്പുകളെയെല്ലാം അതിജീവിച്ച്, ദൃഢനിശ്ചയത്തോടെ, ജനങ്ങൾക്ക് വേണ്ടി നിലയുറപ്പിക്കാൻ സർക്കാരിന് സാധിച്ചു. രാജ്യത്തിന് മാതൃകയാവുന്ന വികസന ബദലുകളാണ് കേരളം നടപ്പിലാക്കുന്നത്.

നവകേരള നിർമ്മിതിയുടെ പുതിയൊരു ഘട്ടത്തിനാണ് തുടക്കമിട്ടിരിക്കുന്നത്. പാവങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയും വരുംതലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചും കേരളത്തെ ജ്ഞാനസമൂഹമാക്കി മാറ്റാനുതകുന്ന വികസന മാതൃകകൾ നാം സഫലമാക്കുകയാണ്. കേരളത്തിലെ ആദ്യത്തെ സർക്കാരിന്റെ കാലം തൊട്ട് ഭരണതലത്തിൽ ഇടപെട്ട സമ്പന്നമായ പാരമ്പര്യത്തെ മുൻനിർത്തി മുന്നോട്ടു പോകുന്നതിന്റെ അടയാളപ്പെടുത്തലുകൾ രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷിക വേളയിൽ കാണാനാവും. സുസ്ഥിര വികസനവും വളർച്ചയും സാമൂഹിക നീതിയും തുല്യതയും കരുത്താക്കി മുന്നേറുന്ന വികസന ശൈലിയുടെ തുടർച്ചകളാണ് സൃഷ്ടിക്കപ്പെടുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളിലും ഇതാണ് കാണാനാവുക.

നിരവധി കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിലൂടെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ ഒരു വർഷം കൊണ്ട് സാധിച്ചു. അതിൽ തെരഞ്ഞെടുത്തവ പഞ്ചായത്ത് രാജ് മാസികയുടെ ഈ പ്രത്യേക പതിപ്പിലൂടെ ജനശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

സ്നേഹാദരങ്ങളോടെ,

**എം. വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി



# കൂടുതൽ ജനപക്ഷമാകാൻ

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്

2022 ഫെബ്രുവരി 19 ന് തദ്ദേശ സ്വയംഭരണദിനത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് അധികാര വികേന്ദ്രീകരണത്തിന്റെ ഭരണമൂല്യങ്ങൾ പ്രാദേശിക വികസന ഭരണത്തിൽ ഉറപ്പ് വരുത്തുന്ന പ്രക്രിയക്ക് കൂടുതൽ ചാരുത പകരുന്നതായിരുന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ തസ്തിക സൃഷ്ടിക്കലിനും അപ്ഗ്രഡേഷനുള്ള അനുമതിയുമായി അംഗീകരിക്കപ്പെട്ടതോടെ വകുപ്പ് സംയോജനം സമ്പൂർണ്ണമാവുകയാണ്.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കിയതിലൂടെ അഞ്ച് വകുപ്പുകളുടെ വിവിധ രീതിയിൽ നിർവ്വഹണം നടത്തി വന്നിരുന്ന വികസന പ്രവൃത്തികൾ ഏകോപിപ്പിച്ച് പ്രാദേശിക വികസന പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനുള്ള ഒരു ഏകീകൃത പ്ലാറ്റ്ഫോം ആണ് സർക്കാർ സാധ്യമാക്കിയിട്ടുള്ളത്. വിവിധ തട്ടുകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നവ കാലത്തെ കേരളം സൃഷ്ടിക്കുന്നതിന് പര്യാപ്തമായ പ്രൊഫഷണൽ - സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നതിന് വകുപ്പിനെ ഉയർന്ന ഉത്തരവാദിത്വതലത്തിലേക്ക് എത്തിക്കുന്നതിന് അനുയോജ്യമായ സമഗ്ര ഭരണ പരിഷ്കാരത്തിന്റെ പ്രായോഗിക പ്രവർത്തനമാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണത്തിലൂടെ കേരള സർക്കാർ ആത്യന്തികമായി നേടിയെടുത്തിട്ടുള്ളത്.

സംസ്ഥാനത്ത് നിലനിന്നിരുന്ന പഞ്ചായത്ത്, ഗ്രാമ വികസനം, നഗരകാര്യം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, നഗര – ഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ ഒറ്റ കുടക്കീഴിൽ എത്തിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ വിഷയ- പ്രവർത്തന മേഖലകളിൽ ആവശ്യമായി വരുന്ന സഹായവും പിന്തുണയും നൽകുന്നതിന് വ്യത്യസ്തങ്ങളായ ശേഷികളുള്ള സംസ്ഥാന ജില്ലാ കാര്യാലയങ്ങൾ ഒരുക്കി അധികാര വികേന്ദ്രീകരണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഭരണ സംസ്കാരം രൂപപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ ലഭ്യമായ മനുഷ്യവിഭവശേഷിയും ഉദ്യോഗസ്ഥ സംവിധാനവും ഏകോപിതമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതോടെ വലിയ മാറ്റങ്ങൾക്ക് അത് വഴിതുറക്കുമെന്നുള്ളതിൽ സംശയമില്ല.

വികസന, സേവന, ക്ഷേമ സന്നദ്ധപ്രവർത്തനങ്ങളാണ് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മുഖ്യമായും നിർവ്വഹിക്കേണ്ടതെന്നിരിക്കെ ജനപ്രതിനിധികളോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർക്കും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടെ വികസന, സേവന, സന്നദ്ധ, ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ജീവനക്കാരും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കുക എന്ന കടമയാണ് ജില്ലാ നേതൃത്വത്തിനും അവരെ സഹായിക്കുന്ന സംസ്ഥാന നേതൃത്വത്തിനുമുള്ളത്. കൂട്ടായ പ്രവർത്തനവും കൂട്ടായ പ്രശ്നപരിഹാരവും എന്ന രീതിയിലുള്ള പ്രവർത്തന സംസ്കാരം പൗരകേന്ദ്രീകൃത ജനപക്ഷ സർവ്വീസ് സംസ്കാരവും രൂപപ്പെടുത്തും.

സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി വിഹിതത്തിന്റെ ഇരുപത്തിയാറ് ശതമാനം തുക ചെലവഴിക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾ മുഖേനയാണ്. പദ്ധതി രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്ഥാപനങ്ങൾക്കിടയിൽ മികച്ച ഏകോപനം ഉറപ്പാക്കുന്നതിനും കൂടുതൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും വകുപ്പ് ഏകീകരണം കളമൊരുക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ഒരു സർക്കാരിന് ജനപക്ഷത്ത് നിലയുറപ്പിക്കാൻ കഴിയുകയുള്ളൂ എന്ന അകംപൊരുൾ വ്യക്തമായി ഉൾക്കൊണ്ടാണ് ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുക എന്നതിന് സർക്കാർ അതിന്റെ പ്രഖ്യാപിത നയങ്ങളിൽ ഏറ്റവും പരമപ്രധാനമായ സ്ഥാനം നൽകിയിട്ടുള്ളത്. താഴേതലം മുതൽ സെക്രട്ടറിയേറ്റ് വരെ ശക്തമായ ഒരു പിന്തുണാ സംവിധാനം തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രദാനം ചെയ്യുക എന്നത് തന്നെയാണ് വകുപ്പ് ഏകീകരണത്തിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്നത്. □



# അതി ദരിദ്രരില്ലാത്ത കേരളം

■ ടി. ഷാഹുൽ ഹമീദ്

പാവരന്റെ അന്തസാർന്ന ജീവിതമാണ് രാജ്യത്തിന്റെ, വികസനത്തിന്റെ മുഖ്യ ലക്ഷ്യമാവേണ്ടത്. വിദ്യാഭ്യാസം, ആരോഗ്യം, വികേന്ദ്രീകൃത ആസൂത്രണം എന്നിവയിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. 2015 സെപ്റ്റംബർ 25ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി ഇന്ത്യ അടക്കം ലോകരാഷ്ട്രങ്ങൾ 2030 നകം നേടിയെടുക്കുവാനുള്ള 17 ലക്ഷ്യങ്ങളിൽ ഒന്നാമതായി ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യംമുന്നോട്ടുവച്ചു. ആയത് സമയപരിധിക്ക് മുമ്പേ തന്നെ നേടി ലോകത്തെ വിസ്മയിപ്പിച്ച കേരളം, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന സമയത്ത് അതി ദരിദ്രരില്ലാത്ത പ്രദേശമാകാൻ പോകുന്നതിന്റെ മുന്നൊരുക്കത്തിലാണ്. സാമ്പ്രദായിക വികസന സങ്കല്പത്തിന്റെ സൂചികകളിൽ പൊളിച്ചെഴുത്ത് നടത്തിയ കേരളം ഇന്ത്യക്ക് മാതൃകയായി ഒരു പുതിയ ലക്ഷ്യത്തിലേക്ക് സാമൂഹിക നീതി കൂടി പരിഗണിച്ചുള്ള വികസനപരിപ്രേക്ഷ്യവുമായി മുന്നോട്ടു പോകുകയാണ്.

## ദാരിദ്ര്യ ലഘൂകരണം കേരളത്തിന്റെ ഇടപെടലുകൾ

ദാരിദ്ര്യം ലഘൂകരിക്കുന്നതിന് കേരളം സഞ്ചരിച്ചത് ദുർഘടമായ പാതയിലൂടെയാണ്. 1973-74 കാലഘട്ടത്തിൽ കേരളത്തിന്റെ ജനസംഖ്യയിൽ 59 .79 % ദരിദ്രരായിരുന്നു, അതിൽനിന്ന് പതിനായിരം ജനങ്ങളിൽ 71 പേർ മാത്രം ദരിദ്രരായിട്ടുള്ള സംസ്ഥാനമായി രൂപപ്പെട്ടത് വിവിധ സർക്കാരുകളുടെ ശക്തമായ ഇടപെടലുകളും, ലോകം തന്നെ ശ്രദ്ധിച്ച 1998ലെ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ കടന്നുവരവും കൊണ്ടാണ് .തൊഴിലുറപ്പ് പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും, മറ്റ് സാമൂഹ്യ ക്ഷേമ പദ്ധതികളും ദാരിദ്ര്യം കുറച്ചുകൊണ്ടുവരുവാൻ സഹായകമായി. 2011 ൽ കേരളത്തിന്റെ ജനസംഖ്യയിൽ ദരിദ്രരുടെ എണ്ണം 7.5% ആയി കുറയുകയും ഇപ്പോളത് 0.71% എന്ന സ്വപ്ന തുല്യമായ നേട്ടത്തിലെത്തി കേരളം തലയുയർത്തി നിൽക്കുകയാണ്.ഭക്ഷണം ഇല്ലാത്തവരുടെയും വസ്ത്രം ഇല്ലാത്തവരുടെയും വീടില്ലാത്തവരുടെയും അവസ്ഥ മാത്രമല്ല ദാരിദ്ര്യം. മറിച്ച് ഹിംസയുടെ മോശപ്പെട്ട രൂപമാണ് ദാരിദ്ര്യം എന്ന മഹാത്മാഗാന്ധിയുടെ ആശയം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചതിന്റെ ഫലമായും, എല്ലാ വിപ്ലവങ്ങളുടെയും രക്ഷിതാവ് ദാരിദ്ര്യമാണ് എന്ന അരിസ്റ്റോട്ടിലിന്റെ സന്ദേശം ആവാഹിച്ചത് കൊണ്ടും, ഒറ്റപ്പെടൽ ദാരിദ്ര്യത്തിന്റെ ഭീകരമായ മുഖമാണ് എന്ന മദർ തെരേസയുടെ ജീവിത കാഴ്ചപ്പാട് ഉൾക്കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചത് കൊണ്ടും, ലോകപ്രശസ്ത നോബൽ സമ്മാന ജേതാവ് സാമ്പത്തിക വിദഗ്ധൻ ബംഗ്ലാദേശിലെ മുഹമ്മദ് യൂനുസ് പറഞ്ഞതുപോലെ കരുണ മാത്രം കൊണ്ട് ദാരിദ്ര്യത്തെ ഇല്ലാതാക്കുവാൻ സാധിക്കില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞു സാമൂഹ്യ സുരക്ഷ ഒരുക്കി കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചതിന്റെയും ഫലമായാണ് ദാരിദ്ര്യത്തിന്റെ തോത് കേരളത്തിന് കുറച്ചുകൊണ്ടുവരുവാൻ സാധിച്ചത്.



## ആരാണ് അതിദരിദ്രർ

നേട്ടത്തിന്റെ നെറുകയിൽ കേരളം എത്തിയിട്ടും മുഖ്യധാരാ ദൃഷ്ടി പഥത്തിൽ പതിയാത്ത അനേകം ഹതഭാഗ്യർ നമ്മുടെ ചുറ്റിലും ഉണ്ട്. ദാരിദ്ര്യം ബഹുമുഖമാണ്. ഏറ്റവും കൂടുതൽ സാമൂഹിക സുരക്ഷാ പദ്ധതികൾ ഉണ്ടായിട്ടും അവയുടെ ഗുണ ഫലങ്ങൾ നേരിട്ട് അനുഭവിക്കാൻ കഴിയാത്തവർ നമുക്കിടയിൽ ഉണ്ട്. തെരുവിൽ അഭയം പ്രാപിച്ചവർ, മാനസിക വെല്ലുവിളി നിമിത്തം സമൂഹം ഒറ്റപ്പെടുത്തിയവർ, കടത്തിണ്ണകളിലും, പുറമ്പോക്കുകളിലും, മേൽപ്പാലങ്ങളുടെ അടിയിലും ജീവിതം തള്ളിനീക്കുന്നവർ, ഒറ്റപ്പെട്ട് താമസിക്കുന്നവർ ഇങ്ങനെയുള്ള 64006 പേരെയാണ് അതിദരിദ്രരായി കേരളം കണ്ടെത്തിയിരിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ കണക്ക് പ്രകാരം ഒരു ദിവസം 144രൂപ 70 പൈസ വരുമാനം (1.90 യുഎസ് ഡോളർ)ഇല്ലാത്തവരാണ് ദരിദ്രർ എന്നാൽ കേരളം മുന്നോട്ടുവെക്കുന്ന അതിദരിദ്രർ വരുമാനം മാത്രമായി ബന്ധപ്പെട്ട് കിടക്കുന്നതല്ല, പകരം മനുഷ്യനായി ജീവിക്കാൻ വിഘാതം സൃഷ്ടിക്കുന്ന എല്ലാ തടസ്സങ്ങളെയും സാമൂഹ്യ സുരക്ഷാകവചം ഒരുക്കി ഇല്ലാതാക്കി ദൃഢമായ സാമൂഹിക വലയം സൃഷ്ടിച്ച് അതി ദരിദ്രരില്ലാത്ത കേരളം എന്ന സ്വപ്ന തുല്യമായ ലക്ഷ്യം ദാരിദ്ര്യം ലഘൂകരിച്ചതിന്റെ അനുഭവസാക്ഷ്യത്തിൽ നിന്ന് നേടിയെടുക്കുവാനുള്ള പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ലോകത്ത് 700 ദശലക്ഷം പേർ അതായത് ലോക ജനസംഖ്യയുടെ 11% പേർ യാതൊരുവിധ അടിസ്ഥാന ജീവിത സൗകര്യങ്ങളും ഇല്ലാതെ ജീവിക്കുന്ന എന്ന വസ്തുത മനസ്സിലാക്കുമ്പോഴാണ് ഇന്ത്യയിൽ ഏറ്റവും കുറവ് ദരിദ്രരുള്ള കേരളം മറ്റൊരു ചുവടുവെപ്പ് കൂടി നടത്തുവാൻ വേണ്ടി പോകുന്നത്. ദാരിദ്ര്യത്തിന്റെ ഏറ്റവും അപകടകരവും പരിതാപകരവുമായ അതിദാരിദ്ര്യത്തെ സാമൂഹ്യാധിഷ്ഠിത സമീപനത്തിലൂടെ ഇല്ലാതാക്കുവാനുള്ള ഏറ്റവും മനുഷ്യ സ്നേഹപരമായ ഒരു ശ്രമമാണ് തുടങ്ങിക്കഴിഞ്ഞിട്ടുള്ളത്. 2021ലെ നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ബീഹാറിൽ 51.91% ജാർഖണ്ഡിൽ 42.16% ഉത്തർപ്രദേശിൽ 37.79% മധ്യപ്രദേശിൽ 36.65% ദരിദ്രരുള്ള ഇന്ത്യയിലാണ്, കേരളം രാജ്യത്തിന് തിലകക്കുറിയായി പുതിയ വികസന നാമ്പുകൾ വിരിയിക്കുവാൻ പോകുന്നത്. ലോകത്തെ അക്ഷരാർത്ഥത്തിൽ വിറപ്പിച്ച കോവിഡ് 19 അതിദരിദ്രരെ സൃഷ്ടിക്കുന്നതിന് വലിയ കാരണമായതിനാൽ കേരളത്തിന്റെ പുതിയ കാൽവയ്പ്പ് ലോകം സാകൂതം നിരീക്ഷിക്കുകയാണ്.

## അതിദരിദ്രരുടെ പ്രശ്നങ്ങൾ

കേരളത്തിന്റെ ജനസംഖ്യയുടെ 0.64% വരുന്ന 64006 അതി ദരിദ്രരുടെയും സവിശേഷമായ പ്രശ്നം ഏതാണ് എന്ന് മനസ്സിലാക്കി സൂക്ഷ്മതല പങ്കാളിത്ത ആസൂത്രണത്തിലൂടെ പുതുജീവിതം ഉണ്ടാക്കുക എന്ന ശ്രമകരവും ത്യാഗസുരഭിലവുമായ ദൗത്യമാണ് സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാറുകളുടെ സഹായത്തോടെ ഏറ്റെടുത്തിരിക്കുന്നത്. അതിദരിദ്രരുടെ ലിസ്റ്റിൽ 1735 പേർക്ക് സ്വന്തമായി ഭക്ഷണം ഉണ്ടാക്കുവാനുള്ള സൗകര്യം ഇല്ല എന്ന് കണ്ടെത്തിയതും 1622 പേർ മാരകരോഗത്തിലാണ് എന്ന വസ്തുതയും പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നു. കൂടാതെ അതി ദരിദ്രരുടെ ലിസ്റ്റിൽ 68 % പേരും ഒറ്റപ്പെട്ട് താമസിക്കുന്നവരാണ് എന്ന കണ്ടെത്തൽ സമൂഹത്തിന്റെ കരുതൽ താമസംവിനാ ഉണ്ടാക്കി അതിദരിദ്രരെ ചേർത്തുപിടിച്ച് ലോകത്തെ ഏറ്റവും വലിയ സാംസ്കാരിക ജീവിയായ മനുഷ്യരുടെ ജീവിത പ്രയാസത്തിൽ പങ്കുചേർന്ന് ആരുടെയും സഹായം ലഭിക്കാതെ നിരാശ്രയരും നിരാലംബരുമായവർക്ക് കൈത്താങ്ങായി നിൽക്കുന്നതിന് പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുവാനാണ് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. അതി ദരിദ്രരിൽ 12763 എസ് സി .വിഭാഗക്കാരും 3201 എസ് ടി വിഭാഗക്കാരും 2737 തീരദേശവാസികളുമാണ് ഉള്ളത്. ഇത് കേരളത്തിൽ ഇപ്പോഴും ദാരിദ്ര്യത്തിന്റെ തുരുത്തുകളായി കാണുന്ന പ്രദേശങ്ങളിലെ ജനങ്ങളാണ് അതി ദരിദ്രരായിട്ടുള്ളത് എന്ന് കാണാൻ സാധിക്കും, സാമൂഹ്യമായ ഇടപെടൽ നടത്തുന്നതിന് അമാന്തിച്ച് നിന്നാൽ നമ്മുടെ ലക്ഷ്യം അകന്നുപോകും എന്നതിനാൽ നൊടിയിടക്കുള്ളിൽ ചെയ്തു തീർക്കേണ്ട ഏറ്റവും വലിയ മഹത്തരമായ ലക്ഷ്യമായി അതിദരിദ്രരില്ലാത്ത കേരളം എന്ന ലക്ഷ്യം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കോട്ടയം ജില്ലയിൽ ദരിദ്രർ ആരും തന്നെ ഇല്ല എന്ന അഭിമാനാഹർഹമായ വസ്തുത നമ്മുടെ മുമ്പിൽ പ്രചോദനമായി നിൽക്കുന്നു, കൂടാതെ അതി ദരിദ്രരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 100 കോടിരൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയതും അതി ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിന് സംസ്ഥാന സർക്കാർ നൽകുന്ന വലിയ മുൻഗണനയാണ് കാണിക്കുന്നത്. വാർഡ് തലത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യത്യസ്ത സാമൂഹ്യ സംഘടന സംവിധാനങ്ങളുടെ പിന്തുണയോടെ ചുറ്റവട്ടത്തുള്ളവരെ നിരീക്ഷിച്ച ഫോക്കസ് ഗ്രൂപ്പുകൾ ഇരുന്ന് ചർച്ച ചെയ്തിട്ടാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. കേരളത്തിന്റെ നവ്യാനുഭവവുമായി സൂക്ഷ്മതയും തയ്യാറെടുപ്പും ജനപങ്കാളിത്തത്തോടെയുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. നാളിതുവരെ മറ്റൊരു പദ്ധതിയുടെയും ഗുണഭോക്താക്കളെയും ഇത്ര സൂക്ഷ്മതയോടെ തിരഞ്ഞെടുത്തിട്ടില്ല എന്നത് ഈ പദ്ധതിയുടെ പ്രാധാന്യം വിളിച്ചോതുന്ന ആദ്യഘട്ടത്തിൽ118326 പേരെ കണ്ടെത്തുകയും സബ് കമ്മിറ്റികൾ ചേർന്ന് 87158 പേരായി ചുരുക്കുകയും 73747 പേരുടെ മുൻഗണന പട്ടികയിൽ നിന്നാണ് നിലവിൽ 64,006 പേരെ അതി ദരിദ്രരായി കണ്ടെത്തിയിരിക്കുന്നത്. ഇതിൽ17265

പേരെ ഉദ്യോഗസ്ഥർ സൂപ്പർ ചെക്ക് നടത്തുകയും ചെയ്തിട്ടുണ്ട്. ഒരു വരുമാനവും ഇല്ലാത്തവർ, ആരോഗ്യം ഭീഷണിയായി നിൽക്കുന്നവർ, രണ്ടുനേരം ഭക്ഷണം കഴിക്കാൻ കഴിയാത്തവർ, റേഷൻ കിട്ടുന്നുവെങ്കിലും പാകം ചെയ്ത് കഴിക്കാൻ കഴിയാത്തവർ, ഇവരെല്ലാമാണ് അതിദരിദ്രരുടെ പട്ടികയിൽ ഇടം പിടിച്ചത്. സമൂഹം മുന്നോട്ടു വെച്ചവരുടെ പേരാണ് അതി ദരിദ്രരുടെ പട്ടികയിൽ ഉള്ളത്. ആശ്രയപദ്ധതിയിൽ ചില സ്ഥലങ്ങളിൽ കണ്ടതുപോലെയുള്ള ആനുകൂല്യ സമ്പാദനത്തിനുള്ള പട്ടികയല്ല അതിദരിദ്രരുടെ പട്ടിക എന്നത് പദ്ധതിയുടെ മാറ്റുകൂട്ടുന്നു.

## ദരിദ്രരും അതി ദരിദ്രരും തമ്മിലുള്ള വ്യത്യാസം:-

ദാരിദ്ര്യവും അതിദാരിദ്ര്യവും തമ്മിൽ വ്യത്യാസമുണ്ട്. മനുഷ്യൻ നേരിടുന്ന വിവിധതരത്തിലുള്ള ശേഷിയില്ലായ്മയാണ് ദാരിദ്ര്യം എന്നാൽ സാമൂഹിക സാമ്പത്തിക ദുർബലത അഥവാ ദാരിദ്ര്യം എന്നത് നിരന്തരമായി അനുഭവപ്പെട്ട് അതിജീവനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നേടിയെടുക്കുവാൻ കഴിയാത്തവരാണ് അതിദരിദ്രർ. ഭക്ഷണം, സുരക്ഷിതമായ താമസം, ആരോഗ്യം, അടിസ്ഥാന വരുമാനം എന്നീ നാല് അടിസ്ഥാന ഘടകങ്ങളിൽ ഉൾപ്പെടുന്നവരുടെ തീവ്രമായ അവസ്ഥ പരിശോധിച്ച് തയ്യാറാക്കിയ അതി ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പുതിയ ജീവിതസൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടത് ആധുനിക കേരളത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിലെ പങ്കാളിത്ത രീതി, മൂന്ന് ഘട്ടങ്ങളിലെ പ്രക്രിയ, ഉപഘടകങ്ങൾ തയ്യാറാക്കിയിട്ടുള്ള മുന്നോട്ടു പോക്ക്, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, നഗര ദരിദ്രർ, കടബാധ്യത കാരണം ദാരിദ്ര്യത്തിലേക്ക് വഴുതിവീണവർ എന്നിവരെ ഈ ലിസ്റ്റിൽ കൃത്യമായി പരിഗണിച്ചിട്ടുണ്ട്. അതി ദാരിദ്ര്യത്തിന്റെ ഏറ്റവും വ്യക്തമായ ലക്ഷണം വിശപ്പാണ്. അതിനെ സാമൂഹ്യാധിഷ്ഠിത സമീപനം കൊണ്ട് ഇല്ലാതാക്കണം. കോവിഡ് കാലത്ത് ഉണ്ടാക്കിയ മാതൃകയുടെ പുതിയ ശ്രമമാണ് ഉണ്ടാകേണ്ടത്, ഓരോ കുടുംബശ്രീ അയൽക്കൂട്ടവും ചുറ്റവട്ടത്തെ അതി ദരിദ്രരുടെ വിശപ്പില്ലാതാക്കണം അതിനായുള്ള വിഭവങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നത് പദ്ധതിയുടെ ഭാഗമാക്കണം. കേരളത്തിൽ





അഞ്ചുവർഷത്തിലധികം സ്ഥിരതാമസമാക്കിയ അതിഥി തൊഴിലാളികളെയും അതി ദരിദ്രരുടെ ലിസ്റ്റിൽ ഉൾക്കൊള്ളിക്കുവാൻ സാധിച്ചു എന്നത് കേരളം മുന്നോട്ടുവച്ച വിശാലകാഴ്ചപ്പാടിന്റെ നിദർശനമാണ്.

## ആശ്രയ പദ്ധതിയുടെ അനുഭവസാക്ഷ്യം

1.54 ലക്ഷം ഗുണഭോക്താക്കൾ ഉള്ള ആശ്രയ പദ്ധതി നടത്തിയതിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് അതി ദരിദ്രരുടെ സംരക്ഷണം ഏറ്റെടുക്കുവാൻ വേണ്ടി പോകുന്നത്. കുടുംബശ്രീ വഴി വിവിധ ഘടകങ്ങളുടെ പരിശോധനയും തുടർന്ന് ചലഞ്ച് ഫണ്ടും നൽകി നടപ്പിലാക്കിയ ആശ്രയ പദ്ധതിയിലെ നടത്തിപ്പിലുണ്ടായ പ്രയാസം,അതി ദരിദ്രരുടെ ക്ഷേമപ്രവർത്തനങ്ങളിൽ ഉണ്ടാവാൻ പാടില്ല എന്ന ദൃഢനിശ്ചയം സർക്കാരിനുണ്ട്, അതിനാലാണ് സംസ്ഥാന സർക്കാർ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന ഘട്ടത്തിൽ തന്നെ വളരെയേറെ ശ്രദ്ധയും കാര്യക്ഷമതയും പ്രകടിപ്പിച്ചത്. അർഹരായവർ മുഴുവനും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സർക്കാർ ഉറപ്പുവരുത്തുകയും, അനർഹർ ലിസ്റ്റിൽ കടന്നുകൂട്ടിയിട്ടില്ല എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തിയുമാണ് പദ്ധതിയുമായി സർക്കാർ മുന്നോട്ട് പോകുന്നത്

കേരളം ലോകത്തിന് മുൻപിൽ കാഴ്ച വച്ച സാക്ഷരതാ പ്രസ്ഥാനം, ജനകീയ ആസൂത്രണം, കുടുംബശ്രീ, ആശ്രയ പദ്ധത, അഗതിരഹിത കേരളം, വിശപ്പ് രഹിത കേരളം, സാമൂഹിക അടുക്കള എന്നിവയ്ക്ക് ശേഷം പുതിയ കാൽവെപ്പായി അതി ദരിദ്രരുടെ ക്ഷേമം കേരളം ഏറ്റെടുത്തിരിക്കുന്നു.

വരുമാനത്തിന്റെയും ഉൽപാദനത്തിന്റെയും മാത്രം പുരോഗതി നോക്കി രാജ്യ പുരോഗതിയുടെ അളവ് നിശ്ചയിക്കുന്ന ആധുനിക സമൂഹത്തിന്റെ മുമ്പിൽ കേരള മോഡൽ എന്ന പുതിയ കാൽവെപ്പുമായി അതിവേഗം മുന്നേറിയ കേരളം ലോകത്തിന് മുമ്പിൽ നൽകുന്ന പുതിയ ഒരു മോഡൽ പദ്ധതിയാണ് അതി ദരിദ്രരുടെ ഉന്നമനം. □

*ലേഖകൻ കോഴിക്കോട്, നാദാപുരം ഗ്രാമ പഞ്ചായത്ത്, സെക്രട്ടറിയാണ്.*



*'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം ടൗൺ ഹാളിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിക്കുന്നു.'*

# നവകേരള നിർമ്മിതിക്ക് മനസ്സോടിത്തിരി മണ്ണ്

■ **അനിൽകുമാർ കെ.**

നവ കേരള നിർമ്മിതിക്ക് 2016 ൽ കേരള സർക്കാർ ചെത്തിമിനുക്കി പാകിയ ആധാരശിലയാണ് ലൈഫ് മിഷൻ എന്ന പദ്ധതി. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ഈ ബൃഹത് പദ്ധതി നാളിതുവരെ ഒരു സാന്ത്വന സ്പർശമായി ഒപ്പിയെടുത്തത് സ്വന്തമായി ഒരു കിടപ്പാടം എന്നത് ഒരു സ്വപ്നമായി മാത്രം താലോലിച്ചിരുന്ന നിരവധി പേരുടെ നെഞ്ചിലെ പൊള്ളുന്ന വിങ്ങലുകളാണ്. ലൈഫ് പദ്ധതിയിൽ ഇതുവരെ 2,95,006 വീടുകൾ നിർമ്മാണം പൂർത്തീകരിച്ച് താമസമാരംഭിച്ചു. 34374 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിലാണ്. 27 ഭവന സമുച്ചയങ്ങളും നിർമ്മാണത്തിലുണ്ട്. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് രണ്ടാം നൂറ് ദിനപരിപാടിയിൽ 20808 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം നടത്തിയിരുന്നു. സർക്കാരിന്റെ ഒന്നാം നൂറ് ദിന പരിപാടിയുടെ ഭാഗമായി നേരത്തെ 12000 ലൈഫ് ഭവനങ്ങൾ പൂർത്തിയാക്കി താക്കോൽദാനവും നിർവ്വഹിച്ചിരുന്നു.

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ മൂന്നാം ഘട്ടം ഭൂരഹിത ഭവന രഹിതരുടെ പുനഃരധിവാസമാണ്. അർഹരായ എല്ലാ ഭൂരഹിത ഭവന രഹിതർക്കും ഭൂമി ലഭ്യമാക്കുക എന്നത് സാക്ഷാത്കരിക്കാൻ സർക്കാറിന് മുന്നിലുള്ളത് ദുഷ്കരമായ വെല്ലുവിളികൾ തന്നെയാണ്. എന്നാൽ ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം സാദ്ധ്യമാക്കാൻ പ്രതിജ്ഞാബദ്ധമായ സർക്കാർ ഉറച്ച ചുവടുകളുമായി മുന്നോട്ട് തന്നെയാണ്. വമ്പിച്ച ബഹുജന പങ്കാളിത്തം ആവശ്യപ്പെടുന്ന 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് മഹത്തായ ഈ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനാണ്. ഈ ക്യാമ്പയിന്റെ ഭാഗമായി ഭൂമി മനസ്സോടെ പങ്ക് വയ്ക്കുന്നതിന് നിരവധി പേർ മുന്നോട്ട് വരുന്നു എന്നത് ഏറെ ആശാവഹമാണ്. വ്യക്തമായ കാഴ്ചപ്പാടുമായി മുന്നിൽ നിന്ന് നയിക്കാൻ ഒരു സർക്കാർ ഉള്ളപ്പോൾ ലക്ഷ്യത്തിലേക്കുള്ള ദുർഘടപാതകളിൽ പോലും യാത്ര ലഘൂകരിക്കപ്പെടും എന്നുള്ളത് സത്യമാണ്.

അർഹരായ എല്ലാ ഭൂരഹിത ഭവന രഹിതർക്കും ഭൂമി ലഭ്യമാക്കുക എന്നത് സാക്ഷാത്കരിക്കാൻ സർക്കാറിന് മുന്നിലുള്ളത് ദുഷ്കരമായ വെല്ലുവിളികൾ തന്നെയാണ് ഈ ക്യാമ്പയിന്റെ ഭാഗമായി ഭൂമി മനസ്സോടെ പങ്ക് വയ്ക്കുന്നതിന് നിരവധി പേർ മുന്നോട്ട് വരുന്നു എന്നത് ഏറെ ആശാവഹമാണ്. വ്യക്തമായ കാഴ്ചപ്പാടുമായി മുന്നിൽ നിന്ന് നയിക്കാൻ ഒരു സർക്കാർ ഉള്ളപ്പോൾ ലക്ഷ്യത്തിലേക്കുള്ള ദുർഘട പാതകളിൽ പോലും യാത്ര ലഘൂകരിക്കപ്പെടും എന്നുള്ളത് സത്യമാണ്.



*തിരുവനന്തപുരം പൂവച്ചലിൽ സൗജന്യമായി നല്കുന്ന 2.75 ഏക്കർ ഭൂമിയുടെ രേഖ ശ്രീ. പന്നിയോട് സുകുമാരൻ വൈദ്യർ ബഹു. മുഖ്യമന്ത്രിക്ക് കൈമാറുന്നു.*



*പത്തനംതിട്ട ആറന്മുളയിൽ ശ്രീ. ഹനീഫ റാവുത്തറും ഭാര്യ ശ്രീമതി. ജാസ്മിനും സൗജന്യമായി നൽകുന്ന 28 സെൻറ് ഭൂമിയുടെ രേഖ ബഹു. ആരോഗ്യ വകുപ്പ് മന്ത്രിക്ക് കൈമാറുന്നു.*

സുമനസ്സുകളായ വ്യക്തികളോടൊപ്പം ചാരിറ്റബിൾ/കോർപ്പറേറ്റ് സ്ഥാപനങ്ങളും, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നായകരും മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനുമായി സഹകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇതുവരെ 13 ജില്ലകളിൽ 34 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 40 സ്ഥലങ്ങൾ (1763 സെന്റ് ) ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്/ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ നവകേരളം തദ്ദേശകം പരിപാടിയിലൂടെ വാഗ്ദാനം ചെയ്യപ്പെട്ട ഇരുപത് സ്ഥലങ്ങളും ഇതിൽ ഉൾപ്പെടുന്നു. പത്ത് ജില്ലകളിലായി പതിനാറ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വാഗ്ദാനം ചെയ്യപ്പെട്ട ഇരുപത് സ്ഥലങ്ങളുടെ കാര്യത്തിൽ തുടർനടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമ പഞ്ചായത്തിലും കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമ പഞ്ചായത്തിലും എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലും ലഭ്യമായ ഭൂമിയിൽ ഭവന സമുച്ചയ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൊല്ലം, കോട്ടയം ജില്ലകളിലെ മൂന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നൽകിക്കഴിഞ്ഞു.

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ആയിരം ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ ഇരുപത്തിയഞ്ച് കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം ആറ് ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമി വാങ്ങി നൽകുകയും ഭൂമി കണ്ടെത്തിയ മുപ്പത്തിരണ്ട് ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു.

തനിക്കും കുഞ്ഞുങ്ങൾക്കും സുരക്ഷിതമായി കിടന്നുറങ്ങാൻ കെട്ടുറപ്പുള്ള ഒരു വീടില്ല എന്നോർത്ത് ഒരമ്മയുടേയും മിഴികൾ നനയാതിരിക്കാൻ ആ മിഴികളിൽ പ്രത്യാശയുടെ തിളക്കമായി ഈ സർക്കാരും സുമനസ്സുകളും എന്നും ഒപ്പം ഉണ്ടാകുമെന്നത് 'മനസ്സോടിത്തിരി മണ്ണ്' പോലുള്ള ക്യാമ്പയിനുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. □

*ലേഖകൻ ലൈഫ് മിഷൻ പ്രോഗ്രാം മാനേജരാണ്.*



# വാതിൽപ്പടി സേവനം

■ ത്രേസ്യാമ്മ ആന്റണി

## വാതിൽപ്പടി സേവനം പദ്ധതി - ലക്ഷ്യം

ജനകീയ സർക്കാർ എന്നത് എല്ലാ തലത്തിലും സാർത്ഥകമാക്കി അശരണർക്കും നിരാലംബർക്കും സാന്ത്വന സ്പർശമായി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് വാതിൽപ്പടി സേവനം .

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടെയും, അറിവില്ലായ്മയും മറ്റ് നിസ്സഹായവസ്ഥയും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെ അടുത്തേക്ക് സന്നദ്ധ സേവാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹ്യക്ഷേമ സേവന പ്രവർത്തനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായം പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് "വാതിൽപ്പടി സേവനം"

കൃത്യവും സൂക്ഷമവുമായ സംഘടനാ സംവിധാനത്തോടുകൂടിയാണ് വാതിൽപ്പടി സേവനം നടപ്പിലാക്കുന്നത്. വാർഡ് മെമ്പർ/കൗൺസിലർ അദ്ധ്യക്ഷനായുള്ള വാർഡ്തല സമിതി, മേയർ/ചെയർപേഴ്സൺ/ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ അദ്ധ്യക്ഷനായുള്ള പഞ്ചായത്ത് തല സമിതി, സംസ്ഥാന സന്നദ്ധസേനാ ഡയറക്ടർ അദ്ധ്യക്ഷനായുള്ള സംസ്ഥാന സമിതി എന്നിങ്ങനെ കൃത്യതയോടെയുള്ള സംഘടനാ സംവിധാനത്തിലൂടെയാണ് പ്രവർത്തനം നടപ്പിലാക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ഈ പ്രവർത്തനങ്ങൾ ജനകീയമായി നടപ്പിലാക്കാൻ കഴിയുന്ന ഒരു ഉദ്യോഗസ്ഥനെ കോ-ഓർഡിനേറ്ററായും ഇത്തരം പ്രവർത്തനങ്ങളെ ആർദ്രതയോടെ കാണാൻ കഴിയുന്ന ഒരു സന്നദ്ധ പ്രവർത്തകനെ ജനറൽ കൺവീനറായും അക്ഷയ കേന്ദ്ര പ്രതിനിധിയെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കുന്നു.

സന്നദ്ധ പ്രവർത്തകരിലൂടെ സേവനം വീട്ടുപടിക്കലെത്തിക്കുക എന്ന മഹനീയ ആശയം നടപ്പിലാക്കുക വഴി ജനക്ഷേമ സർക്കാരിന്റെ മുഖം കൂടുതൽ തിളക്കമാർന്നതാക്കി മാറ്റുകയാണ് വാതിൽപ്പടി സേവനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

## നൽകുന്ന സേവനങ്ങൾ

ജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനം ലഭിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നാണ്. അത് കൊണ്ട് തന്നെ സേവനം സമയബന്ധിതമായി ജനസൗഹൃദമായി നൽകുകയെന്ന ചുമതലയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അഞ്ച് സേവനങ്ങൾ ഉൾപ്പെടുത്തിയാണ് ആദ്യഘട്ട ത്തിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1) മസ്റ്ററിംഗ്
2) ലൈഫ് സർട്ടിഫിക്കറ്റ്
3) സാമൂഹിക സുരക്ഷാ പെൻഷൻ അപേക്ഷ
4) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ
5) ജീവൻ രക്ഷാ മരുന്നുകൾ

## ആരെല്ലാമാണ് ഗുണഭോക്താക്കൾ

- പ്രായാധിക്യം ഉള്ളവർ
- ഗുരുതര രോഗം ബാധിച്ചവർ
- അതിദരിദ്രർ
- കിടപ്പിലായവർ
- ചലന പരിമിതി അഭിമുഖീകരിക്കുന്നവർ, തുടങ്ങിയ പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർ
- അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾ
- ബഡ്സ് സ്കൂളിൽ വരുന്ന കുട്ടികളുടെ കുടുംബാംഗങ്ങൾ
- വയോ മിത്രം ഡാറ്റാ ബേസിൽ ഉൾപ്പെട്ടവർ
- അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥകളും കാരണം സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്നവർ
- അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തി കൾ.

## സേവനങ്ങൾ എങ്ങനെ ലഭിക്കും

വാതിൽപ്പടി സേവ നം എന്ന ആശയം യഥാർത്ഥ്യമാക്കുന്നത് ഒരു സേവനം സ്വയം നേടി കൊടുക്കുന്നതിനോ ഓഫീസുകളിൽ നേരിട്ട് പോയി സ്വായത്തമാക്കുവാനോ കഴിയാത്ത ജനവിഭാഗങ്ങൾക്ക് അവരുടെ ജീവിതവുമായി ബന്ധപ്പെട്ട ഏതൊരു സേവനവും അവരുടെ വാതിൽപ്പടിയിൽ എത്തുമ്പോഴാണ്. വാതിൽപ്പടി സേവനം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കോർപ്പറേഷൻ/മുൻസിപ്പാലിറ്റി/പഞ്ചായത്ത് തലത്തിലും, വാർഡുതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനതല കമ്മിറ്റിയുടെ അദ്ധ്യക്ഷൻ കോർപ്പറേഷൻ മേയർ/മുൻസിപ്പൽ ചെയർമാൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, വാർഡുതല കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ഡിവിഷൻ കൗൺസിലർ/വാർഡ് മെമ്പറുമാണ്. വാർഡുതല സമിതിയുടെ കീഴിൽ എല്ലാ ഡിവിഷനിലും/ വാർഡിലും സന്നദ്ധ പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് എല്ലാ സന്നദ്ധ പ്രവർത്തകർക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നു. വാതിൽപ്പടി സേവന പദ്ധതി ഗുണഭോക്താവിന് ഏതെങ്കിലും തരത്തിലുള്ള സേവനം ആവശ്യമുള്ള പക്ഷം സന്നദ്ധ പ്രവർത്തകർ ഗുണഭോക്താവിന്റെ ഗൃഹസന്ദർശനം നടത്തുന്ന വേളയിലോ അല്ലെങ്കിൽ ആശാ പ്രവർത്തകയെയോ, സന്നദ്ധ പ്രവർത്തകനെയോ ഫോൺ മുഖാന്തിരമോ ബന്ധപ്പെട്ട് ആവശ്യം അറിയിക്കാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ മേൽപ്പറഞ്ഞ ആശാ പ്രവർത്തകയെയോ, സന്നദ്ധ പ്രവർത്തകനെയോ ഫോൺ മുഖാന്തിരം ബന്ധപ്പെടാൻ കഴിയാതെ വന്നാൽ വാർഡ് മെമ്പറെയോ, കോ-ഓർഡിനേറ്ററെയോ, തദ്ദേശ സ്ഥാപന സെക്രട്ടറിയെയോ വിളിച്ച് ആവശ്യം അറിയിക്കാവുന്നതാണ്.

## പദ്ധതി നടത്തിപ്പിന്റെ നാൾവഴി

പൈലറ്റടിസ്ഥാനത്തിൽ 50 തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കി. 39 ഗ്രാമ പഞ്ചായത്തുകൾ 10 മുനിസിപ്പാലിറ്റികൾ, 1 കോർപ്പറേഷൻ. 5









സേവനങ്ങളാണ് പൈലറ്റടിസ്ഥാനത്തിൽ ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയത്.പൈലറ്റടിസ്ഥാനത്തിൽ വാതിൽപ്പടി സേവനം നടപ്പിലാക്കിയ 50 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആകെ 23266 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 2512 വോളന്റിയേഴ്സ് ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുകയും പരിശീലനം നേടുകയും ചെയ്തു. തെരഞ്ഞടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള സേവനങ്ങൾ സമർപ്പിക്കുന്നതിനായി ഐഡന്റിന്റി - കം- മോണിറ്ററിംഗ് കാർഡ് വോളന്റീയേഴ്സ് മുഖേന എല്ലാ ഗുണഭോക്തക്കൾക്കും നൽകി. 1321 ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ്, 759 ഗുണഭോക്താക്കൾക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ, 178 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം, 12434 പേർക്ക് ജീവൻ രക്ഷാ മരുന്നുകൾ എന്നിവ ലഭ്യമാക്കി.

സ.ഉ (സാധാ) നം.1066/2021/തസ്വഭവ തീയതി 31.05.2021 നമ്പർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള 5 സേവനങ്ങൾക്ക് പുറമേ കാട്ടാക്കട (തിരുവനന്തപുരം ജില്ല), ക്ലാപ്പന (കൊല്ലം), കരുവാറ്റ (ആലപ്പുഴ), മാടപ്പള്ളി (കോട്ടയം), നാറാത്ത് (കണ്ണൂർ), മാടിക്കൈ (കാസർഗോഡ്) എന്നീ ഗ്രാമപഞ്ചായത്തുകൾ മറ്റ് സേവനങ്ങളും നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കിയ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 47% സ്ഥാപനങ്ങളിലും ഒരു സ്ഥിരം സംവിധാനമായി മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്തു പ്രവർത്തിച്ചു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്കാവശ്യമായ സേവനം അവശ്യഘട്ടങ്ങളിലെല്ലാം അവർക്ക് നൽകുകയും സേവനം ആവശ്യമായി വരുമ്പോൾ ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ഉൾപ്പെടുത്തി ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുകൊണ്ടും ഓരോ വാർഡിലേയ്ക്കും ഒരു സന്നദ്ധ പ്രവർത്തകനെ കണ്ടെത്തി കൃത്യമായ ഇടവേളകളിൽ അവരുടെ ഭവന സന്ദർശനം നടത്തി ലഭ്യമാക്കിയതിനാലും കൗൺസിലർമാർ, അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഇടപെടലിലൂടെയുമാണ് സാധ്യമായത്.

**വാതിൽപ്പടി സേവനം എന്ന ആശയം യഥാർത്ഥ്യമാക്കുന്നത് ഒരു സേവനം സ്വയം നേടി കൊടുക്കുന്നതിനോ ഓഫീസുകളിൽ നേരിട്ട് പോയി സ്വായത്തമാക്കുവാനോ കഴിയാത്ത ജനവിഭാഗങ്ങൾക്ക് അവരുടെ ജീവിതവുമായി ബന്ധപ്പെട്ട ഏതൊരു സേവനവും അവരുടെ വാതിൽപ്പടിയിൽ എത്തുമ്പോഴാണ്. വാതിൽപ്പടി സേവനം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/പഞ്ചായത്ത് തലത്തിലും, വാർഡുതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.**

പൈലറ്റടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളും 6 കോർപ്പറേഷനുകളും, 87 മുൻസിപ്പാലിറ്റികളും വാതിൽപ്പടി സേവനം പ്രായോഗിക തലത്തിൽ വിന്യസിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരികയാണ്. ഗുണഭോക്താക്കളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് ആവശ്യപ്പെടുന്ന ഏതൊരു സേവനവും വീട്ടുപടിക്കൽ എത്തിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി വോളന്റിയർമാരെ ലഭ്യമാകാത്തതും ചില സ്ഥലങ്ങളിൽ നേരിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് ചില തദ്ദേശ സ്ഥാപനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രാദേശികമായി കൂടുതൽ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുകയും പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും പരിശീലനം നൽകി സേവനസജ്ജരാക്കുകയുമാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

പഞ്ചായത്ത്/നഗരസഭകളിൽനിന്നും പൊതുജനങ്ങൾക്ക് സേവനങ്ങൾ നിലവിൽ ഓൺലൈനായി ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾക്ക് ഫീസ് അടയ്ക്കുമ്പോൾ താല്പര്യമുള്ളവർക്ക് വാതിൽപ്പടി പദ്ധതിക്കാവശ്യമായ സംഭാവനകൾ കൂടി നൽകാൻ സാധിക്കുന്നതാണ്.

പ്രായാധിക്യത്താൽ അവശത അനുഭവിക്കുന്നവർ, കിടപ്പ് രോഗികൾ, മറ്റ് പല കാരണങ്ങളാലും വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങേണ്ടി വരുന്ന നിസഹായത്വത്തിന് ജനകീയ സർക്കാറിന്റെ ഈ കരുതൽ ഏറെ പ്രശംസനീയമാണ്. □

*(ലേഖിക പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടറും പഞ്ചായത്ത് ഡയറക്ടേറ്റിലെ ജനന- മരണ വിഭാഗം ചീഫ് രജിസ്ട്രാറുമാണ്.)*



# നഗര തൊഴിൽ മേഖലയിൽ പുതുമയായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

■ സുബോധ് എസ്സ്.

ഒന്നാം യു. പി. എ സർക്കാരിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ സമ്മർദ്ദത്തെ തുടർന്ന് നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതി നിലവിൽ മാതൃകാപരമായി നടപ്പിലാക്കി വരുന്ന സംസ്ഥാനം കേരളമാണ്. കോവിഡ് മഹാമാരി കാലത്ത് തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ ആശ്വാസം പകർന്ന് നല്കാൻ നമുക്ക് സാധിച്ചു എന്നത് സമാനതകളില്ലാത്ത നേട്ടം തന്നെയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്ര മന്ത്രാലയം അംഗീകരിച്ചത് 1000 ലക്ഷം തൊഴിൽ ദിനങ്ങളാണെങ്കിലും കേരളം 1053.13 ലക്ഷം തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി മികവ് പുലർത്തി.

രാജ്യത്ത് നഗര മേഖലയിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ മറ്റ് സംസ്ഥാനങ്ങൾക്കൊന്നും സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കേരളം അവിടെയും വ്യത്യസ്ഥമാവുകയാണ്. നഗര പ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി 2010 മുതലാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ നടപ്പാക്കി വരുന്നത്. നഗരസഭയിലെ താമസക്കാരായ അവിദഗ്ധ കായികാദ്ധ്വാനം ചെയ്യുവാൻ തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസം തൊഴിൽ നൽകുക എന്നുള്ളതാണ് ഉദ്ദേശലക്ഷ്യം. തദ്ദേശസ്വയംഭരണ വകുപ്പ് (നഗരം) മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

സംസ്ഥാനതലത്തിൽ പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ (നഗരം) വകുപ്പ് ഡയറക്ടർക്കാണ്. സംസ്ഥാന നഗര മിഷന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

I. പദ്ധതി നിർവ്വഹണം സംസ്ഥാനതല ഏകോപനം
II. സംസ്ഥാന സർക്കാരിന് നയരൂപീകരണത്തിന് പിന്തുണ നൽകൽ
III. പദ്ധതി നിർവ്വഹണത്തിനാവശ്യമായ സംസ്ഥാന വിഹിതം യഥാസമയം അതതു നഗരസഭകൾക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കൽ
IV. പദ്ധതി നിർവ്വഹണം മേൽനോട്ടവും ദിശാഗതി നിയന്ത്രണവും വിലയിരുത്തലും
V. ഉദ്യോഗസ്ഥ സംവിധാനത്തിനും ജനപ്രതിനിധികൾക്കും സമയബന്ധിതമായി പരിശീലനങ്ങൾ നല്കുന്നതിനുചിതമായ നടപടി സ്വീകരിക്കൽ
VI. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഔദ്യോഗിക സംവിധാനം ഓരോതലത്തിലും ഉറപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കൽ
VII. പദ്ധതി നടത്തിപ്പിന് വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വെബ് ബേയ്സ്ഡ് ആയ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കലും തുടർ നടത്തിപ്പും.







മേൽ പ്രവർത്തനങ്ങൾ നിർവ്വഹിയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പ് ഡയറക്ടറെ സഹായിക്കുന്നതിനു വേണ്ടി മുനിസിപ്പൽ സെക്രട്ടറി കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ പ്രോജക്ട് ഓഫീസറായും വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ള ഒരു വ്യക്തിയെ ഐ.ടി. ഓഫീസറായി കരാർ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം അവലോകനം നടത്തി സംസ്ഥാന സർക്കാരിന് വേണ്ടുന്ന ഉപദേശങ്ങൾ നല്കുക, പദ്ധതിയുടെ ദിശാഗതി നിയന്ത്രണവും വിശകലനവും അവലോകനവും, പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന പുതിയ ഇനം പ്രവൃത്തികൾ നിർണ്ണയിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുക, നഗരസഭകളുടെ വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും അന്തിമമായി അംഗീകരിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന നഗര തൊഴിലുറപ്പ് കൗൺസിലും പ്രവർത്തിയ്ക്കുന്നുണ്ട്.

2021-22 സാമ്പത്തിക വർഷം 100 കോടി രൂപയാണ് അയ്യങ്കാളി പദ്ധതി പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഈ തുകയിൽ 99 ശതമാനം തുകയും സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിച്ചു.

സുഭിക്ഷ കേരളം മാലിന്യ സംസ്കരണം, മഴക്കാലപൂർവ ശുചീകരണം, ആരോഗ്യ ജാഗ്രത, ജലസംരക്ഷണം, വനവത്കരണം, പി.എം.എ.വൈ ഭവന നിർമ്മാണം, മൃഗസംരക്ഷണം എന്നീ മേഖലകളിലെ പദ്ധതികളാണ് പ്രധാനമായും നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

2016-17 സാമ്പത്തിക വർഷം മുതൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധേയമായ പുരോഗതിയാണ് കൈവരിയ്ക്കുവാൻ സാധിച്ചിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 15 കോടി രൂപയാണ് അനുവദിച്ച് നൽകിയത്. എന്നാൽ 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം വർദ്ധിച്ച് 125 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് 2015-16 സാമ്പത്തിക വർഷം 7.48 കോടി ആയിരുന്നത് 2021-

| വർഷം | ബഡ്ജറ്റ് വിഹിതം (തുക കോടിയിൽ) | നഗരസഭകൾക്ക് വിതരണം ചെയ്ത തുക (കോടിയിൽ) | നഗരസഭകൾ ചെലവഴിച്ച തുക (കോടിയിൽ) | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| 2016-17 | 15.00 | 15.00 | 9.1784 | 383325 |
| 2017-18 | 25.10 | 25.10 | 24.8871 | 846432 |
| 2018-19 | 48.92 | 48.92 | 45.9734 | 1668195 |
| 2019-20 | 75.00 | 34.2849 | 64.9553 | 2680660 |
| 2020-21 | 105.21 | 105.21 | 90.52 | 3250000 |
| 2021-22 | 100.00 | 99.00 | 113.34 | 4633552 |
| 2022-23 | 125.00 | 39.20 | 35.00 | 715000 |





22 സാമ്പത്തിക വർഷം (ഫെബ്രുവരി വരെയുള്ള കണക്കുകൾ പ്രകാരം) 100 കോടി രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം നാളിതു വരെ 46.33 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുകയും 113 കോടി രൂപ നഗരസഭ തലത്തിൽ ചെലവഴിച്ചിട്ടുള്ളതുമാണ്. അധികമായി വേണ്ടിവന്ന തുക നഗരസഭകൾ തനതുഫണ്ടിൽ നിന്നാണ് കണ്ടെത്തിയത്. 2015-16 സാമ്പത്തിക വർഷം കേവലം 3 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച സ്ഥാനത്ത് നിന്നാണ് ശ്രദ്ധേയമായ പുരോഗതി കേവലം 5 വർഷങ്ങൾ കൊണ്ട് കൈവരിക്കുവാൻ സാധിച്ചത്. നാളിതുവരെ രണ്ടു ലക്ഷത്തി അറുപതിനായിരം കുടുംബങ്ങളാണ് (2,60,000) കേരളത്തിലെ വിവിധ നഗരങ്ങളിലായി അയ്യങ്കാളി പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ തൊണ്ണൂറ്റി ആറായിരം (96,000) തൊഴിലാളികൾ സ്ഥിരമായി ഈ പദ്ധതിയെ ആശ്രയിക്കുന്നവരാണ്.

2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീര കർഷകരേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടിൽ കൂടുതൽ കന്നുകാലി ഉള്ളവർ പ്രതിദിനം 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ഒരു ദിവസത്തെ വേതനം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു (പരമാവധി 100 ദിവസം). നിലവിൽ വിവിധ നഗരങ്ങളിലായി 6000 ക്ഷീര കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

പി എം എ വൈ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച് വിജയകരമായ രീതിയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു. 2018-19 സാമ്പത്തിക വർഷം 1225 കുടുംബങ്ങൾക്കും 2019-20 സാമ്പത്തിക വർഷം 3299 കുടുംബങ്ങൾക്കും 2020-21 സാമ്പത്തിക വർഷം 4418 കുടുംബങ്ങൾക്കും 2021-22 സാമ്പത്തിക വർഷം 9096 കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. അങ്ങനെ സമസ്ത മേഖലയിലെയും ജനജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിൽ പ്രതിജ്ഞാബദ്ധമായ ഒരു സർക്കാർ നഗര മേഖലയിലെ അശരണർക്കും കൈത്താങ്ങായി മാറുന്ന ചിത്രം അഭിമാനകരം തന്നെയാണ്. □

*(ലേഖകൻ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രോജക്ട് ഓഫീസറും മുൻസിപ്പൽ സെക്രട്ടറി (ഗ്രേഡ് 1) യുമാണ്.*



# ഊർജ്ജസ്വലതയോടെ

## കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ

■ ആശ എസ്. പണിക്കർ

### ഓക്സിലറി ഗ്രൂപ്പുകൾ എന്ന നൂതന ആശയം

രജത ജൂബിലിയിലേക്ക് നടന്നടുക്കുന്ന കുടുംബശ്രീ സമൂഹത്തിന് മുന്നിൽ അണിനിരത്തുന്ന ഊർജ്ജസ്വലമായ പെൺകൂട്ടായ്മയാണ് കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ. കേരളത്തിലെ സ്ത്രീകൾ സാമൂഹ്യവും സാമ്പത്തികവുമായ മുന്നേറ്റം കൈവരിക്കുന്നതിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് ആഗോളതലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്. ശാക്തീകരണ വഴികളിൽ കാൽനൂറ്റാണ്ടിന്റെ ശ്രദ്ധേയ ചരിത്രമെഴുതുന്ന ഈ അവസരത്തിൽ യുവതികൾ ഉൾപ്പെടുന്ന ഓക്സിലറി ഗ്രൂപ്പുകളുടെ രംഗപ്രവേശം ഏറെ അഭിമാനകരമാണെന്നു പറയാനാകും. ഇല്ലായ്മകളിൽ നിന്നും പൊരുതി മുന്നേറുന്നതിനും കരുതലോടെ ജീവിക്കാനും ആയിരക്കണക്കിന് സ്ത്രീകളെ പഠിപ്പിക്കുകയും അതുവഴി കേരളത്തിലെ സാമൂഹ്യരംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാനും സാധിച്ച പ്രസ്ഥാനം മുന്നോട്ടു വയ്ക്കുന്ന പുതിയ ആശയവും സമൂഹം ഏറെ പ്രതീക്ഷകളോടെയാണ് ഉറ്റു നോക്കുന്നത്.

### വികസനത്തിനു വേണ്ടി കാലോചിതമായ നവീകരണം

സമൂഹത്തിന്റെ സർവ്വതലസ്പർശിയായ ഉന്നമനം ലക്ഷ്യമിട്ടു കൊണ്ട് പ്രവർത്തിക്കുന്ന ഏതൊരു പ്രസ്ഥാനവും കാലോചിതമായി സ്വയം നവീകരിക്കേണ്ടത് തികച്ചും അനിവാര്യമാണ്. പ്രത്യേകിച്ച് സ്ത്രീശാക്തീകരണത്തിനായി നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾ. കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിലുള്ള സാമൂഹ്യവികസന സ്ത്രീശാക്തീകരണ പദ്ധതികൾ ആവിഷ്ക്കരിക്കുകയും

അവ പ്രാവർത്തികമാക്കുന്നതിന് വ്യത്യസ്തമായ ലക്ഷ്യങ്ങളും സമീപനങ്ങളും സ്വീകരിക്കുകയും ചെയ്തു കൊണ്ട് മാത്രമേ ഈ നവീകരണം സാധ്യമാകൂ. ഈ വസ്തുതയെ അടിസ്ഥാനമാക്കിയാണ് ഓക്സിലറി ഗ്രൂപ്പുകൾ എന്ന നവീനവും ഉദാത്തവുമായ ആശയം കുടുംബശ്രീ ആവിഷ്കരിച്ചതും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതും. കുടുംബശ്രീക്ക് ശക്തമായ ഒരു യുവനിരയെ വാർത്തെടുക്കുക എന്ന ലക്ഷ്യവുമായി 2021 ഒക്ടോബർ രണ്ടിന് തുടക്കമിട്ട ഓക്സിലറി ഗ്രൂപ്പ് രൂപീകരണം അത്യധികമായ ആവേശത്തോടെയാണ് പ്രാദേശികതലത്തിൽ സ്വീകരിക്കപ്പെട്ടത്. സംസ്ഥാനത്ത് നിലവിൽ 19555 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചു കഴിഞ്ഞു. മൂന്നു ലക്ഷത്തിലേറെ വനിതകളാണ് ഇതിലെ അംഗങ്ങൾ. വിദ്യാസമ്പന്നരായ യുവതികൾ ഉൾപ്പെടുന്ന ഈ ഗ്രൂപ്പുകൾ കുടുംബശ്രീക്ക് യുവത്വത്തിന്റെ ഊർജ്ജവും പ്രസരിപ്പും നൽകുമെന്ന് തീർച്ചയാണ്.



## ഓക്സിലറി ഗ്രൂപ്പുകളുടെ ശാക്തീകരണത്തിന് വിവിധ പരിശീലനങ്ങൾ

ഏറെ പ്രതീക്ഷകളോടെ ഓക്സിലറി ഗ്രൂപ്പിലേക്ക് കടന്നു വരുന്ന അംഗങ്ങളെ ശാക്തീകരിക്കുന്നതിനായി വിവിധ പരിശീലനങ്ങളാണ് കുടുംബശ്രീ നൽകുന്നത്. സമൂഹത്തിൽ സ്ത്രീകൾക്കെതിരേ നടക്കുന്ന വിവിധ അതിക്രമങ്ങൾക്കെതിരെ പ്രതിഷേധിക്കാനും പ്രതിരോധമുയർത്താനും കഴിയുന്ന സംഘടിത ശക്തിയായി ഈ കൂട്ടായ്മയെ പരിവർത്തനം ചെയ്യാനുള്ള പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരുന്നു പരിശീലന പരിപാടികളുടെ ആസൂത്രണം. ആദ്യഘട്ട ജില്ലാതല പരിശീലനത്തിലൂടെ ലക്ഷ്യമിട്ടത് സ്ത്രീധന-ഗാർഹിക പീഡനം, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രതിരോധിക്കുന്ന കരുത്തുറ്റ പ്രാദേശിക സംവിധാനങ്ങളായി ഓക്സിലറി ഗ്രൂപ്പുകളെ മാറ്റുക എന്നതാണ്. ഈ പരിശീലനത്തിൽ മൂന്നു ലക്ഷത്തിലേറെ അംഗങ്ങൾ പങ്കെടുത്തു. സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനും എതിരേ കുടുംബശ്രീ മുഖേന നടത്തുന്ന 'സ്ത്രീപക്ഷ നവകേരളം' ക്യാമ്പയിന്റെ കരുത്തുറ്റ കണ്ണികളായി ഈ ഗ്രൂപ്പുകൾ പ്രവർത്തിക്കും. സമൂഹത്തിൽ നിലനിൽക്കുന്ന അനീതികൾ, അതിക്രമങ്ങൾ, ചൂഷണങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പ്രതികരിക്കുന്നതിനും സ്ത്രീകളെ പ്രാപ്തരാക്കുക, നിലവിലുള്ള നിയമങ്ങൾ, സേവന സംവിധാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, ലിംഗപദവി, ലിംഗസമത്വം, ലിംഗനീതി എന്നിവയെക്കുറിച്ച് അവബോധം നൽകാൻ ഈ പരിശീലന പരിപാടിയിലൂടെ സാധിച്ചു. വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുമായി ചേർന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും കുടുംബശ്രീ രൂപം നൽകുന്നുണ്ട്.

> സമൂഹത്തിന്റെ സർവ്വതലസ്പർശിയായ ഉന്നമനം ലക്ഷ്യമിട്ടു കൊണ്ട് പ്രവർത്തിക്കുന്ന ഏതൊരു പ്രസ്ഥാനവും കാലോചിതമായി സ്വയം നവീകരിക്കേണ്ടത് തികച്ചും അനിവാര്യമാണ്. പ്രത്യേകിച്ച് സ്ത്രീശാക്തീകരണത്തിനായി നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾ

## രണ്ടാംഘട്ട പരിശീലനം

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം, കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ, നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമായ അവബോധം നൽകുന്ന രണ്ടാംഘട്ട പരിശീലനവും വിജയകരമായി സംഘടിപ്പിച്ചു. നിലവിൽ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് നേതൃത്വ പാടവം നൽകുന്നതിനായുള്ള പരിശീലനം ജില്ലാ-ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി(എ.ഡി.എസ്) -ഓക്സിലറിതലത്തിലും നടന്നു വരികയാണ്. കൂടാതെ വരും മാസങ്ങളിൽ പ്രൊഫൈലിങ്ങ്, കാർഷിക-കാർഷികേതര ഉപജീവന സംരംഭങ്ങൾ, തൊഴിൽ നൈപുണ്യ പരിശീലനം, സാമൂഹിക വികസനം, ജെൻഡർ എന്നിങ്ങനെ ഓരോ വിഷയങ്ങൾ അടിസ്ഥാനമാക്കി തുടർപരിശീലനം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷനുകളിലെ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ, ട്രെയിനിങ്ങ് ടീം അംഗങ്ങൾ, തദ്ദേശ സ്ഥാപന പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന വലിയൊരു വിഭാഗമാണ് പരിശീലന പരിപാടികൾ വിജയിപ്പിക്കുന്ന





തിനു പിന്നിൽ പ്രവർത്തിക്കുന്നത്. കൂടാതെ കൃത്യമായ ഇടവേളകളിൽ ഇതുമായി ബന്ധപ്പെട്ട പുരോഗതിയും വിലയിരുത്തലും നടത്തുന്നു.

### സർക്കാരിന്റെ പിന്തുണ ബജറ്റ് പ്രഖ്യാപനത്തിലൂടെ

ഓക്സിലറി ഗ്രൂപ്പുകളുടെ സജീവമായ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പൂർണ പിന്തുണയുമുണ്ട്. ഇതിലെ അംഗങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കായി 500 കോടി രൂപയുടെ ലിങ്കേജ് വായ്പ നൽകുമെന്നും ഇതിന്റെ പലിശ സബ്സിഡി ഇനത്തിൽ 18 കോടി രൂപ നീക്കി വയ്ക്കുമെന്ന ഇക്കഴിഞ്ഞ ബജറ്റ് പ്രഖ്യാപനം അതിന്റെ തെളിവാണ്. സർക്കാരിന്റെ പിന്തുണയോടൊപ്പം കുടുംബശ്രീയുടെ നേതൃത്വത്തിൽ മികച്ച തൊഴിൽ നൈപുണ്യ പരിശീലനവും ആത്മവിശ്വാസവും പ്രചോദനവും നൽകി അവരെ സ്വയംതൊഴിൽ മേഖലകളിലേക്ക് കൈപിടിച്ചുയർത്താൻ കഴിയും. പ്രാദേശികതലത്തിൽ കാർഷിക വ്യാവസായിക സേവന മേഖലകളിലെ വിഭവ സാധ്യതകൾ മനസ്സിലാക്കി അതിനനുസൃതമായ തൊഴിൽ രംഗങ്ങളിലേക്ക് കടന്നു ചെല്ലാൻ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ സഹായിക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഓക്സിലറി ഗ്രൂപ്പുകൾ എന്ന സംവിധാനത്തെ ശക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ വിഭാവനം ചെയ്തു വരികയാണ്. വിവിധ വകുപ്പുകളുടെയും നൈപുണ്യപരിശീലന കേന്ദ്രങ്ങളുടെയും സഹകരണവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തും.

### തൊഴിലില്ലായ്മ പരിഹരിക്കാൻ സർക്കാർ പദ്ധതിയും പിന്തുണയും

അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സർക്കാർ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരികയാണ്. മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ ആരംഭിച്ച നോളജ് എക്കണോമി മിഷന്റെ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചു കഴിഞ്ഞു. അഭ്യസ്തവിദ്യർക്ക് തൊഴിലൊരുക്കുന്നതിൽ സർക്കാരിന്റെ ഇച്ഛാശക്തി പ്രകടമാക്കുന്നതാണ് ഈ പദ്ധതി. പ്രാദേശികതലത്തിൽ ഇതിന് സഹായം നൽകുന്നത് കുടുംബശ്രീയാണ്. 18നും 40നും ഇടയിൽ പ്രായമുള്ള ബിരുദ, ബിരുദാനന്തര, ഡിപ്ലോമ, ഐ.ടി.ഐ യോഗ്യതയുള്ളവരുടെ പ്രൊഫൈലിങ്ങ് ആണ് രണ്ടാം ഘട്ടത്തിലെ പ്രധാന പ്രവർത്തനമായ പ്രൊഫൈലിങ്ങിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓക്സിലറി ഗ്രൂപ്പുകളിലെ നല്ലൊരു വിഭാഗവും ഉന്നത വിദ്യാഭ്യാസം നേടിയ വനിതകളാണെന്നിരിക്കേ, വലിയ രീതിയിലുള്ള തൊഴിലവസരമായിരിക്കും ഇവർക്കു ലഭ്യമാകുക.

ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തമാകുന്നതോടെ സ്ത്രീകൾക്ക് പ്രാദേശികതലത്തിൽ കൂടുതൽ ക്രിയാത്മകവും വൈവിധ്യവുമായ ഇടപെടലുകൾക്ക് അവസരം ലഭ്യമാകും. കൂട്ടായ്മയുടെ പിൻബലം കൈവരിക്കുന്നതു വഴി ഈ ആശയം വലിയൊരു ഭൗതിക ശക്തിയായി മാറുമെന്നത് തീർച്ചയാണ്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമായി മാറാൻ ഈ ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ സമീപനമാണ് കുടുംബശ്രീ സ്വീകരിച്ചു വരുന്നത്.

## ഓക്സിലറി ഗ്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികളും അവയുടെ ചുമതലകളും

### ജില്ലാതല കോർ കമ്മിറ്റി- ചുമതലകൾ

1. വിവിധ വകുപ്പുകൾ, ഏജൻസികൾ, സംഘടനകൾ എന്നിവയുമായുള്ള സംയോജന സാധ്യതകൾ കണ്ടെത്തൽ
2. കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികൾക്കും ബ്ലോക്ക് റിസോഴ്സ് പേഴ്സ





ൺമാർക്കും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകൽ

3. ഓക്സിലറി ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജില്ലാതല പ്രോഗ്രാമുകളുടെ ആസൂത്രണവും നടപ്പാക്കലും
4. മുഴുവൻ മിഷൻ സ്റ്റാഫുകളെയും കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെയും ത്രിതല സംഘടനാ ഭാരവാഹികളെയും ഓക്സിലറി ഗ്രൂപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുക
5. ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ പിന്നാക്കം നിൽക്കുന്ന സി.ഡി.എസുകളിൽ പ്രത്യേക ഇടപെടൽ നടത്തുക
6. സി.ഡി.എസ് തലത്തിൽ വിലയിരുത്തൽ സമിതിയിൽ ഓക്സിലറി ഗ്രൂപ്പിന്റെ പ്രാതിനിത്യം ഉറപ്പാക്കുക, വിലയിരുത്തൽ സമിതി സമയബന്ധിതമായി ചേരുന്നുണ്ടെന്ന് ഉറപ്പാക്കുക
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഓക്സിലറി ഗ്രൂപ്പിന്റെ രൂപീകരണത്തെക്കുറിച്ചും തുടർപ്രവർത്തനങ്ങളെക്കുറിച്ചും സംയോജന പ്രവർത്തനങ്ങളെക്കുറിച്ചും കൃത്യമായ ധാരണ സൃഷ്ടിക്കുക

## ബ്ലോക്ക്തല റിസോഴ്സ് ടീം

1. ത്രിതല സംഘടനാ ഭാരവാഹികൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കുള്ള പരിശീലനങ്ങൾ നൽകൽ
2. ചുമതലയുള്ള സി.ഡി.എസുകളിലും എ.ഡി.എസുകളിലും ഓക്സിലറി ഗ്രൂപ്പ് രൂപീകരണം, കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
3. ഓക്സിലറി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉൾക്കാഴ്ച നൽകൽ
4. ഓക്സിലറി ഗ്രൂപ്പുകളെ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാവുമായി ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക
5. ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അവർക്ക വേണ്ട സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തുക

## സംസ്ഥാനതല കോർ കമ്മിറ്റി-ചുമതലകൾ

1. വിവിധ വകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ കണ്ടെത്തൽ
2. ജില്ലാ മിഷനുകൾക്കും സംസ്ഥാന റിസോഴ്സ് പേഴ്സൺമാർക്കും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകൽ
3. ഓക്സിലറി ഗ്രൂപ്പുകളുടെ തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ സംസ്ഥാനതല പ്രോഗ്രാമുകളുടെ ആസൂത്രണവും നടപ്പാക്കലും
4. ലേണിങ്ങ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കലും അതിന്റെ പരിശീലനവും
5. ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ നയരൂപീകരണം നടത്തുക

## സ്റ്റേറ്റ് റിസോഴ്സ് ടീം

1. ഓക്സിലറി ഗ്രൂപ്പുകളുടെ പരിശീലനത്തിന് ആവശ്യമായ മൊഡ്യൂളുകൾ വികസിപ്പിക്കൽ
2. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനങ്ങൾ നൽകൽ.
3. ചുമതലയുള്ള ജില്ലകളിലെ ഓക്സിലറി ഗ്രൂപ്പ് രൂപീകരണം കാര്യശേഷി വികസനം എന്നിവയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാങ്കേതിക സഹായം ജില്ലാ മിഷനുമായി കൂടിയാലോചിച്ച് നടപ്പാക്കൽ. □

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗം എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*



# തദ്ദേശകങ്ങളിൽ നിന്നും തൊഴിൽ

■ കെ. ആർ. രാജൻ

ജനസംഖ്യയുടെ ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്നു. ഒരു പ്രസ്താവനയ്ക്ക് മാത്രമല്ല, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ചിന്ത തന്നെയാണ് ഇതിന്റെ ഉള്ളടക്കം. നൂതന തൊഴിൽ സംരംഭങ്ങളെ ആധാരമാക്കി സമ്പദ് ഉല്പാദന രംഗത്ത് കാലാനുസൃതമായ മാറ്റം അനിവാര്യമാക്കുന്ന പ്രക്രിയയാണത്. പരമ്പരാഗത പ്രാദേശിക വികസന ചിന്തകളിൽ നിന്നുള്ള മാറ്റത്തിനാണ് ഊന്നൽ. പ്രാദേശിക മാനവവിഭവശേഷിയെ ഉല്പാദന മേഖലയുടെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുകയെന്നതാണ് മുഖ്യം.

കാൽനൂറ്റാണ്ട് പിന്നിടുന്ന ജനകീയാസൂത്രണത്തിന്റെ വികസന നേട്ടങ്ങൾ കേരളത്തെ സുസ്ഥിര വികസന സൂചികകളിൽ ഒന്നാം സ്ഥാനത്ത് നാലാം തവണയും നീതി ആയോഗിന്റെ വിലയിരുത്തലിൽ എത്തിച്ചിട്ടുണ്ട്. അതിന്റെ മുഖ്യ പങ്കും തദ്ദേശ സ്ഥാപനങ്ങൾക്ക് അവകാശപ്പെട്ടതാണ്. പ്രാദേശിക ആസ്തികൾ അത്ഭുതകരമായ വേഗതയിൽ വളർന്നു. ക്ഷേമ-സാമൂഹിക സുരക്ഷാമേഖലകൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു. പ്രാദേശിക സേവനമേഖല വിപുലമായി. വനിതാ ശാക്തീകരണവും, ദളിത് – പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക ഉയർച്ചയും പ്രാദേശിക വികസനാസൂത്രണത്തിന്റെ നേട്ടങ്ങളാണ്.

സുസ്ഥിര വികസന സൂചികയിൽ (2021 വരെയുള്ള) നീതി ആയോഗ് പ്രസിദ്ധീകരിച്ച രേഖകൾ പ്രകാരം കേരളം ഒന്നാം സ്ഥാനത്താണ് (82 .2) തമിഴ് നാട് രണ്ടാം സ്ഥാനത്താണ്. (72.4) . മുന്നേറ്റമുണ്ടാക്കിയ കേരളം, തമിഴ് നാട്, തെലുങ്കാന, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ദക്ഷിണേന്ത്യയിലാണ്. ഉത്തരേന്ത്യയിൽ നിന്നും വ്യത്യസ്ഥമായി സാമൂഹ്യ സുരക്ഷാരീതിയിലും ജീവിതരീതിയിലും തികച്ചും മികച്ചതാണ് ദക്ഷിണേന്ത്യ എന്നതു ശരിയാണ്. നിലവിലുള്ള മികച്ച സൂചകങ്ങൾ നിലനിർത്താനും, അവയെ സുസ്ഥിരമാക്കാനും, പുതിയ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാനും നിതാന്ത ജാഗ്രത വേണം. ദോഷൈകദൃക്കുകൾ നേട്ടങ്ങളെയല്ല കോട്ടങ്ങളെയാണ് പർവ്വതീകരിച്ച് വിമർശിക്കുന്നത്. പ്രാദേശിക വികസന സൂചികയിൽ നേട്ടങ്ങൾ ഉയർത്താനുള്ള കർമ്മ പരിപാടികളിൽ ഏറ്റവും പ്രധാനം പുതിയ തൊഴിൽ സാധ്യതകളെ കണ്ടെത്തി ആളോഹരി വരുമാനത്തിൽ ഉയർച്ച രൂപപ്പെടുത്തുകയാണ്.

നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി വൈജ്ഞാനിക സമ്പദ് ഘടന സൃഷ്ടിക്കുന്നതിന് പ്രത്യേക കർമ്മ പരിപാടി സംസ്ഥാന സർക്കാർ ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ രണ്ടു വർഷമായുള്ള പരിശ്രമങ്ങൾ ഏറ്റവും ദൃശ്യമായ അവസ്ഥയിലാണ്. വിവരസാങ്കേതിക വിദ്യ സൃഷ്ടിക്കുന്ന പുതിയ തൊഴിലുകളെ സ്വായത്തമാക്കാൻ അഭ്യസ്ഥവിദ്യരെ പ്രാപ്തമാക്കണം. പുറത്തെ തൊഴിലിലേക്കു മാത്രമല്ല, സംസ്ഥാനത്തിനകത്തും പൊതു-സ്വാകാര്യ പങ്കാളിത്തത്തോടെ തൊഴിൽ സ്ഥാപിക്കാൻ മികച്ച തയ്യാറെടുപ്പ് നടക്കുന്നു. അനുബന്ധ തൊഴിൽ മേഖല രൂപപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പിന്തുണയും




ലഭ്യമാക്കുന്നു.

കേരള ഡവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജി കൗൺസിൽ (K-DISC) നേതൃത്വത്തിൽ ആരംഭിച്ചതാണ് കേരള നോളജ് ഇക്കോണമി മിഷൻ (KKEM). കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിൽ സാധ്യത വിപുലപ്പെടുത്താനും, നവതൊഴിലുകളിൽ സജ്ജരാക്കുന്നതിനും നേതൃത്വം നൽകും. ഇതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK) തയ്യാറാക്കിയ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (BWMS) പ്രയോജനപ്പെടും. പരിശീലന സ്ഥാപനങ്ങൾ, തൊഴിൽ അന്വേഷകർ, തൊഴിൽദാതാക്കൾ, സ്ഥാപനങ്ങൾ എന്നിവയുടെ പൊതു ഇടമാണ്. ഭാവിയിൽ ഉണ്ടാകാനുള്ള തൊഴിൽ സാധ്യത മുൻകൂട്ടി അറിയാനും തയ്യാറെടുക്കാനും കഴിയുന്നതാണിത്. സർക്കാർ-സ്വകാര്യ തൊഴിൽ സാധ്യതയും, വിദഗ്ധ തൊഴിലുകൾ ലഭ്യമാക്കുന്നതിനുള്ള വേഗത വർദ്ധിപ്പിക്കാനും കഴിയും. മെച്ചപ്പെട്ട ആനുകൂല്യങ്ങളും, സുരക്ഷിതത്വവും ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കും. ഇതിലൂടെ മികച്ച തൊഴിൽ സാഹചര്യവും സൃഷ്ടിക്കുന്നുണ്ട്.

ഇക്കഴിഞ്ഞ മേയ് മാസത്തിൽ നടന്ന ഗൃഹസന്ദർശന പരിപാടിയും, പ്രചരണവും കുടുംബശ്രീയുടെ നേതൃത്വത്തിലായിരുന്നു. 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന ബോധവത്കരണവും 18 വയസ്സ് മുതൽ 59 വയസ്സുവരെയുള്ള തൊഴിലന്വേഷകരുടെ പ്രാഥമിക വിവരശേഖരണവും പുതിയ വൈജ്ഞാനിക സമ്പദ്ഘടനയുടെ ഭാഗമാണ്. ജാലകം എന്ന മൊബൈൽ ആപ്പിലൂടെ ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ രജിസ്ട്രേഷൻ നടത്താം. ഇതിലൂടെ ലഭിക്കുന്ന പ്രാദേശിക വിഭവകണക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അവസ്ഥാ വിശകലനത്തിനും തൊഴിലവസരങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായകരമാകും.

നവകേരളം എന്നത് ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തന പഥമാണ്. സ്റ്റാർട്ട് അപ്പുകൾ രൂപപ്പെടുത്തുന്നതിൽ ഏറ്റവും മികച്ച സ്ഥാനം കേരളത്തിനാണ്. ഇങ്ങനെ അനുകൂലമായ പശ്ചാത്തലത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ വിജ്ഞാന സമ്പദ്ഘടനയ്ക്കായി ചെറുപദ്ധതികൾ ആസൂത്രണം ചെയ്യണം. ഇത് പൊതുവായി നൂതന തൊഴിൽ സാധ്യ തയെ വർദ്ധിപ്പിക്കും.

അവസ്ഥ രേഖയിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ സംരംഭ സാദ്ധ്യതകൾ നിർണ്ണയിക്കാനാകും. അവസ്ഥാ രേഖയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ സംരംഭങ്ങൾ നിശ്ചയിക്കാം. വൈജ്ഞാനിക മേഖലയുടെ സാദ്ധ്യതകൾ പോലെ തന്നെ പ്രാദേശിക ഇതര സംരംഭവും ആകാം. ഗതാഗതം, സാങ്കേതിക സൗകര്യങ്ങൾ, ഭൂമിയുടെ ലഭ്യത എന്നിവയെ ആധാരമാക്കി മാനവവിഭവ ശേഷിയെ വിനിയോഗിക്കണം. പ്രാദേശിക ടൂറിസം സാധ്യമാകും. ഉൾനാടൻ ഗ്രാമങ്ങളിലെ ഹരിതാഭമായ പ്രദേശങ്ങൾ, ജലാശയങ്ങൾ, കേന്ദ്രീകരിച്ചും തൊഴിൽസാധ്യത ലഭ്യമാക്കുന്ന ചെറുപദ്ധതികൾ ആകാം. വിനോദ സഞ്ചാര കേന്ദ്രത്തിലേക്ക് വരുന്നവർക്കുള്ള വിശ്രമകേന്ദ്രങ്ങൾ ഇതെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.

വ്യത്യസ്തവും, അതേസമയം സുസ്ഥിരവുമായ തൊഴിൽ ലഭ്യമാക്കുന്ന പ്രോജക്ടുകൾ കണ്ടെത്തുകയാണ് മുഖ്യം. അത് ഉത്തരവാദിത്വമാകണം. വൈദഗ്ദ്ധ്യം ഉള്ളവരെ കണ്ടെത്തി അവരെ അനുയോജ്യമായ തൊഴിലുകൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കണം. മുന്നോട്ടു വരുന്ന സന്നദ്ധതയുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, പിന്തുണ നൽകുകയും, പരിശീലനം നൽകുകയും വേണം. ഇതിനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദഗ്ധരടങ്ങിയ ഉപസമിതികൾ രൂപീകരിക്കാം. സാധ്യതകൾ പരിശോധിച്ച്, വിലയിരുത്തൽ നടത്തി സംരംഭങ്ങൾ ആരംഭിക്കാം. കേന്ദ്ര-സംസ്ഥാന പദ്ധതികൾ, ബാങ്ക് സഹായ പദ്ധതികൾ എന്നിവയിലൂന്നി മികച്ച സംരംഭങ്ങൾ ഏറ്റെടുക്കാം.

ഭരണസമിതികളുടെ മനോഭാവമാറ്റം പ്രധാനമാണ്. ജനകീയാസൂത്രണം തുടങ്ങിയ കാലത്തെ അവസ്ഥ ഇന്നില്ല. പരമ്പരാഗത ശൈലിയിലുള്ള പദ്ധതി ആസൂത്രണ പ്രോജക്ട് ഇനി വേണ്ടതില്ല. പ്രാദേശിക വികസനത്തിന്റെ പുതിയ ലക്ഷ്യങ്ങൾ കൈവരിക്കാനും, സദ്ഭരണത്തിനായുള്ള ഇടപെടലും മുഖ്യപരിഗണനയിൽ ഉണ്ടാകണം. അതിന്റെ ഭാഗമാണ് തൊഴിൽ പദ്ധതികൾ. അതിദാരിദ്ര്യം ഒഴിവാക്കൽ, വാതിൽപ്പടി സേവനം എന്നിവയിലൂടെ ഒരു ചുവട് മുന്നേറ്റമുണ്ടാകുമ്പോൾ സുസ്ഥിര തൊഴിൽ-വരുമാന സാധ്യകളിലൂടെ മികച്ച നേട്ടമാണ് ലക്ഷ്യം. പ്രാദേശിക ജനസംഖ്യയുടെ ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് അനുയോജ്യമായ ആലോചനകളും വിഭവസമാഹരണവും നിർബാധം തുടരേണ്ടതുണ്ട്. □

*(ലേഖകൻ മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്)*

**കാൽനൂറ്റാണ്ട് പിന്നിടുന്ന ജനകീയാസൂത്രണത്തിന്റെ വികസന നേട്ടങ്ങൾ കേരളത്തെ സുസ്ഥിര വികസന സൂചികകളിൽ ഒന്നാം സ്ഥാനത്ത് നാലാം തവണയും നീതി ആയോഗിന്റെ വിലയിരുത്തലിൽ എത്തിച്ചിട്ടുണ്ട്. അതിന്റെ മുഖ്യ പങ്കും തദ്ദേശ സ്ഥാപനങ്ങൾക്ക് അവകാശപ്പെട്ടതാണ്.**



# ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷം: അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തും

■ ഹുസൈൻ. എം. മിന്നത്ത്

## വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാൽ നൂറ്റാണ്ട്

1996 ആഗസ്റ്റ്-17 ന് തുടക്കം കുറിച്ച ജനകീയാസൂത്രണം ഇന്ന് രജതജൂബിലിയുടെ നിറവിലാണ്. ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ ജനകീയാസൂത്രണ പ്രക്രിയ ആരംഭിച്ചപ്പോൾ ഏറെ പ്രാധാന്യം പ്രാദേശിക വികസനം, അടിസ്ഥാന സൗകര്യം, സാമൂഹിക വികസനം, ആരോഗ്യ വിദ്യാഭ്യാസ മേഖല ഉൾപ്പെടെ പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായിരുന്നു. എന്നാൽ തുടർന്ന് ഓരോ പഞ്ചവത്സര പദ്ധതികൾ പിന്നിട്ടപ്പോഴും പ്രാദേശിക പദ്ധതിയിലെ വികസന സമീപനങ്ങൾക്കും, കാഴ്ചപ്പാടുകൾക്കും വന്ന മാറ്റം വളരെ വലുതായിരിക്കുന്നു.

ഇന്ന് നാം പതിനാലാം പദ്ധതിയിലേക്ക് കാലെടുത്ത് വെക്കുമ്പോൾ കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലയളവിൽ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ ജനകീയാസൂത്രണവും പ്രാദേശിക സർക്കാറുകളും വഹിച്ച പങ്ക് വളരെ വലുത് തന്നെയാണെന്നാണ് സാമൂഹിക, സാമ്പത്തിക, മാനവ മേഖലകളിൽ സംസ്ഥാനം നേടിയ മുന്നേറ്റങ്ങൾ തുറന്ന് കാണിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, വനിതാ ശാക്തീകരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, വയോജന, യുവജന, ശിശുക്ഷേമം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം, ഉത്പാദന, വ്യവസായ, സേവനം തുടങ്ങി ഒട്ടേറെ മേഖലകളിൽ സംസ്ഥാനം നടത്തിയ മുന്നേറ്റങ്ങളുടെ പിന്നിലെ ചാലകശക്തി വികേന്ദ്രീകൃതാസൂത്രണവുമാണ്. അതിനും അപ്പുറം സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി അടക്കമുള്ള ദുരന്തങ്ങളെ നേരിടുന്നതിലും പ്രാദേശിക സർക്കാറുകൾ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുത് തന്നെയാണ്. 1200 ഓളം വരുന്ന പ്രദേശിക സർക്കാരുകൾക്ക് നേതൃത്വം നൽകുക എന്നത് വികസനത്തിൽ സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള ചുമതല കൂടിയായിരിക്കുന്നു.

## പ്രാദേശിക വികസനത്തിൽ നിന്നും സുസ്ഥിര വികസനത്തിലേക്ക്:

ആഗോള തലത്തിൽ സാമ്പത്തിക വളർച്ചക്കപ്പുറം രാഷ്ട്രീയ, സാമൂഹിക പാരിസ്ഥിതി വികസനം എന്നിവയെല്ലാം വളർച്ചയുടെയും വികസനത്തിന്റെയും അളവുകോലായി മാറിയിരിക്കുന്നു. 2015 ൽ ന്യൂയോർക്കിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ഉച്ചകോടി 17 സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് (SDG) രൂപം നൽകുകയുണ്ടായി. ഈ ലക്ഷ്യ

ങ്ങൾ അജണ്ട 2030 ആയി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിക്കുകയുമുണ്ടായി. വികസന പ്രക്രിയയിൽ ഭാവി തലമുറയെ പരിഗണിക്കുന്നതോടൊപ്പം മാനവപ്രകൃതി വിഭവങ്ങളുടെ സമന്വയം ഉറപ്പാക്കികൊണ്ടുള്ള സാമ്പത്തിക -സാമൂഹിക പാരിസ്ഥിക വളർച്ച സാധ്യമാക്കുന്നതിനുള്ള ഒരു വികസന മുന്നേറ്റമാണ് ഐക്യരാഷ്ട്രസഭ സുസ്ഥിര വികസനം വഴി ലക്ഷ്യംവെക്കുന്നത്. ലോകരാജ്യങ്ങൾ പലരും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടി എടുക്കുന്നതിനായി കേന്ദ്രീകൃതമായ രീതിയിൽ ചില ഇടപെടലുകൾ നടത്തുമ്പോൾ കേരളമാകട്ടെ പ്രാദേശിക സർക്കാറുകളെ മുൻനിർത്തി വികേന്ദ്രീകൃത സാധ്യതകൾ ഉപയോഗിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ബോധപൂർവ്വമായ ചില ഇടപെടലുകൾ നടത്തുകയാണ് ചെയ്യുന്നത്. കാലാകാലങ്ങളായി പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവരുടെ വാർഷിക പദ്ധതികളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൃത്യമായി വിന്യസിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് നാം സ്വീകരിച്ചുവരുന്നത്. പ്രാദേശിക സർക്കാറുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഒട്ടു മിക്ക പദ്ധതികളുടെയും ആത്യന്തിക ലക്ഷ്യം സുസ്ഥിര വികസനം നേടി എടുക്കുക എന്ന തലത്തിലേക്ക് മാറിയിരിക്കുന്നതായി കാണാവുന്നതാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ 2018-ലെ SDG India Index പ്രകാരം കേരളം രാജ്യത്തെ പ്രഥമ റാങ്കിൽ നിൽക്കുന്ന സംസ്ഥാനമാണ്. ഐക്യരാഷ്ട്രസഭ 2030-ഓട് കൂടി സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടി എടുക്കാൻ ലക്ഷ്യം വെക്കുമ്പോൾ സംസ്ഥാനം പതിനാലാം പദ്ധതിയുടെ അവസാനത്തോടെ ഈ ലക്ഷ്യം നേടി എടുക്കാനുള്ള തയ്യാറെടുപ്പിലാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്ക്കരണം ഒരു പക്ഷേ ആഗോളതലത്തിൽതന്നെ നോക്കിയാൽ സംസ്ഥാനം നടത്തിയ ഏറ്റവും വലിയ ഇടപെടൽ തന്നെയായിരിക്കും.

### തദ്ദേശ സ്ഥാപനങ്ങളിൽനിന്നും പ്രാദേശിക സർക്കാറുകളിലേക്ക്

കഴിഞ്ഞ കാൽ നൂറ്റാണ്ടുകാല പ്രാദേശിക സർക്കാറുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ കേവലം തദ്ദേശ സ്ഥാപനങ്ങൾ എന്ന നിലയിൽ നിന്നും പ്രാദേശിക സർക്കാർ എന്ന തലത്തിലേക്ക് അവ മാറിയതായി കാണാവുന്നതാണ്. മാറിമാറി വരുന്ന സാഹചര്യത്തിനും കാലഘട്ടത്തിനും അനുസരിച്ച് പ്രാദേശിക സർക്കാറുകളുടെ ഇടപെടലുകളും മറ്റ് ഉത്തരവാദിത്വങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആകുന്നതായും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പ്രാദേശിക വികസനം എന്ന തലത്തിൽ നിന്നും സുസ്ഥിര വികസനം എന്ന തലത്തിലേക്ക് ഓരോ പ്രാദേശിക സർക്കാറുകളും തങ്ങളുടെ വികസന പദ്ധതികൾ രൂപകല്പന ചെയ്തു തുടങ്ങിയിരിക്കുന്നു. സംസ്ഥാനം അഭിമുഖീകരിക്കുന്ന കുടിവെള്ളം, ദുരന്തനിവാരണം, മാലിന്യ സംസ്കരണം, നഗരവൽക്കരണം, വയോജന സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങി ഒട്ടനവധി മേഖലകളുമായി ബന്ധപ്പെട്ട രണ്ടാം തലമുറ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിക്കാൻ മാത്രം അവർ ശാക്തീകരിക്കപ്പെട്ടിരിക്കുന്നു.

13-ാം പദ്ധതി ആസൂത്രണ പ്രക്രിയ മുതൽ സർക്കാർ നടത്തിയ നയപരമായ മാറ്റങ്ങളും ഉദ്യമങ്ങളും വികേന്ദ്രീകൃത വ്യവസ്ഥയെ പുനരുജ്ജീവിക്കുന്നതിനും വികസനത്തിന് പുതിയ ഒരു തലം നൽകുവാനും കാരണമായിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും കാലതാമസം ഒഴിവാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ വരുത്തിയ പരിഷ്കരണങ്ങളും, കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും പരിശോധനാ ഉദ്യോഗസ്ഥരെയും നൽകിക്കൊണ്ട് പ്രാദേശിക സർക്കാറുകളുടെ പദ്ധതി അംഗീകാര നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും വേഗത്തിലാക്കുകയും ചെയ്യുകയുണ്ടായി. ഈ മാറ്റങ്ങൾ ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാനും പദ്ധതികളുടെ ഗുണവും സാങ്കേതിക മേന്മയും വർദ്ധിപ്പിക്കുവാനും സഹായിച്ചിട്ടുണ്ട്. പദ്ധതി വിഹിത അടങ്കലിലെ വർദ്ധനവും, ഉൽപാദന മേഖലയിൽ പ്രാദേശിക സർക്കാറുകൾ വകയിരുത്തേണ്ട വിഹിതത്തിൽ വരുത്തിയ നിർബന്ധിത വർദ്ധനവും, സബ്സിഡിയുടെ വ്യാപ്തി വിശാലമാക്കിയതും, പരിശോധന ഉദ്യോഗസ്ഥർ നിരസിക്കുന്ന പദ്ധതികൾ പരിഗണിക്കുന്നതിനുള്ള അപ്പീൽ കമ്മറ്റിക്ക് ജനകീയ മുഖം നൽകിയതും, പാർശ്വവൽകൃതർ, വനിതകൾ, കുട്ടികൾ, വൃദ്ധർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് പ്രാദേശിക പദ്ധതികളിൽ കൂടുതൽ ശ്രദ്ധയും വിഹിതവും വകയിരുത്തിയതും, നാഗരിക പ്രശ്നങ്ങൾ പരിഹരിക്കാനായി മുന്നോട്ട് വെച്ച ഉറച്ച കാൽവെയ്പ്പുകളും, ജില്ലകളുടെ വികസനത്തിന് ജില്ലാ പദ്ധതികളിൽ (District Plan) സ്വീകരിച്ച സമഗ്ര സംയോജിത സമീപനവും, നൂതന പദ്ധതികൾക്കായി നൽകിയ പ്രത്യേക പരിഗണനയും, ടെണ്ടർ സേവിംഗുകൾ കണ്ടെത്തി ആ തുക കൂടി വികസന പദ്ധതികൾക്കായി ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചതും എല്ലാംതന്നെനമ്മുടെ ജനകീയാസൂത്രണത്തിനും പ്രാദേശിക ആസൂത്രണ പ്രക്രിയക്കും പുതിയ ദിശാബോധം നൽകുന്നതിനും പ്രാദേശിക സർക്കാർ എന്ന തലത്തിലേക്കുള്ള തദ്ദേശസ്ഥാപനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

**കഴിഞ്ഞ കാൽ നൂറ്റാണ്ടുകാല പ്രാദേശിക സർക്കാറുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ കേവലം തദ്ദേശ സ്ഥാപനങ്ങൾ എന്ന നിലയിൽ നിന്നും പ്രാദേശിക സർക്കാർ എന്ന തലത്തിലേക്ക് അവ മാറിയതായി കാണാവുന്നതാണ്.**

### വികേന്ദ്രീകൃതാസൂത്രണത്തിലെ ശാക്തീകരണത്തിന്റെ വഴികൾ:

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ അഞ്ച് പഞ്ചവത്സര പദ്ധതിക്കാലയളവ് പിന്നിടുമ്പോൾ പുതിയ കാലത്തിലെ വെല്ലുവിളികളെ നേരിടാൻ പ്രാദേശിക സർക്കാറുകളെ സുസജ്ജവും പര്യാപ്തമാക്കുന്നതോടൊപ്പം കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായും പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാ




ക്കുന്ന തരത്തിലുള്ള ചില ചുവടുവെയ്പുകൾ പ്രാദേശിക സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒപ്പം കഴിഞ്ഞ കാല ന്യൂനതകൾ പരിഹരിച്ച് കൊണ്ടുള്ള ഒരു മുന്നേറ്റമാണ് വരും നാളുകളിൽ നാം ലക്ഷ്യം വെക്കുന്നത്. സർക്കാർ നവകേരളത്തിന് ജനകീയാസൂത്രണം എന്ന പേരിൽ ഇതിനാവശ്യമായ ഇടപെടലുകൾക്ക് തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു. ഒട്ടനവധി വികസന പ്രവർത്തനങ്ങളും സേവനങ്ങളും പക്ഷപാതരഹിതമായി പൊതുജനങ്ങൾക്ക് നൽകുക വഴി അവരുടെ ജീവിതത്തിൽ നിർണ്ണായക ഇടപെടലുകൾ നടത്തുകയും വിഭിന്ന തലത്തിലുള്ള ദാരിദ്ര്യവും, ഇല്ലായ്മയും (Deprivation) കുറച്ച് കൊണ്ട് വരുന്നതിലും സുസ്ഥിരമായ ജീവനോപാധികൾ കണ്ടെത്തുന്നതിലും പ്രാദേശിക സർക്കാറുകൾ വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിൽ തന്നെയും സുസ്ഥിരമായ ഒരു മത്സരക്ഷമത പ്രാദേശിക സർക്കാറുകൾക്കിടയിൽ ഇനിയും വന്നിട്ടില്ല എന്നത് വിവിധ കോണുകളിൽനിന്നും ചൂണ്ടിക്കാണിക്കപ്പെടുന്ന ഒരു വസ്തുതയാണ്. വികേന്ദ്രീകൃതാസൂത്രണം വഴി എല്ലാവിധ

**ചുരുക്കത്തിൽ സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നത് ആത്യന്തിക ലക്ഷ്യം തന്നെയാണ്.**

അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാനത്ത് ഉറപ്പാക്കുവാൻ പ്രാദേശിക സർക്കാറുകൾക്ക് സാധ്യമായിട്ടുമുണ്ട്. കേരളത്തിന്റെ വരുമാനവും വളർച്ചാനിരക്കും ദേശീയ ശരാശരിയേക്കാൾ മുകളിലാണെങ്കിലും ജനകീയാസൂത്രണം പോലൊരു വികസന മാതൃക പരീക്ഷിച്ചിട്ടില്ലാത്ത നിരവധി സംസ്ഥാനങ്ങളിലും കേരളത്തിന്റേത് പോലെയോ, അതിനും മുകളിലോ ആയ വളർച്ചാനിരക്കുള്ളതായി നമുക്ക് കാണാൻ സാധിക്കും. പിന്നിലായിപ്പോയ വഴികാട്ടി എന്ന നിലയിലും സംസ്ഥാനത്തെ ചില കോണുകളിൽ നിന്നും വിശകലനവിധേയമാകുന്നുണ്ട്. ദ്രുതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന ആഗോളവൽകൃത ലോകത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനവും മാറുമ്പോൾ, ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാറുകൾ മാറുന്ന തലത്തിലുള്ള തന്ത്രങ്ങൾ നാം ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ഇതിനായി വികസന കാഴ്ചപ്പാടുകളും സമീപനങ്ങളും രൂപീകരിക്കുമ്പോൾ കാൽനൂറ്റാണ്ട് പിന്നിടുന്ന വികേന്ദ്രീകൃതാസൂത്രണത്തെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ അനിവാര്യത തള്ളിക്കളയാനാവില്ല. 2027 ആകുന്നതോടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ സംസ്ഥാനം ലക്ഷ്യം വയ്ക്കുമ്പോൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികവത്ക്കരിക്കുക വഴി ആഗോള വികസന ലക്ഷ്യങ്ങൾക്കനുസൃതമായി പ്രാദേശിക വികസനം മാറുമ്പോൾ അതിനനുസരിച്ച് നമ്മുടെ പ്രാദേശിക സർക്കാരുകളും വളരേണ്ടതും ശക്തിപ്പെടുത്തേണ്ടതായിട്ടുമുണ്ട്.

പന്ത്രണ്ടാം പദ്ധതിയോടെ കേന്ദ്ര സർക്കാർ ദേശീയ തലത്തിൽ പഞ്ചവത്സര പദ്ധതിക്ക് വിരാമം കുറിച്ചെങ്കിലും കേരളം പതിനാലാം പദ്ധതിയുടെ മുന്നൊരുക്കങ്ങൾക്ക് തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തിന്റെ വികസന സമീപനങ്ങളുടെ സമന്വയം പ്രാദേശിക പദ്ധതികളിൽ കൃത്യമായി ഉറപ്പാക്കേണ്ടിയിരിക്കുന്നു. ധനകാര്യ നേട്ടങ്ങൾക്കും അപ്പുറം ഭൗതിക നേട്ടങ്ങൾ നേടി എടുക്കുന്നതിന് പ്രാദേശിക സർക്കാറുകൾ കൂടുതൽ ശ്രദ്ധ നൽകേണ്ടതായിട്ടുമുണ്ട്. സംസ്ഥാനത്ത് ഗ്രാമ -നഗര ജനസംഖ്യാ അനുപാതം ഏറെക്കുറെ തുല്യമായ രീതിയിൽ ആണെന്നിരിക്കെ നമ്മുടെ പ്രാദേശിക ഭരണ സംവിധാനത്തിൽ നഗരഭരണ സംവിധാനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതും അവ കൂടുതൽ ചലനാത്മകം ആകേണ്ടതായിട്ടുമുണ്ട്. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന ദുരന്തനിവാരണം, മാലിന്യസംസ്കരണം, കുടിവെള്ളം, നഗരവൽക്കരണം, വയോജന

സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, രണ്ടാം തലമുറ വികസന പ്രശ്ന ങ്ങൾ തുടങ്ങി ഏതിനും പരിഹാരം കണ്ടെത്താൻ പറ്റുന്ന തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാറുകളെ മാറ്റേണ്ടതായിട്ടുണ്ട്. ഏതൊരു സാഹചര്യത്തിനനുസരിച്ചും പ്രാദേശിക സർക്കാറുകളുടെ ഇടപെടലുകളും ഉത്തരവാദിത്വങ്ങളുംച്ചമതലകളും ചലനാത്മകവും അതിവിശാലവും ആകുന്ന രീതിയിൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതോടൊപ്പം ബഹുതല ആസൂത്രണ സാധ്യതകളും കണ്ടെത്തേണ്ടതായിട്ടും പരീക്ഷിക്കേണ്ടതായിട്ടുമുണ്ട്. ഇതിനും പുറമേ മുൻകാല ന്യൂനതകൾ പരിഹരിച്ച് കൊണ്ട് സമയബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായ പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്ന തരത്തിലുള്ള ചുവടുവെയ്പുകൾ പ്രാദേശിക സർക്കാറുകൾ നടത്തേണ്ടതായിട്ടുണ്ട്. അതേ പോലെ ദാരിദ്ര്യത്തിന്റെ ബഹുമുഖ തലങ്ങളോട് പ്രതികരിക്കാനും ജീവന്റെയും ജീവനോപാധികളുടെയും സമ്പൂർണ്ണ പരിവർത്തനം സാധ്യമാക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കംകൂട്ടുന്നതിനും, നൈപുണ്യ വികസനം, തൊഴിൽസൃഷ്ടി, വ്യവസായ വികസനം തുടങ്ങിയ മേഖലകളിൽ എല്ലാം തന്നെ കൂടുതൽ സമഗ്രവും നൂതനമായ പരിപാടികൾക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. ചുരുക്കത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ കേന്ദ്രബിന്ദുവായി വികേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങളും പ്രാദേശിക സർക്കാറുകളും മാറുന്ന തലത്തിലുള്ള ശാക്തീകരണമാണ് ഇനി നമുക്കാവശ്യം.

## പ്രാദേശികസർക്കാരുകൾ സാമ്പത്തിക വികസനത്തിന്റെ കേന്ദ്രബിന്ദു

പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി പ്രാദേശിക സർക്കാറുകളെ മാറ്റുക എന്നതാണ് പതിനാലാം പദ്ധതി ആത്യന്തികമായി ലക്ഷ്യംവയ്ക്കുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ അഞ്ച് വകുപ്പുകളെ ഏകീകരിച്ച് സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നായി തദ്ദേശ സ്വയംഭരണ വകുപ്പ് ഇതോടെ മാറിയിരിക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയിൽ ഏകോപനം സാധ്യമാക്കുവാൻ ഇത് വഴി സാധിക്കും എന്നതിനാൽ തന്നെ പ്രാദേശികഭരണ രംഗത്ത് സർക്കാർ നടത്തിയ വലിയൊരു ഇടപെടലായിട്ടാണ് ഏകീകരണത്തെ പലരും നോക്കിക്കാണുന്നത്. ഏകീകരണം വഴി ലക്ഷ്യം വെക്കുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടി എടുക്കുക വഴി വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയെ കൂടുതൽ ശക്തിപ്പെടുത്തുവാൻ സാധിക്കും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. വിവിധ വകുപ്പുകളുടെയും കുടുംബശ്രീ അടക്കമുള്ള വികസന ഏജൻസികളും കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാർ പദ്ധതികളും കൂടുതൽ ഏകീകൃതമായ ഒരു പ്ലാറ്റ്ഫോമിൽ കൂടി നിർവ്വഹണം നടത്തപ്പെടുമ്പോൾ അത് വികസന പ്രക്രിയയിൽ ഉണ്ടാക്കുന്ന മാറ്റം വളരെ വലുത് തന്നെയായിരിക്കും. വകുപ്പുകളുടെ ഏകോപനം വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയെ കൂടുതൽ ശക്തിപ്പെടുത്തും എന്ന് തന്നെയാണ് കരുതുന്നത്. ഏകീകരണം വഴി ദുരന്ത നിവാരണ പദ്ധതികളുടെ നിർവ്വഹണം, പ്രത്യേക പദ്ധതികളുടെ നിർവ്വഹണം, കേന്ദ്രധനകാര്യ ഫണ്ടിന്റെ വിനിയോഗം, കോവിഡ് അതിജീവനം അടക്കമുളളവയിൽ ഓരോജില്ലയ്ക്കും സമഗ്രമായ ഒരു വികസന കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കാൻ സാധിക്കും. നാളിത് വരെ നാം പിൻതുടർന്ന് വന്നിരുന്ന പല വികസന തന്ത്രങ്ങളിലും കാതലായ മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചിട്ടുണ്ട്. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ട തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാറുകൾ മാറേണ്ടിയിരിക്കുന്നു. പ്രാദേശിക വികസന തലത്തിനും അപ്പുറം പ്രാദേശിക സാമ്പത്തിക വികസനത്തിന്റെയും നൈപുണ്യ വികസനത്തിന്റെയും കേന്ദ്രബിന്ദുക്കളായി പ്രാദേശിക സർക്കാറുകൾ മാറുമ്പോൾ അതിനുള്ള പിന്തുണനാ സംവിധാനം എന്ന നിലയിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ കൂടുതൽ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. പൊതുജനങ്ങൾക്ക് നൽകുന്ന സേവനം സമയബന്ധിതമായി അവർക്ക് എത്തിക്കുന്നതോടൊപ്പം അതിന്റെ ഗുണനിലവാരവും പ്രാദേശിക സർക്കാറുകൾ ഏറ്റെടുക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയും ഇതിനായി ഉറപ്പാക്കേണ്ടതായിട്ടുണ്ട്.

## നവകേരള സൃഷ്ടിയും പ്രാദേശിക സർക്കാറുകളും:

പതിനാലാം പദ്ധതിയിലേക്ക് സംസ്ഥാനം കാലെടുത്ത് വെക്കുമ്പോൾ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനവും നവകേരള സൃഷ്ടിയുമാണ് ആത്യന്തികമായി നാം ലക്ഷ്യം വെക്കുന്നത്. സാമൂഹിക രംഗത്ത് നാളിത് വരെ കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമ്പത്തിക വികസനവും സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ വൈജ്ഞാനിക അധിഷ്ഠിതമായി വികസിപ്പിക്കുക വഴി പ്രകൃതി വിഭവങ്ങളുടെ ശ്രദ്ധാപൂർവ്വമായ വിനിയോഗവും മനുഷ്യവിഭവ വികസനവും ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിരമായ വികസനവും, പ്രാദേശിക സാമ്പത്തിക വികസനവും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൊണ്ട് സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകാനും, ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാനും, ദുരന്ത അതിജീവന ക്ഷമത ഉറപ്പാക്കുവാനും, പാർശ്വവൽകൃത സമൂഹങ്ങളുടെ സമഗ്രവികസനവുമാണ് ആത്യന്തികമായി നവകേരള സൃഷ്ടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ചുരുക്കത്തിൽ സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നത് ആത്യന്തിക ലക്ഷ്യം തന്നെയാണ്. ആധുനിക സമൂഹം ഭരണ പ്രക്രിയയെ നോക്കിക്കാണുന്നത് കേവലം ഒരു പ്രക്രിയ എന്നതിൽനിന്നും ഫലാധിഷ്ഠിതമായ (Result Oriented) ഒരു പ്രക്രിയ എന്ന രീതിയിലാണ്. ജനങ്ങൾക്ക് സമയബന്ധിതമായും കൃത്യമായും സേവനങ്ങൾ ല്യമാക്കുന്നിടത്താണ് ഭരണ സംവിധാനത്തെ വിലയിരുത്തപ്പെടുന്നത് തന്നെ. ഇതിന്റെയെല്ലാം കേന്ദ്രബിന്ദുക്കളായി നമ്മുടെ ഭരണ സംവിധാനങ്ങൾ മാറേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കണമെങ്കിൽ അധികാര വികേന്ദ്രീകരണ പ്രക്രിയ ഇനിയും കൂടുതൽ ശക്തിപ്പെടുത്തി മുന്നേറേണ്ടതിന്റെ അനിവാര്യതയിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. അതിനുള്ള കാൽവെയ്പ്പുകൾക്ക് സർക്കാർ ഇതിനോടകം തന്നെ തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു. □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്)*



# ക്ലീനാവും കേരളം

■ കെ. എൻ. സഹജൻ

ഒരു കാലത്ത് നമ്മുടെ യാത്രാവേളകളിൽ വഴിയരികിലുള്ള മാലിന്യക്കൂനകൾ നമ്മുടെ കണ്ണുകൾക്ക് ഏറെ പരിചിത കാഴ്ച തന്നെയായിരുന്നു. നമ്മുടെ ദൃശ്യപഥത്തിൽ നിന്നും അത്തരം കാഴ്ചകൾ ഏറെക്കുറെ മാഞ്ഞ് തുടങ്ങി എന്നത് ക്ലീൻ കേരള എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യ യാത്രയിൽ നിർണ്ണായക നാഴികക്കല്ലുകൾ പിന്നിട്ടു കഴിഞ്ഞുയെന്നതിന്റെ ശുഭസൂചകമായ തെളിവ് തന്നെയാണ്.

ഈ മണ്ണും ജലവും ജീവവായുവും ഉൾപ്പെടുന്ന പ്രകൃതി സമ്പത്തുകൾ നമുക്ക് ആവോളം ആസ്വദിക്കാനും ഉപയോഗിക്കാനും പൂർണ്ണ അവകാശമുണ്ട്. ഒപ്പം അതിനെ മലിന രഹിതമായി വരും തലമുറക്ക് കൈമാറാനും നാം പ്രതിജ്ഞാബദ്ധമാണ്, ഇല്ലെങ്കിൽ നമ്മുടെ കുട്ടികളും അവരുടെ കുട്ടികളും അനന്തര തലമുറകളും ഇവിടെ ജീവിക്കാനുള്ള കാലാവധി തികയ്ക്കാതെ തന്നെ തിരിച്ച് പോകേണ്ടി വരും. മലിനരഹിതമായ ഒരു പരിസ്ഥിതിയെ തലമുറകൾക്ക് കൈമാറാൻ നാം ബാദ്ധ്യസ്ഥരാണ്. ഇവിടെയാണ് കേരളസർക്കാരും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 'ക്ലീനാവും കേരളം' എന്നത് പ്രത്യാശയല്ല ഒരു യാഥാർത്ഥ്യം തന്നെയാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

എന്താണ് മാലിന്യം എന്ന് നാം വ്യക്തമായി തിരിച്ചറിയേണ്ടതുണ്ട്. ശ്രദ്ധേയമായ രണ്ട് നിർവ്വചനങ്ങൾ നോക്കാം. (1 ) waste is not a waste, it is misplaced resource and an unrecognised wealth. (2) waste is not a waste until you waste it.

സൂക്ഷമമായി നിരീക്ഷിച്ചാൽ ഒന്നും മാലിന്യമല്ലെന്ന് നാം തിരിച്ചറിയും. ഭാഗികമായി ഉപയോഗിച്ചും പൂർണ്ണമായി ഉപയോഗിച്ചു എന്ന് വിശ്വസിക്കുന്നതുമായ ഒരു വസ്തു നാം ഉപേക്ഷിച്ചാൽ അത് മറ്റൊരാൾക്ക് വിലപിടിപ്പുള്ള സ്വത്തായി മാറിയേക്കാം. കഴിച്ച ശേഷം ബാക്കി വരുന്നതും ഉപേക്ഷിക്കുന്നതുമായ ഭക്ഷണം പന്നി ഉൾപ്പെടെയുള്ള മൃഗങ്ങൾക്കും ബയോ ഗ്യാസ് പ്ലാന്റുകൾക്കും സ്വത്ത് തന്നെയാണ്. മനുഷ്യ വിസർജ്ജ്യം സെപ്റ്റേജ് പ്ലാന്റുകൾക്കും

അവയിൽ നിന്നും ജൈവ വളത്തിനും ഉപയോഗിക്കാൻ കഴിയുന്നു. വിവിധ പ്ലാസ്റ്റിക് ബോട്ടിലുകൾക്ക് കിലോ ഗ്രാമിന് 20 മുതൽ 30 രൂപ വരെ വില കിട്ടുന്നു. പുനരുപയോഗ സാധ്യമല്ലാത്തതും തരംതിരിക്കാത്തതുമായ മാലിന്യങ്ങൾ സിമന്റ് ഫാക്ടറികൾക്കും ആവശ്യമാണ്.

പരിസ്ഥിതിക്ക് ദോഷകരമാകുന്ന സാധനങ്ങൾ പരമാവധി വാങ്ങാതിരിക്കാനും ഉപയോഗിക്കാതിരിക്കാനും ശ്രദ്ധിക്കുക. ഉദാഹരണങ്ങൾ നിരവധിയാണ്. ഒന്നോ രണ്ടോ പ്രാവശ്യം ഉപയോഗിക്കുകയും പിന്നീട് ആവശ്യമില്ലാതാകുന്നതുമായ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ മിഠായികൾ, ലാമിനേറ്റഡ് പ്ലാസ്റ്റിക്കിൽ പൊതിഞ്ഞതും കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നതുമായ ലാമിനേറ്റഡ് കോട്ടിങ്ങുള്ളതും വില കുറഞ്ഞതുമായ ആസക്തി ഉണ്ടാക്കുന്ന പലഹാരങ്ങൾ, വിവിധ ക്യാരി ബാഗുകൾ, തെർമ്മോക്കോൾ, തോരണങ്ങൾ തുടങ്ങി സൂക്ഷ്മമായി നോക്കുമ്പോൾ അത്തരം നിരവധി സാധനങ്ങൾ വേണ്ടെന്ന് വച്ച് അവയ്ക്ക് പകരമുള്ള സാധനങ്ങൾ നമുക്ക് ശീലമാക്കാം. സ്കൂൾ കുട്ടികൾക്ക് ഭക്ഷണത്തോടൊപ്പം കൊടുത്തുവിടുന്ന കുടിവെള്ള ബോട്ടിൽ നീണ്ട് നിൽക്കുന്നതാണെങ്കിലും പ്ലാസ്റ്റിക്കിന് പകരം സ്റ്റീൽ ഉപയോഗിച്ച് നമുക്ക് മാതൃകയാകാം. ഒരു നല്ല ഈടുള്ള തുണി / ചണം സഞ്ചി കൈയിലോ ബാഗിലോ കരുതിയാൽ നമുക്ക് എത്രമാത്രം അനാവശ്യവസ്തുക്കളെ ഉപേക്ഷിക്കാം എന്ന് പരീക്ഷിക്കാവുന്നതേ ഉള്ളൂ. വാങ്ങുന്ന പ്ലാസ്റ്റിക് സാധനങ്ങൾക്ക് ഈടുണ്ടെങ്കിലും അവയ്ക്ക് പകരം സംവിധാനങ്ങൾ ഉണ്ടെങ്കിൽ അവയിലേക്ക് നാം മാറുക തന്നെ വേണം. പ്ലാസ്റ്റിക് കസേരകൾക്കും ടേബിളുകൾക്കും പകരം തടി, സ്റ്റീൽ ഉപയോഗിക്കാം.

മാറേണ്ടത് മലയാളിയുടെ മനോഭാവമാണ്. മാലിന്യമില്ലാത്ത ക്ലീൻ കേരളത്തിന് നാം മനസ്സ് വയ്ക്കണം. 95 ശതമാനത്തിലധികം മാലിന്യ പ്രശ്നവും നാം മനസ്സവച്ചാൽ ഇല്ലാതാകും. പരിസ്ഥിതിക്ക് ദോഷകരമായവ വാങ്ങാതെയും മാലിന്യമാകുന്ന എല്ലാം തരം തിരിച്ച് വച്ച് കൈമാറിയും പരിപാലിച്ചും നമുക്ക് കേരളത്തെ ക്ലീനാക്കാൻ മുന്നിൽ നിന്ന് നയിക്കാനാവും. ഒപ്പം സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭാരിച്ച ചെലവും കുറയ്ക്കാനാകും. നമുക്ക് ആവശ്യമില്ലാത്തവ എല്ലാം ഒരു ബാഗിൽ എടുത്തു വച്ച് വഴിയിൽവലിച്ചെറിയുന്ന ശീലത്തെ നാം ഇല്ലാതാക്കുന്നതോടൊപ്പം മറ്റുള്ളവരും അങ്ങനെ ചെയ്യാതിരിക്കാൻ നമുക്ക് ശ്രമിക്കാം. വീട്ടിലും നിത്യജീവിതത്തിലും ആവശ്യമില്ലാതായിമാറുന്ന എല്ലാം ഒന്ന് തരം തിരിച്ച് വയ്ക്കുക. പ്ലാസ്റ്റിക്, തുണി, റെക്സിൻ, ബാഗ്, ചെരുപ്പ്, ഗ്ലാസ് ചില്ല്, ഇ വേസ്റ്റ് തുടങ്ങിയ എല്ലാത്തരം ഡ്രൈ വേസ്റ്റും ശേഖരിക്കാൻ തദ്ദേശസ്ഥാപനങ്ങൾ റെഡി. നാമെല്ലാം സ്വന്തം വീട്ടിലെ ഭക്ഷണ മാലിന്യത്തിന്റെ അളവ് കുറക്കാൻ അല്ലെങ്കിൽ ആവശ്യത്തിൽ കൂടുതൽ ഭക്ഷണം പാചകം ചെയ്യാതെ ശീലിച്ചാൽ അത് വിശന്നിരിക്കുന്നവർക്ക് മറ്റൊരു രീതിയിൽ നാമറിയാതെ തന്നെ അനുഗ്രഹമായി മാറും. സ്വന്തം വീട്ടിലെ വളരെ ചെറിയ ഭക്ഷണ മാലിന്യത്തെ വളമാക്കാൻ ഇന്ന് നിരവധി ചെലവ് കുറഞ്ഞ സംവിധാനങ്ങളുണ്ട്.




ഇവ തെരുവ് നായ്ക്കളും എലിയും മറ്റും ഭക്ഷിക്കാതെ റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ്, കിച്ചൺ ബിൻ, മൺകല കമ്പോസ്റ്റ് തുടങ്ങിയ ലളിതമായ രീതിയിലൂടെ വളമാക്കി നമ്മുടെ പൂച്ചെടികൾക്കും പച്ചക്കറികൾക്കും വളമാക്കാൻ കഴിയും. നെയ്യപ്പം തിന്നാൽ രണ്ട് ഗുണം എന്ന് പഴമക്കാർ പറയുന്നത് പോലെ, ഇതിന് മൂന്ന് ഗുണങ്ങളുണ്ട്. ഒന്ന് വീട്ടിലെ ഭക്ഷണ മാലിന്യം പരിഹരിക്കുന്നു എന്നത് തന്നെ. രണ്ടാമത്തേത് പച്ചക്കറിക്കും പൂച്ചെടിക്കും നല്ല വളം ഒരു ചെലവും ഇല്ലാതെ കിട്ടുന്നു എന്നത്. മൂന്നാമത്തെ ഗുണം തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക ചെലവ് കൂടിയ വലിയൊരു വെല്ലുവിളിക്ക് നാം പരിഹാരമുണ്ടാക്കുന്നു എന്നതും പരിസ്ഥിതി മലിനരഹിതമാകുന്നു എന്നതും അത് വഴി തെരുവ് നായ്ക്കളും മറ്റും ഇല്ലാതാകും എന്നതുമാണ്. ഉറവിടത്തിൽ നമുക്ക് പോലും കൈകാര്യം ചെയ്ത് പരിഹരിക്കാനോ തരം തിരിച്ച് സൂക്ഷിച്ച് കൈമാറാനോ കഴിയാത്തവ പരമാവധി വാങ്ങാതിരിക്കാൻ നമുക്ക് ശീലിക്കാം. മെൻസ്റ്റർ കപ്പുകൾ ഉൾപ്പെടെയുള്ള സാനിറ്ററി നാപ്കിനുകൾ ഇപ്പോൾ പ്രചാരത്തിലായി കഴിഞ്ഞു.

**മാറേണ്ടത് മലയാളിയുടെ മനോഭാവമാണ്. മാലിന്യമില്ലാത്ത ക്ലീൻ കേരളത്തിന് നാം മനസ്സ് വയ്ക്കണം. 95 ശതമാനത്തിലധികം മാലിന്യ പ്രശ്നവും നാം മനസ്സവച്ചാൽ ഇല്ലാതാകും.**

വീട്ടിലുണ്ടാകുന്ന ദ്രവ മാലിന്യം വളരെ കുറവ് മാത്രമാണ്. അടുക്കള വെള്ളവും കുളിമുറി, വാഷ് ബേസിൻ വെള്ളവും കക്കൂസ് മാലിന്യവും. കക്കൂസ് മാലിന്യം ഇന്ന് പൊതുഇടങ്ങളിലേക്ക് ഒഴുക്കിവിടില്ലെന്ന് കാണാം. എല്ലാ ദ്രവ മാലിന്യത്തെയും ഒരു കുഴി കുത്തി അതിലേക്ക് എത്തിച്ച് സംസ്കരിക്കാൻ നിസ്സാര ചെലവ് മാത്രം. പദ്ധതി സഹായവും കിട്ടും എല്ലാവരെ



ക്കൊണ്ടും ചെയ്യിപ്പിക്കാനായാൽ കൊതുക് ഇല്ലാതാകും, രോഗങ്ങളും.

തെരുവ് നായ്ക്കളെ ഇല്ലാതാക്കാൻ എ ബി സി പദ്ധതിയാണ് നാം മുന്നോട്ടുവയ്ക്കുന്നത്. തെരുവിൽ അക്രമകാരികളായ നായ്ക്കൾ ആക്രമിച്ച് നിരവധി മരണങ്ങളും അപകടങ്ങളും പതിവാണ്. ഇവയെ എങ്ങനെ തെരുവിൽ നിന്നും ഇല്ലാതാക്കാം. എങ്ങനെയാണ് തെരുവ് നായ്ക്കൾ ഉണ്ടാകുന്നത്. പരിഹാരം വളരെ സിമ്പിളാണ്. നാം മനസ്സ് വയ്ക്കണം. അത്രമാത്രം. മറ്റ് സംവിധാനങ്ങൾ ഒന്നും ആവശ്യമില്ല. അവ താനെ ഇല്ലാതാവും. നായ്ക്കൾക്ക് സ്മെല്ല് സ്വീകരിക്കുന്നതിന് നമ്മുടെതിനേക്കാൾ പതിന്മടങ്ങ് ശേഷിയുണ്ട്. അവർക്കിഷ്ടപ്പെട്ട ഇറച്ചിയുടെ ഉൾപ്പെടെയുള്ള ഗന്ധം സമീപത്തെവിടെയുണ്ടെങ്കിലും ലഭിക്കും. തെരുവിൽ വലിച്ചെറിയുന്ന ഭക്ഷണ മാലിന്യവും ഇറച്ചിയുടെ അവശിഷ്ടങ്ങളും അവനെ മത്ത് പിടിപ്പിക്കും. അവൻ വീട് ഉപേക്ഷിച്ച് തെരുവിലെത്തും, തെരുവിൽ കഴിയും, ഭക്ഷണം കഴിക്കുന്നതിനടുത്ത് വരുന്ന വരെ ആക്രമിക്കും. തെരുവിൽ കഴിക്കാൻ ഒന്നും കിട്ടാത്ത സാഹചര്യം വന്നാൽ അവൻ വീണ്ടും വീട്ടിലേക്ക് തിരിച്ച് പോകും. സിമ്പിൾ. തെരുവിൽ എങ്ങനെ മാലിന്യം ഇല്ലാതാക്കാം. അതിലേക്ക് പോകാം നമുക്ക്, കൂട്ടായി.

കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളെ ആശ്രയിക്കാതെ നമുക്ക് മുന്നോട്ട് പോകാനാകില്ല. പൊതു സെപ്റ്റേജ്, സ്വീവേജ് പ്ലാന്റുകൾ അനിവാര്യമാണ്. ഇല്ലെങ്കിൽ നമ്മുടെ പുഴകളും ജലാശയങ്ങളും ജല സ്രോതസുകളും സർവ്വത്ര മലിനമാകും.

**പ്ലാസ്റ്റിക് മാലിന്യം പരിസ്ഥിതിക്ക് ഉയർത്തുന്ന ഭീഷണി ഏറെ വലുതാണ്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറക്കാനുള്ള നടപടി നാം ഇതിനകം സ്വീകരിച്ച് കഴിഞ്ഞു.**

സംസ്ഥാനത്ത് നിലവിലുള്ള നിയന്ത്രണങ്ങളും നിരോധനങ്ങളും വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും അവയ്ക്കുള്ള സബ്സിഡികളും കൂടാതെ നിയമ ലംഘനങ്ങൾക്കുള്ള ശിക്ഷകളും ഒരോ കുടുംബത്തേയും നേരിട്ട് ബോധ്യപ്പെടുത്തണം.

ക്ലീൻ കേരള കമ്പനിയുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ, പാഴ്വസ്തു ശേഖരണം, സംഭരണം, തരംതിരിക്കൽ, കൈയൊഴിയൽ എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടർന്ന് വരുന്നു. നാല്പത്തിയൊമ്പത് നഗരസഭകൾ ഉൾപ്പെടെ എണ്ണൂറ്റി പതിമൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി നിഷ്ക്രിയ മാലിന്യങ്ങളും പാഴ്വസ്തുക്കളും നീക്കം ചെയ്യാൻ ക്ലീൻ കേരള കമ്പനി ഇതിനകം കരാറിലേർപ്പെട്ട് കഴിഞ്ഞു. ബാക്കിയുള്ള തദ്ദേശസ്ഥാപനങ്ങളും കരാറിലേർപ്പെടും. ഹരിത കർമ്മ സേനയെ ഉപയോഗിച്ച് ശേഖരിക്കുന്ന പാഴ്വസ്തുക്കളുടെ മൂല്യം കണക്കാക്കി തരംതിരിക്കാനുള്ള പരിശീലനം നൽകി വരുന്നു. മൂവായിരത്തി അഞ്ഞൂറോളം ടൺ പാഴ് വസ്തുക്കൾ ശേഖരിച്ചു കഴിഞ്ഞു. ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിഫലമായി 1.99 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങൾ വഴി നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഏജൻസികൾക്ക് ക്ലീൻ കേരള കമ്പനി കരാർ നൽകി കഴിഞ്ഞു. ആയിരത്തി അറുന്നൂറ്റി ഇരുപത്തിയേഴ് ടൺ മാലിന്യം കഴിഞ്ഞ രണ്ട് മാസങ്ങളിലായി നീക്കം ചെയ്തു.

പ്ലാസ്റ്റിക് മാലിന്യം പരിസ്ഥിതിക്ക് ഉയർത്തുന്ന ഭീഷണി ഏറെ വലുതാണ്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറക്കാനുള്ള നടപടി നാം ഇതിനകം സ്വീകരിച്ച് കഴിഞ്ഞു. കൂടാതെ റോഡ് നിർമ്മാണത്തിനായി പൊടിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഏഴോളം കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി രണ്ടായിരത്തി അഞ്ഞൂറോളം ടൺ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചു.

മാലിന്യ നിർമ്മാർജ്ജന മേഖലയിലെ സർക്കാർ പ്രവർത്തനങ്ങൾക്ക് സാമൂഹിക പിന്തുണയും അനിവാര്യമാണ്. ഉയർന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ മുൻകാല അനുഭവങ്ങൾ വച്ച് പ്രതിഷേധിക്കുന്നതിനും മറ്റും നാടിന് ഗുണം ചെയ്യില്ല. ഒരു പരിധി വരെ മലയാളി ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്.

നാം കുടിക്കുന്ന ജലവും ശ്വസിക്കുന്ന വായുവും ചവിട്ടി നിൽക്കുന്ന മണ്ണും മാലിന്യമുക്തമായി പരിപാലിക്കാനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധത മേഖലയിലെ ശക്തമായതും നിരന്തരമായുള്ളതുമായ ഇടപെടലുകളിലൂടെ ഹരിതാഭമായി തുടരുന്നു എന്നുള്ളതാണ് വരും തലമുറക്ക് കേരളം കരുതിവച്ചിട്ടുള്ള നന്മ. □

*(ലേഖകൻ മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്.)*



# നവോത്ഥാനം സിവിൽ രജിസ്ട്രേഷൻ രംഗത്തും

■ ബിനിൽ എസ്.

നവോത്ഥാന മൂല്യങ്ങളുടെ തെളിമ പടരുന്ന മണ്ണിൽ നവ ചിന്തകൾ പാകാൻ കളം ഒരുക്കുന്ന കേരള സർക്കാർ സിവിൽ രജിസ്ട്രേഷൻ രംഗത്തും നവ കേരളം എന്ന സ്വപ്നം മുന്നോട്ടു വെയ്ക്കുകയാണ്. ഒരു വ്യക്തിയുടെ ജീവിത നാൾവഴികളിലെ നിർണ്ണായക സംഭവങ്ങളുടെ നിർബന്ധിത രേഖപ്പെടുത്തൽ സംവിധാനമായ സിവിൽ രജിസ്ട്രേഷൻ ആ വ്യക്തിയുടെ ജീവിതത്തിലെയും ഏറെ പ്രധാനപ്പെട്ട ഒരു സംഭവം തന്നെയാണ്. തദ്ദേശ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് 23/11/2021 ൽ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പഷ്ടീകരണം നവകേരളം എന്ന സ്വപ്ന യാത്രയിൽ പുതിയ മാറ്റത്തിന്റെ ചിന്തകൾ മലയാളിയുടെ മനസ്സിൽ പ്രതിഷ്ഠിക്കാൻ പ്രചോദനമാകും എന്നുള്ളതിൽ തർക്കമില്ല.

വിവാഹ രജിസ്ട്രേഷന് മതാചാര പ്രകാരമാണ് വിവാഹം നടന്നതെന്ന രേഖ ഇനി കേരളത്തിൽ ആവശ്യമില്ല. വിവാഹ രജിസ്ട്രേഷനായി കക്ഷികൾ നൽകുന്ന ഫോറം 1 ൽ ഉള്ള മെമ്മോറാണ്ടത്തിൽ കക്ഷികളുടെ മതമോ, വിവാഹം നടന്ന രീതിയോ രേഖപ്പെടുത്തേണ്ടതില്ല. വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടത്തിനൊപ്പം വിവാഹം ചെയ്യുന്നവരുടെ ജനനതീയതി തെളിയിക്കുന്ന അംഗീകൃത രേഖകളും വിവാഹം നടന്നത് തെളിയിക്കുന്ന രേഖയും മതിയാവും. കക്ഷികൾ ജനനതീയതി തെളിയിക്കുന്നതിനായി നൽകുന്ന സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളിലെ മതം സംബന്ധിച്ചുള്ള രേഖപ്പെടുത്തലിന്റെയും അവരുടെ പേരിന്റെയും മറ്റും അടിസ്ഥാനത്തിൽ രജിസ്ട്രാർമാർ മതം നിർണ്ണയിക്കുന്ന പതിവുണ്ടായിരുന്നു. അങ്ങനെ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ അധിക വിവരങ്ങൾ ആരായുന്ന പതിവും ഉണ്ട്. ഇത്തരം പ്രവണതകൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സ്പഷ്ടീകരണം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സ്ത്രീ സുരക്ഷ പരമ പ്രധാനമായി പരിഗണിക്കുകയും നവോത്ഥാന മൂല്യങ്ങളെ ചട്ടക്കൂടുകളിൽ നിന്ന് പുറത്ത് എത്തിക്കുന്ന പ്രക്രിയ അനുസ്യൂതം തുടരുകയും ചെയ്യുന്ന ഒരു സർക്കാരിൽ നിന്ന് ഏറെ പ്രതീക്ഷിച്ച ഒരു മാറ്റം തന്നെയാണിത്.

സിവിൽ രജിസ്ട്രേഷൻ രംഗത്ത് പുതുമയാർന്ന ഒരു നേട്ടത്തിനും സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. വിവാഹം രജിസ്റ്റർ ചെയ്യുന്നത് പോലെ വിവാഹ മോചനവും രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമവും ചട്ട ഭേദഗതിയും തയ്യാറാക്കുകയാണ് സർക്കാർ. കേരള നിയമ സഭയുടെ സ്ത്രീകളുടേയും കുട്ടികളു






ടേയും ട്രാൻസ്ജൻഡറുകളുടേയും ഭിന്ന ശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശ പ്രകാരമാണ് ഈ നടപടിക്രമങ്ങൾ. വിവാഹബന്ധം നില നിൽക്കുന്നുണ്ടെന്ന തെറ്റിദ്ധാരണ ഒഴിവാ ക്കുന്നതിനായി വിവാഹ മോചനത്തിന്റെ വിവരം വിവാഹ രജിസ്ട്രേഷനിൽ രേഖപ്പെ ടുത്തണം എന്ന് കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇന്ത്യയിൽ വിവാഹമോചനം നിർബ ന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമം ഒരു സംസ്ഥാനത്തും നിലവിലില്ല. ചില സംസ്ഥാനങ്ങളിൽ ചില മതവിഭാഗങ്ങൾക്ക് ഹിതാനുസരണം വിവാഹമോചനം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമങ്ങൾ മാത്രമാണ് നിലവിലുള്ളത്. സിവിൽ രജിസ്ട്രേഷനിൽ വിവാഹമോചനം രജിസ്റ്റർ ചെയ്യുന്നതിനു ള്ള സംവിധാനം നിലവിലില്ലായെന്നത് ഒരു പോരായ്മ തന്നെയാണ്. ഇതിന് പരിഹാരം കണ്ടെത്തുന്ന ആദ്യ സംസ്ഥാനം എന്ന ഖ്യാതി ഈ നടപടി ക്രമങ്ങൾ പൂർത്തിയാ കുന്നതോടുകൂടി കേരളം നേടും.

വിവാഹ മോചനം രജിസ്റ്റർ ചെയ്യുന്നത് വഴി രജിസ്ട്രേഷൻ സമയത്ത് കുഞ്ഞുങ്ങളു ണ്ടെങ്കിൽ അവരുടെ സംരക്ഷണം സംബ ന്ധിച്ചുള്ള വിവരങ്ങൾ കൂടി രജിസ്ട്രേഷനിൽ ഉൾപ്പെടുത്താമെന്നുള്ളത് ശ്രദ്ധേയമാണ്. കുഞ്ഞുങ്ങളുടെ ഭാവിസുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുള്ള നിയമ നിർമ്മാണം കൂടി ഇതിന്റെ ഭാഗമായി വരുന്നതിനാൽ ഈ ചുവട് വയ്പ്പ് മാതാപിതാക്കളുടെ വിവാഹ മോചനത്തിന്റെ യഥാർത്ഥ ഇരകളായി ത്തീരുന്ന കുഞ്ഞുങ്ങളുടെ ഭാവിയുടെ കരു തൽ കൂടിയാവും.

വിവാഹിതരായി കോവിഡ് വ്യാപന സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ നേരിട്ട് എത്തി വിവാഹം രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുമായ ദമ്പതിമാർക്ക് വീഡിയോ കോൺഫറൻസ് ഉൾപ്പെടെ യുള്ള ആധുനിക സൗകര്യങ്ങൾ ഉപയോ ഗിച്ച് വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ സർക്കാർ അനുമതി നൽകിയത് കൂടി ഈ സാഹചര്യത്തിൽ പരിഗണി ക്കേണ്ടതുണ്ട്. ചുരുക്കത്തിൽ കാലോചിത മായ മാറ്റങ്ങളുടെ ചരിത്രവഴികൾ താണ്ടി മുന്നേറാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ പ്രാപ്തമാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ആദ്യവർഷം ഏറെ സചേതനമായിരുന്നു. □

*(ലേഖകൻ ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്.)*




# സ്ത്രീപക്ഷ നവകേരളം

■ **ബിജി എസ്. എസ്.**

**"നാണമില്ലേ ആണതെന്ന
പേരു ചൊല്ലുവാൻ
നിനക്കു വേറൊരാൾ വിയർത്തതിന്റെ
ഉപ്പ് തിന്ന് വാഴുവാൻ"**

*(ശ്രീ. മുരുകൻ കാട്ടാക്കട - കനൽപ്പൊട്ട്)*

നവകേരളം സൃഷ്ടിക്കുമ്പോൾ മാനവികതയുടെ ഭൂപടത്തിൽ അതിന്റെ സ്ഥാനം സ്ത്രീപക്ഷത്ത് തന്നെയാകണമെന്ന് നിർബന്ധബുദ്ധിയുണ്ട് കേരളസർക്കാറിന്. നിലവിൽ നാല്പത്തിനാലായിരത്തിലധികം സ്ത്രീകൾ അംഗങ്ങളായുള്ള കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സ്ത്രീധനത്തിനെതിരെ, സ്ത്രീപീഡനത്തിനെതിരെ സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കാൻ കേരളത്തിലെ സ്ത്രീകൾ മുന്നോട്ട് വരുന്ന കാഴ്ച സ്ത്രീ സമത്വത്തിൽ നിലവിൽ മുന്നിൽ നില്ക്കുന്ന കേരളത്തിൽ സ്ത്രീപക്ഷ സാമൂഹ്യ സാക്ഷരത എല്ലാ തലങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള നിർണ്ണായക ചുവടുവയ്പ്പാണ്. സമൂഹത്തിൽ സംഭവിക്കുന്ന സ്ത്രീ വിരുദ്ധ പ്രവർത്തനങ്ങളെയും ചിന്തകളെ തന്നെയും ഇല്ലാതാക്കാനുതകുന്ന സർവ്വതല സ്പർശിയായ ക്യാമ്പയിനാണ് സ്ത്രീ പക്ഷ നവകേരളത്തിന്റെ ഭാഗമായി സർക്കാർ ഉയർത്തുന്നത്.

2021 ഡിസംബർ 13 ന് കണ്ണൂരിൽ സ്ത്രീപക്ഷ നവകേരളത്തിന്റെ ലോഗോ ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പ്രകാശനം ചെയ്തു. മലയാളത്തിന്റെ പ്രിയങ്കരിയായ അഭിനേത്രി ശ്രീമതി. നിമിഷാ സജയനാണ് ഈ ക്യാമ്പയിന്റെ അംബാസിഡർ. 2021 ഡിസംബർ 18 ന് സ്ത്രീപക്ഷ നവകേരള ഉദ്ഘാടന വേളയിൽ ജില്ലാ തലത്തിലും എല്ലാ തദ്ദേശ ഭരണ സ്ഥാപന തലത്തിലും ഇരുപത്തിരണ്ടായിരത്തിലേറെ വാർഡ് തലങ്ങളിലും സ്ത്രീപക്ഷ നവകേരള പ്രതിജ്ഞയെടുത്തു. സ്ത്രീധനത്തിനും സ്ത്രീ പീഡനത്തിനുമെതിരെയുള്ള പ്ലക്കാർഡുകളേന്തി അയൽക്കൂട്ട അംഗങ്ങൾ വാർഡ് തലത്തിൽ സമ്മേളിച്ചു. തുടർന്നുള്ള ആഴ്ചകളിൽ അയൽക്കൂട്ട തല സ്ത്രീപക്ഷ ആലോചനാ യോഗങ്ങളും വാർഡ് തല സ്ത്രീപക്ഷ കൂട്ടായ്മകളും പഞ്ചായത്ത്/ നഗരസഭാ തല സ്ത്രീ ശക്തി സംഗമങ്ങളും സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി പതിനാല് ജില്ലകളിലും സ്ത്രീശക്തി കലാജാഥ അവതരണങ്ങളും നടത്തി. സംസ്ഥാനത്തെ അറുന്നൂറോളം കേന്ദ്രങ്ങളിൽ നൂറ്റി അറുപത്തിയെട്ടോളം കലാകാരികൾ നാടുണർത്തി.

പോസ്റ്റർ ക്യാമ്പയിൻ, സ്ത്രീധനത്തിനെതിരായ സോഷ്യൽ മീഡിയ ചലഞ്ച്, റീൽസ് വീഡിയോ തയ്യാറാക്കൽ തുടങ്ങി സമൂഹമാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പ്രചരണങ്ങൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള വെബിനാറുകൾ, സ്ത്രീധനം സംബന്ധിച്ചുള്ള അഭിപ്രായ സർവേ, ഇരുചക്ര വാഹന റാലി, ബാലസഭകൾ, സ്ത്രീധനത്തിനെതിരെയുള്ള സിഗ്നേച്ചർ ക്യാമ്പയിൻ തുടങ്ങി വിവിധ പരിപാടികൾ സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

2021 ജൂൺ 21 ന് വിസ്മയ എന്ന പെൺകുട്ടിയെ ഭർതൃഗൃഹത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയപ്പോൾ മലയാള നാടിന്റെ ആത്മാവിനേറ്റ ക്ഷതം വളരെ വലുതായിരുന്നു. കുറ്റമറ്റ അന്വേഷണത്തിനൊടുവിൽ പ്രതി മാതൃകാപരമായി ശിക്ഷിക്കപ്പെട്ടു. ഇരയൊടൊപ്പം ചേർന്ന് വേട്ടക്കാരനെ വേട്ടയാടുക എന്ന സർക്കാർ നയത്തിന്റെ തുടർച്ചയാണ് നാം വിസ്മയ കേസിലും കണ്ടത്. വിസ്മയയുടെ മാതാപിതാക്കളുടെ പൊള്ളുന്ന കണ്ണുനീർ മറ്റാരിൽ നിന്നും ഇനിയും ഉതിർന്ന് വീഴാതിരിക്കാൻ ഉണർന്നിരിക്കാം നമുക്ക് സ്ത്രീ പക്ഷ നവകേരളത്തിനായി 'അഗ്നിയാണവൾ' എന്ന ഉണർത്തുപാട്ടുമായി. □

*(ലേഖിക പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടാണ്)*



# ഓൺലൈൻ സേവന മികവിൽ

എല്ലാ ദിവസവും കൊല്ലത്തേക്കുള്ള ട്രെയിൻ യാത്രയിലെ പരിചയക്കാരനായ സുമേഷിന്റെ വാടിയ മുഖം ശ്രദ്ധിച്ചപ്പോൾ കാരണം തിരക്കി.റേഷൻ കാർഡിൽ പേർ ചേർക്കുന്നതിന് താമസസർട്ടിഫിക്കറ്റ് വാങ്ങാൻ പഞ്ചായത്തിൽ അപേക്ഷ കൊടുക്കാൻ പോകണം. പക്ഷേ പുള്ളിക്കാരന് ആകെ അവധി ഉള്ളത് ഞായറാഴ്ച മാത്രവും. ലീവ് എടുത്താൽ ഒരു ദിവസത്തെ ശമ്പളം പോകും. ദിവസക്കൂലിക്ക് പെയിന്റ് പണിക്ക് പോകുന്ന ആളാണ്. സർട്ടിഫിക്കറ്റ് അന്ന് കിട്ടിയില്ലെങ്കിൽ പിന്നെയും ലീവ് എടുക്കണം. സർട്ടിഫിക്കറ്റ് വാങ്ങാത്തതിനെചൊല്ലി ഇന്ന് വീട്ടിൽ വഴക്കായത്രേ. സുമേഷിനെ പോലെ ഒരുപാട് പേരുടെ പ്രശ്നമാണ് ഇത്തരത്തിൽ പല സർട്ടിഫിക്കറ്റുകൾക്കായി പഞ്ചായത്തിലോ വില്ലേജിലോ ഒക്കെ പോകാൻസമയമില്ലാത്തത്. പോയാൽ തന്നെ ശമ്പള നഷ്ടവും സമയനഷ്ടവും. ചെല്ലുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റ് കിട്ടിയില്ലെങ്കിൽ പലപ്പോഴും ഉദ്യോഗസ്ഥരോട് തട്ടിക്കയറുന്ന സ്ഥിതി വരെ സംജാതമാകും. 2021 സെപ്റ്റംബർ മുതൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന 213ൽ അധികം സേവനങ്ങൾക്ക് ഓൺലൈൻ ആയി അയക്കാനുള്ള സംവിധാനം ആയിട്ടുണ്ടെന്നും സ്വന്തം കയ്യിലുള്ള മൊബൈൽ ഫോണിലൂടെ താമസ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാമെന്നും അപേക്ഷപ്രകാരം അനുവദിക്കുന്ന സർട്ടിഫിക്കറ്റ് ഓൺലൈനായി തന്നെ ലഭിക്കുമെന്നും പറഞ്ഞ് മനസിലാക്കി. സിറ്റിസൺ പോർട്ടലിൽ അക്കൗണ്ട് എടുപ്പിച്ച് അപേക്ഷയും അയപ്പിച്ചു.

രണ്ടാം പിണറായി സർക്കാരിന്റെ ഐ.റ്റി നയത്തിൽ സുപ്രധാനമായ ഒന്നാണ് ഓൺലൈൻ സേവനങ്ങൾ വിരൽ തുമ്പിൽ ലഭ്യമാക്കുക എന്നത്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഇ-ഗവേണൻസ് അധ്യായത്തിലെ ഒരു സുപ്രധാന ഏട് ഈ സർക്കാരിന്റെ ആദ്യ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. 2020 സെപ്തംബറിൽ 153 ഗ്രാമപഞ്ചായത്തുകളിൽ ആദ്യഘട്ടമായി വിന്യസിച്ചിരുന്ന Integrated local Governance Management System (ILGMS) 2021 സെപ്റ്റംബറിൽ 156 പഞ്ചായത്തുകളിൽ കൂടി വിന്യസിച്ചു. തദ്ദേശസ്വയം ഭരണ വകുപ്പിനുകീഴിലെ 941

ഗ്രാമപഞ്ചായത്തുകളും 2022 ഏപ്രിലോട് കൂടി പൂർണ്ണമായും ILGMS ലൂടെ ഓൺലൈനിലേക്ക് മാറിയിട്ടുണ്ട്. 213 സേവനങ്ങൾക്ക് അപേക്ഷിക്കുന്നതിന് പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതില്ല. സ്വന്തം മൊബൈലിലോ കമ്പ്യൂട്ടറിലോ അപേക്ഷ അയക്കാം. അതിന് കഴിയാത്തവർക്ക് അടുത്തുള്ള അക്ഷയകേന്ദ്രം (കോമൺ സർവീസ് സെന്റർ) വഴിയോ കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം വഴിയോ അപേക്ഷ അയക്കാനും നികുതി അടക്കാനും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കാനും കഴിയും.

ഇന്ത്യയിൽ 2000 ൽ ഐറ്റി ആക്ട് നിലവിൽ വന്നതോടെ വിവരാധിഷ്ഠിത വാർത്താവിനിമയ സങ്കേതങ്ങളുടെ സഹായത്താലുള്ള ഭരണനിർവ്വഹണത്തിന് നിയമപ്രാബല്യം കൈവന്നു. 2005 ലെ വിവരാവകാശനിയമം വിവരം ലഭ്യമാകുക എന്നത് പൗരന്റെ അവകാശങ്ങളിൽ ഉൾപ്പെടുത്തുകയും അങ്ങനെ ഭരണനിർവ്വഹണത്തിൽ അറിവുള്ള പൗരൻമാരെ സൃഷ്ടിക്കുന്നതിലൂടെ പൗരകേന്ദ്രീകൃത സർക്കാർ എന്ന ആധുനിക ജനാധിപത്യത്തിന്റെ ഉന്നതമായ നയത്തിലേക്ക് ഭാരതത്തിലെ സർക്കാരുകളെ ആനയിക്കുന്നതിന് പ്രാരംഭം കുറിച്ചു. പിന്നീട് ഇന്ത്യ ഒട്ടാകെ വിവരവാർത്താവിനിമയ സാങ്കേതിക വിദ്യകളുടെ അനന്ത സാധ്യതകളെ ഭരണസംവിധാനത്തിന്റെ നവീകരണത്തിനും ഉന്നമനത്തിനും പുരോഗമനത്തിനുമായി ഉപയോഗിക്കുന്ന ധാരാളം ആശയങ്ങൾ ഉടലെടുക്കുകയും പ്രവർത്തി പഥത്തിൽ എത്തുകയും ഉണ്ടായിട്ടുണ്ട്. 1993ലെ 73,74 ഭരണഘടനാഭേദഗതികൾ രാഷ്ട്രീയ അധികാര വികേന്ദ്രീകരണത്തിന് നാന്ദി കുറിച്ചുകൊണ്ട് തദ്ദേശ സർക്കാരുകളെ ഭരണഘടനാപദവി നൽകി ഭരണപരവും ജനാധിപത്യപരവുമായ വികേന്ദ്രീകരണത്തിന് പാകമാകാൻ തരത്തിൽ ശാക്തീകരിച്ചു. അതിന്റെ തുടർച്ചയായി കേരളത്തിൽ ജനകീയാസൂത്രണപദ്ധതി വിപുലമായ അധികാര വികേന്ദ്രീകരണത്തിന് ഫലപ്രദവും പ്രായോഗികവുമായ മാതൃകയായി.

**കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഓൺലൈനായി നൽകിയ അപേക്ഷകളുടെ തൽസ്ഥിതി വിവരം അറിയുന്നതിനും ആകെ അപേക്ഷകളുടെ തീർപ്പാക്കൽ സ്ഥിതി വിലയിരുത്തുന്നതിന് ആവശ്യമായ കണക്കുകളും പൊതുജനങ്ങൾക്ക് ലഭ്യമാണ്.**

അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി അധികമായി ലഭ്യമായ ഉത്തരവാദിത്വവും വിഭവങ്ങളും പ്രയോജനപ്പെടുത്തുന്നതിന് സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള സമീപനമാണ് അന്നത്തെ അധികാരികൾ കൈക്കൊണ്ടത്. കേരളത്തിലെ തദ്ദേശ സർക്കാരുകളുടെ സമഗ്രമായ കമ്പ്യൂട്ടർവത്കരണത്തിന് ഇൻഫർമേഷൻ കേരള മിഷൻ 1998ൽ രൂപം കൊണ്ടു. അതിവിപുലവും വൈവിധ്യവുമായ ചുമതലകൾ നിർവ്വഹിക്കുന്ന തദ്ദേശ സർക്കാരുകളുടെ സമഗ്രമായ കമ്പ്യൂട്ടർവത്കരണം ശരിക്കും ഒരു വെല്ലുവിളി തന്നെയായിരുന്നു. നടപടികളുടെ ഏകരൂപമില്ലായ്മ, വിവരലഭ്യതയിലെ അപാകതങ്ങൾ, ലഭ്യമാകുന്ന വിവരങ്ങളിലെ ശുദ്ധതക്കുറവും കൃത്യതയുടെ അഭാവവും എല്ലാം സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ എന്ന ലക്ഷ്യത്തിന് വിഘാതം സൃഷ്ടിച്ചു. സാങ്കേതിക വിദ്യയിലും സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമുകളിലും വന്ന വ്യത്യാസങ്ങളും ഒറ്റ ഇ-ഗവേണൻസ് പ്ലാറ്റ്ഫോം എന്ന ലക്ഷ്യത്തിന് തടസം വർദ്ധിപ്പിച്ചു. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമായി എല്ലാ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളും സേവന പ്രദാനവും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് സമഗ്രമായി സംയോജിപ്പിക്കുക എന്ന ലക്ഷ്യത്തോടെ Enterprise Resource Platform (ERP) കൺസെപ്റ്റിൽ കാലികമായ സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമിൽ വികസിപ്പിച്ചെടുത്ത സമഗ്രമായ



ഓൺലൈൻ സോഫ്റ്റ്‌വെയറാണ് ILGMS.

ILGMS ന് പൊതുവായി രണ്ട് മുഖങ്ങളാണ് ഉള്ളത്.

സിറ്റിസൺ പോർട്ടൽ . പൊതുജനങ്ങൾക്ക് ഓൺലൈനായി നിലവിൽ ലഭ്യമായ സാക്ഷ്യപത്രങ്ങൾ സ്വയം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. നിലവിൽ ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകളാണ് ഇങ്ങനെ ലഭ്യമാകുന്നത്.

213ൽ അധികം സേവനങ്ങൾക്ക് കേരളത്തിലെ ഏത് പഞ്ചായത്ത് ഓഫീസിലേക്കും അപേക്ഷ അയക്കാം. ജനന മരണ വിവാഹ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റുകൾ, താമസ ഉടമസ്ഥാവകാശ സാക്ഷ്യപത്രങ്ങൾ, ബി.പി.എൽ സാക്ഷ്യപത്രങ്ങൾ, വിവിധ ലൈസൻസുകൾ, പൊതുസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ, സാമൂഹ്യസുരക്ഷാപെൻഷനുമായി ബന്ധപ്പെട്ട അധികവിവരങ്ങൾ ചേർക്കൽ കെട്ടിടത്തിന്റെ ഉമസ്ഥാവകാശം മാറ്റൽ തുടങ്ങി സാധാരണ ജനങ്ങൾ പഞ്ചായത്തിനെ സമീപിക്കേണ്ടി വരുന്ന ഭൂരിഭാഗം സേവനങ്ങൾക്കും സിറ്റിസൺ പോർട്ടൽ ഉപയോഗിക്കാവുന്നതാണ്.

നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയുന്നതിനും അപേക്ഷ പ്രകാരമുള്ള നികുതികളും ഫീസും ഓൺലൈനായി അടയ്ക്കുന്നതിനും സിറ്റിസൺ പോർട്ടലിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

വികസന ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പോർട്ടൽ ഉപയോഗിക്കുന്നവരെ ഒരുഅപേക്ഷകൻ എന്ന നിലയിലല്ല മറിച്ച് ഒരു ഇൻഫോർമ്ഡ് സിറ്റിസൺ എന്ന നിലയിൽ കണ്ടുകൊണ്ടാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഓൺലൈനായി നൽകിയ അപേക്ഷകളുടെ തൽസ്ഥിതി വിവരം അറിയുന്നതിനും ആകെ അപേക്ഷകളുടെ തീർപ്പാക്കൽ സ്ഥിതി വിലയിരുത്തുന്നതിന് ആവശ്യമായ കണക്കുകളും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ഒരു അപേക്ഷയ്ക്ക് സേവനം നൽകുക എന്നതിലപ്പുറം പൗരൻമാർക്ക് സേവനത്തിന്റെ സ്ഥിതിവിവരവും അവലോകനവും ലഭ്യമാക്കുക വഴി സുതാര്യതയും സാമൂഹിക ഉത്തരവാദിത്തവും ഉറപ്പാക്കുന്ന തരത്തിൽ ജനാധിപത്യത്തിന്റെ ഉയർന്ന ശ്രേണിയിലേക്ക് സമൂഹത്തെ നയിക്കാൻ കഴിയുന്ന ഇ-ഗവേണൻസിന്റെ പ്രായോഗിക രൂപമാണ് സിറ്റിസൺ പോർട്ടൽ എന്ന് നിസ്സംശയം പറയാം. സോഷ്യൽ ഓഡിറ്റിംഗിന് പ്രാദേശിക സർക്കാരുകളെ വിധേയമാക്കാനും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പൗരപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സിറ്റിസൺ പോർട്ടൽ നാന്ദികുറിച്ചിട്ടുണ്ട്. കേരളത്തിലങ്ങോളമിങ്ങോളമുള്ള സാധാരണ ജനങ്ങൾ ഈ സാധ്യത മനസ്സിലാക്കി ഉപയോഗിച്ചു തുടങ്ങുന്നതിന് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ സർക്കാർ തലത്തിലും വകുപ്പ് മുഖേനയും നടത്തുന്നുണ്ട്. ആയത് ഫലപ്രാപ്തിയിലെത്തുന്നതോടെ പഞ്ചായത്താഫീസുകളിലേക്ക് പൊതുജനങ്ങൾ വരേണ്ട ആവശ്യങ്ങൾ വളരെ ക്ലിപ്തമായി മാറും. വിരൽത്തുമ്പിൽ സേവനം എന്നത് ഭംഗിവാക്കിനപ്പുറം പ്രായോഗികതയിലെത്തിക്കുന്നതിന് കഴിഞ്ഞു എന്നത് സർക്കാരിന്റെ ഒന്നാം വാർഷികത്തിലെ സുപ്രധാനമായ നേട്ടം തന്നെയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണത്തിലെ ഒരു നാഴികക്കല്ലാണ് സിറ്റിസൺ പോർട്ടൽ എന്ന് നിസ്സംശയം പറയാം.



**സിറ്റിസൺ പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ ഓഫീസ് നടപടികൾ സ്വീകരിക്കുന്നതി നൊപ്പം നേരിട്ട് പഞ്ചായത്ത് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളെ ഫ്രണ്ടോഫീസിൽ വച്ചു തന്നെ ഡിജിറ്റലൈസ് ചെയ്ത് ഇ-ഫയൽ ആക്കി മാറ്റുന്നു.**

## ILGMS പോർട്ടൽ

ഓഫീസ് ഫയൽ നടപടികൾ ഓൺലൈനായി നിർവ്വഹിക്കുന്നതിനാണ് ഈ പോർട്ടൽ പ്രാഥമികമായി ഉപയോഗിക്കുന്നത്. സിറ്റിസൺ പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ ഓഫീസ് നടപടികൾ സ്വീകരിക്കുന്നതി നൊപ്പം നേരിട്ട് പഞ്ചായത്ത് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളെ ഫ്രണ്ടോഫീസിൽ വച്ചു തന്നെ ഡിജിറ്റലൈസ് ചെയ്ത് ഇ-ഫയൽ ആക്കി മാറ്റുന്നു. അങ്ങനെ ലഭിക്കുന്ന എല്ലാ അപേക്ഷകളെയും ഓൺലൈൻ പ്രോസസിലൂടെ ആവശ്യമായ സേവനം / നടപടി ലഭ്യമാക്കുന്നതിന് പ്രാപ്തമാക്കുന്നു. എല്ലാ നടപടികളും ഓൺലൈനാകുന്നതിലൂടെ മാന്വവലായി ഫയൽ കൈമാറ്റം ചെയ്യപ്പെടുന്നതിന്റെ ആവശ്യകത ഇല്ലാതാകുന്നു. ഫയൽ ചംക്രമണത്തിനെ അച്ചുതണ്ടാക്കിയാണ് പോർട്ടൽ ഡിസൈൻ ചെയ്തിരിക്കു




ന്നത്. തദ്ദേശ സർക്കാർ ഓഫീസുകളെ സംബന്ധിച്ച് ഫയൽ നീക്കത്തിൽ മാത്രം ഒതുങ്ങുന്നതല്ല അവയുടെ പ്രവർത്തന മേഖല. കെട്ടിട നിർമ്മാണ നിയന്ത്രണം, നികുതികൾ ചുമത്തലും ഈടാക്കലും, വിവിധ ലൈസൻസുകൾ, സാമൂഹ്യസുരക്ഷാ പദ്ധതികൾ, വികസന പദ്ധതികൾ, സിവിൽ രജിസ്ട്രേഷൻ, ജനാധിപത്യ ഭരണ നിർവ്വഹണം, ആസൂത്രണം, അക്കൗണ്ടിംഗ് തുടങ്ങി വൈവിധ്യങ്ങളായ ധാരാളം ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുകയും അതിന്റെ വിവരസഞ്ചയം കാലികമാക്കി സൂക്ഷിക്കുകയും വേണം. തദ്ദേശ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് സാക്ഷാത്കാരത്തിന് ഏറ്റവും വലിയ കീറാമുട്ടി ഇവയെല്ലാം ഒരു കടക്കീഴിൽ സംയോജിപ്പിച്ച് കൊണ്ട് ഒരു സമഗ്രമായ സോഫ്റ്റ്‌വെയർ നിർമ്മിക്കുക എന്നതാണ്. അത്തരത്തിൽ എല്ലാ മേഖലകൾക്കും ഉപഗ്രഹമൊഡ്യൂളുകൾ തയ്യാറാക്കി ഫയൽ ചംക്രമണ അച്ചുതണ്ടിൽ ചേർക്കാവുന്ന തരത്തിലാണ് ILGMS ഡിസൈൻ ചെയ്തിരിക്കുന്നത്. നിലവിൽ സിവിൽ രജിസ്ട്രേഷനും അക്കൗണ്ട്സും സംയോജിപ്പിച്ച് കൊണ്ടാണ് ആദ്യ ഘട്ട വിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ തദ്ദേശസ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകൾ ILGMSൽ സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. അതുകൂടി പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ ഇതുവരെ ലഭ്യമായതിൽ ഏറ്റവും ഉദാത്തമായ ഇ-ഗവേണൻസ് മോഡലായി ILGMS മാറും എന്നത് നിസ്തർക്കമാണ്.

വിവരത്തിന്റെയും സേവനത്തിന്റെയും സുഗമമായ വിതരണത്തോടൊപ്പം തീരുമാനങ്ങൾ എടുക്കുന്നതിന് പൗരപങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സുതാര്യവും കാര്യക്ഷമവും ഉത്തരവാദിത്തവുമുള്ള സർക്കാരിനെ സൃഷ്ടിക്കുക എന്നതാണ് ഇ-ഗവേണൻസിന്റെ പ്രയോഗം കൊണ്ടുള്ള പ്രധാന ലക്ഷ്യം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഓൺലൈൻ സേവനമികവിലേക്ക് കൈപിടിച്ചു നടത്തുന്നതിൽ ILGMS ഇ-ഗവേണൻസിന് ആവശ്യമായ രണ്ടുഘടകങ്ങളെയും ഒരുപോലെ സമന്വയിപ്പിച്ചിട്ടുണ്ട്. ഭരണപരമായ വികാസവും കാര്യക്ഷമമായ സേവനപ്രദാനവുമാണ് ഇ-ഗവേണൻസിന്റെ പ്രയോഗം കൊണ്ട് പ്രതീക്ഷിക്കുന്നത്. ഭരണപരമായ വികസനത്തിന്റെ നാഴികക്കല്ലുകളായ ഭരണ നടപടികളുടെ ഓട്ടോമേഷൻ, പേപ്പർ ജോലി ഇല്ലാതാക്കൽ, സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഭരണ സംസ്കാരത്തിലെ മാറ്റം, തട്ടുകൾ കുറക്കൽ തുടങ്ങിയവയെല്ലാം ILGMS ലൂടെ നേടാനായിട്ടുണ്ട്. സേവന വിതരണത്തിന്റെ കാര്യക്ഷമതയിൽ പ്രധാനമായ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കാനാവുന്നു. ILGMS ൽ ലഭ്യമാകുന്ന വിവരസഞ്ചയം സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് തദ്ദേശസർക്കാരുകൾക്ക് വഴിവിളക്കായി മാറുന്ന കാലം വിദൂരമല്ല.

ഇ-ഗവേണൻസിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിച്ചാൽ ഒന്നാംഘട്ടമായ വിവരവിതരണം, രണ്ടാംഘട്ടമായ ആശയവിനിമയം, മൂന്നാം ഘട്ടമായ സേവന വിതരണവും ധനവിനിമയവും കടന്ന് നാലാം ഘട്ടമായ സംയോജനത്തിന്റെ പാതയിലാണ് ILGMS എത്തിനിൽക്കുന്നതെന്ന് കാണാം. തദ്ദേശവകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളുടെ സോഫ്റ്റ്‌വെയറുകളുമായുള്ള സംയോജനവും മറ്റു വകുപ്പുകളുമായുള്ള സംയോജനവും സർക്കാരിതര സംവിധാനങ്ങളുമായുള്ള സംയോജനവും പൂർത്തിയാക്കുക എന്നതിലാണ് നിലവിൽ ശ്രദ്ധചെലുത്തേണ്ടത്. അതു പൂർത്തീകരിച്ചാൽ ഇ-ഗവേണൻസിന്റെ അവസാന ഘട്ടത്തിലേക്ക് തദ്ദേശവകുപ്പിന് കടക്കാനാകും. ഓൺലൈൻ വോട്ടിംഗും വിവിധ പൊതുജനവേദികളും ചർച്ചകളുമൊക്കെ അവസാന ഘട്ടത്തിൽ കൂട്ടിച്ചേർക്കാവുന്നതാണ്. നിലവിൽ സേവനം ഓൺലൈൻ മികവിലാക്കിയതിന്റെ നിറവിൽ നിൽക്കുമ്പോൾ മുഴുവൻ ഭരണസംവിധാനവും വിരൽതുമ്പിലാകുന്ന സമ്പൂർണ്ണ ഡിജിറ്റൽ ഗവേണൻസിന്റെ കാലം അതിവിദൂരമല്ലാതെ കേരളത്തിലെ തദ്ദേശസർക്കാരുകൾക്ക് പ്രാപ്തമാവും എന്നാണ് ശുഭപ്രതീക്ഷ. □

# തെളിനീരൊഴുകും നവകേരളം

നവ കേരള നിർമ്മിതി എന്ന ദൗത്യ പദ്ധതിയിൽ സമ്പൂർണ്ണ മാലിന്യമുക്ത കേരളം എന്ന ആശയം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി, അമൃത് പദ്ധതി എന്നിവയുടെയൊക്കെ സംയുക്ത പ്രവർത്തന മികവിൽ കേരളത്തെ മാലിന്യ മുക്തമാക്കി മലയാളിക്ക് വൃത്തിയും ശുചിത്വവും ആരോഗ്യകരവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടർന്നുവരുകയാണ്. പ്ലാസ്റ്റിക് ഉൾപെടെയുള്ള അഴുകാത്ത പാഴ്‌വസ്തുക്കൾ വാതിൽപ്പടി ശേഖരണത്തിലൂടെ സംഭരിച്ച് പുനഃചംക്രമണത്തിന് കൈമാറാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് കേരളത്തെ സമ്പൂർണ്ണ കോഴി മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ജലസ്രോതസ്സുകളാൽ സമൃദ്ധമാണ് ദൈവത്തിന്റെ സ്വന്തം നാട്. നദികളും പുഴകളും കായലുകളുമൊക്കെ ചേർന്ന് ഒരുക്കിയിട്ടുള്ള അതിരമണീയ പ്രകൃതി ചിത്രം കണ്ണിനും കരളിനും വിരുന്നൊരുക്കുന്ന നാട്. നാടിന്റെ ഹൃദയസിരകളായ ജലാശയങ്ങളെ മാലിന്യമുക്തമായി പരിപാലിക്കുന്നതിനുള്ള തീവ്രയത്നത്തിലാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. പുഴകളും നീർച്ചാലുകളും വീണ്ടെടുക്കാനുള്ള ഇനി ഞാൻ ഒഴുകട്ടെ എന്ന കർമ്മ പദ്ധതിയിലൂടെ പുനർജന്മം ലഭിച്ച് സുഗമമായി ഒഴുകുന്ന ജല ദൃശ്യങ്ങൾ നമ്മോട് പറയുന്നത് നാട് ഏറ്റെടുത്ത ഈ പദ്ധതിയുടെ വിജയഗാഥയാണ്. ഈ പരിപാടിയുടെ തുടർച്ചയായി നടപ്പിലാക്കുന്ന പദ്ധതിയാണ് തെളിനീരൊഴുകും നവ കേരളം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ ഹരിത കേരള മിഷന്റെയും ശുചിത്വ മിഷന്റെയും പങ്കാളിത്തത്തോടെയും അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയും ആവിഷ്കരിച്ച് പ്രവർത്തി പഥത്തിൽ എത്തിച്ചിട്ടുള്ള ഈ ക്യാമ്പയിൻ ജനകീയ പങ്കാളിത്തത്തോടെ മുന്നേറുകയാണ്.

886 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലസഭ നടത്തി. 896 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജല സ്രോതസ്സുകളിൽ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തി. 9632 കനാലുകൾ, 14502 കുളങ്ങൾ, 3081 റിസർവോയർ, 21018 അരുവികളും കുളങ്ങളും മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആകെ 68195 ജല ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടുണ്ട്. 612 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലിനീകരണം കണ്ടെത്തിയ ജല സ്രോതസ്സുകളിൽ ജനകീയ ശുചീകരണ യജ്ഞം നടത്തി. 313.9 ടൺ ജൈവമാലിന്യം തരംതിരിച്ച് സംസ്കരിച്ചു. 1005.431 ടൺ പാഴ്‌വസ്തുക്കൾ തരംതിരിച്ച് കൈമാറി.

പരിസ്ഥിതി സംരക്ഷണത്തിലൂന്നി പ്രകൃതിയെ സംരക്ഷിച്ച് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിപോഷിപ്പിച്ച് ജല സ്രോതസ്സുകൾ വീണ്ടെടുത്തും മലിനീകരിക്കപ്പെട്ടവ ശുദ്ധീകരിച്ചും ശുദ്ധമായ മണ്ണും ജലവും വായുവുമുള്ള ഒരു നവകേരളം യാഥാർത്ഥ്യമാക്കാൻ സർക്കാരിനൊപ്പം അണിചേരാം. ☐






തെളിനീരൊഴുകും നവകേരളം
19
3 PM
ജലനടത്ത


ശുചീകരണ ഉദ്ഘാടനം












തെളിനീരൊഴുകും
നവകേരളം




തെളിനീരൊഴുകും
നവകേരളം






# അമൃത് 2

അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയിലൂന്നി നഗര പ്രദേശങ്ങൾ സമൂലമായ മാറ്റങ്ങൾക്ക് വേദിയാവുകയാണ്. നഗര പ്രദേശങ്ങളിലെ മാലിന്യനിർമ്മാർജ്ജനം എന്ന അതിസങ്കീർണ്ണമായ പ്രവർത്തനം പരാതികളില്ലാതെ നടപ്പാക്കും. പരിസ്ഥിതി സൗഹൃദപരമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ശക്തിപ്പെടുത്തും. കൃത്യമായ അവലോകന സംവിധാനത്തോടെ പദ്ധതി പ്രവർത്തനങ്ങൾ ചലനാത്മകമായി മുന്നോട്ടുകൊണ്ട് പോകുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.

അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയിലൂന്നി നഗര പ്രദേശങ്ങൾ സമൂലമായ മാറ്റങ്ങൾക്ക് വേദിയാവുകയാണ്. നഗര പ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം എന്ന അതി സങ്കീർണ്ണമായ പ്രവർത്തനം പരാതികളില്ലാതെ നടപ്പാക്കും.

അമൃത് മിഷൻ പദ്ധതിയുടെ ഭാഗമായി പണിപൂർത്തിയാക്കിയ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉദ്ഘാടനം ചെയ്തത് ഈ കാലയളവിലാണ്. മെഡിക്കൽ കോളേജ് ആശുപത്രി, റീജിയണൽ കാൻസർ സെന്റർ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് പുറംതള്ളുന്ന നിലവിലെ മാലിന്യത്തിന്റെ അളവ് കണക്കാക്കി അടുത്ത അമ്പത് വർഷത്തെ ആവശ്യം കൂടി കണക്കിലെടുത്താണ് പ്ലാന്റ് വിഭാവനം ചെയ്തിട്ടുള്ളത്. ദിനംപ്രതി അഞ്ച് ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ളതാണ് പ്ലാന്റ്.

തിരുവനന്തപുരം നഗരസഭാ പ്രദേശത്തെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് അരുവിക്കര മുതൽ പേരൂർക്കട വരെ HDPE പൈപ്പ് സ്ഥാപിക്കാൻ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ഡിവിഷനുകൾ ആയ തിരുമല സെക്ഷൻ, കരമന സെക്ഷൻ, വണ്ടിത്തടം സെക്ഷൻ, കുര്യാത്തി സെക്ഷൻ എന്നീ










മേഖലകളിൽ 9025 കുടിവെള്ള കണക്ഷനുകൾ നൽകാനും 77.07 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുമുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അണമുഖം, ആക്കുളം, കുളത്തൂർ, ചെറുവക്കൽ, ശ്രീകാര്യം, ഉള്ളൂർ, കഴക്കൂട്ടം, നാലാഞ്ചിറ, എന്നീ മേഖലകളിലും വാട്ടർ അതോറിറ്റി സെക്ഷൻ ആയ ശാസ്തമംഗലം സെക്ഷൻ മേഖലയും ചേർന്ന പ്രദേശത്ത് 3950 സീവർ കണക്ഷനുകൾ നൽകാനും 37.973 കിലോമീറ്റർ സീവർ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

നഗര ജീവിതത്തിൽ സമൂല മാറ്റങ്ങൾക്ക് തുടക്കം കുറിച്ച അമൃത് പദ്ധതി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കേരളത്തിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ നേടിയെടുക്കുകതന്നെ ചെയ്യും എന്നുള്ളതിൽ സംശയമില്ല. □




## വിശപ്പ് രഹിത കേരളത്തിനായി

# ജനകീയ ഹോട്ടലുകൾ

## അന്നമൂട്ടാൻ കേരളത്തിന്റെ ബദൽ മാതൃക

■ ഗോപകുമാർ എം.

> "വിശക്കുന്നവന്റെ മുന്നിൽ
> ആഹാരമില്ലാതെ പ്രത്യക്ഷപ്പെടാൻ
> ദൈവത്തിന് കഴിയില്ല."
> -ഗാന്ധിജി

കോവിഡ് - 19 ന്റെ ഭാഗമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചനുകൾ രാജ്യത്തിന് തന്നെ മാതൃകയായി. കേരളത്തിലെ രീതി മറ്റ് സംസ്ഥാനങ്ങൾ പകർത്തണമെന്ന് ഭാരതത്തിന്റെ പരമോന്നത നീതിപീഠം തന്നെ പറയുന്ന അവസ്ഥയുണ്ടായി. കോവിഡ് മഹാമാരിയുടെ പ്രതിസന്ധിയിൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ട സാധാരണക്കാരന്റെ വിഷമം കേരള സർക്കാർ മനസിലാക്കി. വിശന്നിരിക്കുന്ന ഒരു വയറുപോലും കേരളത്തിൽ ഉണ്ടാകരുത് എന്ന നിശ്ചയദാർഢ്യത്തിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാറിന്റെ 2020-21 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഇരുപത് രൂപക്ക് ഉച്ചയൂണ് നൽകുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയത്. കുടുംബശ്രീ സംരഭക പദ്ധതിയായാണ് ജനകീയ ഹോട്ടലുകൾ വിഭാവനം ചെയ്തത്.

മൂന്ന മുതൽ പത്തു വരെ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് പ്രവർത്തിക്കുന്ന ആയിരത്തി ഒരുന്നൂറ്റി എൺപത്തിനാലു ജനകീയ ഹോട്ടലുകൾ ഇന്ന് കേരളത്തിലെ ആയിരത്തി മുപ്പത്തി ഏഴ തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങളിലായി പ്രവർത്തിച്ചു വരുന്നു എന്നത് സർക്കാർ സാധാരണക്കാരന്റെ ഹൃദയ പക്ഷത്തും ഒപ്പം ഉദര പക്ഷത്തും ആണെന്നത് അടിവരയിടുന്നു. വിശക്കുന്നവന് അവന്റെ കീശ ചോരാതെ തന്നെ സ്വാദിഷ്ഠമായ ഭക്ഷണം നൽകുന്നതിൽ ശ്രദ്ധിക്കുന്ന ഈ ജനകീയ ഹോട്ടലുകൾ ദൈവത്തിന്റെ സ്വന്തം നാടിന്റെ മാത്രം സ്വന്തം ബദൽ മാതൃകയാണ്. ഇത്തരത്തിൽ മാതൃകാപരമായി പ്രവർത്തിച്ച് വരുന്ന ഒരു ജനകീയ ഹോട്ടലിന്റെ വിശേഷങ്ങൾ നമുക്ക് നോക്കാം.

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്കിൽ ഉൾപെട്ട ഉഴമലയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന ഒരു ജനകീയ ഹോട്ടൽ ഉണ്ട്. 'മഴവില്ല്'എന്ന കുടുംബശ്രീ സംരംഭക യൂണിറ്റാണ് പഞ്ചായത്തിലെ പുതുക്കുളങ്ങര വാർഡിൽ ജനകീയ ഹോട്ടൽ നടത്തുന്നത്. പഞ്ചായത്ത് അംഗം കൂടിയായ ശ്രീമതി. മഞ്ജു പ്രസിഡന്റും സിഡിഎസ് അംഗം കൂടിയായ ശ്രീമതി. മിനിമോൾ സെക്രട്ടറിയുമായ യൂണിറ്റ് വളരെ മാതൃകാപരമായാണ് ഹോട്ടൽ നടത്തുന്നത്. ദിനംപ്രതി ഇരുപത് രൂപ നിരക്കിൽ എണ്ണൂറ് മുതൽ തൊള്ളായിരം വരെ എണ്ണം ഉച്ചയൂണിന് പാഴ്സലായോ അല്ലാതെയോ ആവശ്യക്കാരുണ്ടെന്ന് യൂണിറ്റിലെ അംഗങ്ങൾ പറയുന്നു. . കെട്ടിട വാടക പതിനായിരം രൂപ നിരക്കിൽ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുമെന്നും കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയും പഞ്ചായത്ത് നൽകുന്നുണ്ടെന്നും കുടുംബശ്രീ മെമ്പർ സെക്രട്ടറി കൂടിയായ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ആർ. അശോക് കുമാർ പറഞ്ഞു. മികച്ച സഹകരണം പഞ്ചായത്ത് നൽകുന്നുണ്ട് എന്ന് കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങളും ശരിവച്ചു.







വിശക്കുന്നവന് അവന്റെ കീശ ചോരാതെ തന്നെ സ്വാദിഷ്ഠമായ ഭക്ഷണം നൽകുന്നതിൽ ശ്രദ്ധിക്കുന്ന ഈ ജനകീയ ഹോട്ടലുകൾ ദൈവത്തിന്റെ സ്വന്തം നാടിന്റെ മാത്രം സ്വന്തം ബദൽ മാതൃകയാണ്.

ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, ഡിവൈഎഫ്ഐ പോലുള്ള പുരോഗമന യുവജന പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ, മുണ്ടേല സർവ്വീസ് സഹകരണ ബാങ്ക്, എന്നിവരുടെ സ്പോൺസർഷിപ്പിലൂടെയാണ് ഹോട്ടലിന് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമാക്കിയിട്ടുള്ളത്.

മികച്ച ഭക്ഷണമാണ് ഉഴമലയ്ക്കൽ ജനകീയ ഹോട്ടലിൽ നിന്ന് ലഭിക്കുന്നതെന്നും എല്ലാ ദിവസവും മത്സ്യവും ചില ദിവസങ്ങളിൽ ചിക്കനും കുറഞ്ഞ നിരക്കിൽ തന്നെ ലഭ്യമാകുന്നുണ്ടെന്നും ഹോട്ടലിലെ സ്ഥിരം ഉപഭോക്താക്കൾ പറയുന്നു. ഇരുപത് രൂപക്ക് ഊണ് നൽകാൻ തയ്യാറായിട്ടുള്ള സർക്കാരിന്റെ സംരംഭത്തെ ക്കുറിച്ച് കൈയ്യോടെ മാത്രമെ കാണാൻ കഴിയൂ എന്ന് ഉപഭോക്താക്കൾ പറയുന്നു. ഹോട്ടൽ, യൂണിറ്റിലെ അംഗങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായി മാറിയെന്നതും ശ്രദ്ധേയമാണ്. വിശക്കുന്നവന് മുന്നിൽ അന്നം തന്നെയാണ് ദൈവം എന്ന പരമ സത്യം പകർന്ന് പ്രവർത്തിക്കുന്ന ഈ ജനകീയ ഹോട്ടലുകൾ കേരളത്തിന്റെ ബദലും അഭിമാനവും തന്നെയാണ്. □

*(ലേഖകൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ടാണ്)*




# ടേക്ക് എ ബ്രേക്ക്

## വികസനത്തിന് ബ്രേക്കില്ല

■ കെ. ആർ. രഞ്ജിത്ത്

വൃത്തിയുള്ള ശുചിമുറികളുള്ള, സ്വാദിഷ്ഠമായ ലഘു ഭക്ഷണവും ആരോഗ്യകരമായ പാനീയങ്ങളും ലഭിക്കുന്ന വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഏതൊരു യാത്രികന്റെയും സ്വപ്നം തന്നെയാണ്. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിനും കേരള സർക്കാർ റെഡി. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്. ദേശീയ സംസ്ഥാന പാതയോരങ്ങളിലും, ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഏതു സമയത്തും സുരക്ഷിതവും വൃത്തിയായും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ശുചിമുറി സമുച്ചയങ്ങളും കോഫി ഷോപ്പോടു കൂടിയ ഉന്നത നിലവാരമുള്ള വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി ഈ സർക്കാരിന്റെ കരുതൽ നീണ്ട് ചെല്ലാത്ത മേഖലകൾ ഇല്ലായെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 100 ശുചിമുറികൾ 2020 ൽ നാടിനു സമർപ്പിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പണി പൂർത്തീകരിച്ച 100 ശുചിമുറികളുടെ ഉദ്ഘാടനം 07.09.2021 ൽ നടത്തിയിട്ടുള്ളതുമാണ്. നാളിതുവരെ ടി പദ്ധതിക്കായി 1213 പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും 1063 പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തികരിച്ചിട്ടുള്ളതും 524 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. ആധുനിക സൗകര്യങ്ങളോടു കൂടിയ (കോഫി ഷോപ്പോടു കൂടിയത്) 165 ശുചിമുറികളുടെ നിർമ്മാണം പ്രത്യേകമായി ലക്ഷ്യമിട്ടിരിക്കുകയാണ്.

ശുചിത്വ, മാലിന്യ സംസ്കരണ മേഖലയിൽ ഹരിത കേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കരുത്ത് പകർന്ന് വൃത്തിയും ശുചിത്വവുമുള്ള പൊതുശുചിമുറികൾ യാഥാർത്ഥ്യമാക്കി ഈ സർക്കാർ നമ്മോട് ചോദിക്കുന്നു "നമ്മൾ ഒത്തിറങ്ങിയാൽ നടക്കാത്തതായി എന്തുണ്ട്?" □

*(ലേഖകൻ കോട്ടയം ജില്ലാ പഞ്ചായത്തിലെ ഹെഡ് ക്ലാർക്കാണ്)*



# കേരള ചിക്കനിലൂടെ നല്ല ആരോഗ്യം

■ ആശ എസ്സ്. പണിക്കർ

സാധാരണക്കാരായ സ്ത്രീകളെ സംരംഭകരാക്കി മാറ്റിക്കൊണ്ട് അവർക്ക് മികച്ച തൊഴിലും സുസ്ഥിര വരുമാനവും ലഭ്യമാക്കുന്നതിനായി മൃഗസംരക്ഷണ മേഖലയിൽ വ്യത്യസ്തമായ നിരവധി വരുമാനദായക പദ്ധതികൾ കുടുംബശ്രീ നടപ്പാക്കുന്നുണ്ട്. ഈ ശ്രേണിയിലെ ഏറ്റവും സവിശേഷമെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന പദ്ധതികളിലൊന്നാണ് കേരള സർക്കാർ ആവിഷ്ക്കരിച്ച് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതി.

ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് സുരക്ഷിതവും ആരോഗ്യകരവുമായ കോഴിയിറച്ചി ലഭ്യമാക്കുക, പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വിലവർദ്ധനയ്ക്ക് പരിഹാരം കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളോടെ കെപ്കോയും മൃഗസംരക്ഷണ വകുപ്പുമായും സഹകരിച്ചു കൊണ്ട് 2017 നവംബറിൽ തുടക്കമിട്ട പദ്ധതി ഇന്ന് ഏറെ ജനകീയമായിക്കഴിഞ്ഞു. സംയോജിത കോഴിക്കൃഷിക്കായി സർക്കാർ ഫണ്ട് ലഭ്യമാകുന്ന പ്രോജക്ട് കൂടിയാണിത്. കുടുംബശ്രീ മുഖേന സംസ്ഥാനമൊട്ടാകെ ഇറച്ചിക്കോഴി ഫാമുകൾ തുടങ്ങുക, ഗുണമേൻമയുള്ള കോഴിയിറച്ചി 'കുടുംബശ്രീ കേരള ചിക്കൻ' എന്ന പേരിൽ ഫലപ്രദമായി മാർക്കറ്റ് ചെയ്യുക, പദ്ധതിയുടെ ഭാഗമായുള്ള ഔട്ട്ലെറ്റുകൾ വഴി വിപണനം ചെയ്യുക എന്നിവയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഇറച്ചിക്കോഴിയുടെ ഉപഭോഗം പൂർണ്ണമായും കുറച്ച് ആഭ്യന്തര വിപണിയുടെ ആവശ്യമനുസരിച്ച് ഗുണനിലവാരമുള്ള ചിക്കൻ ഉൽപാദിപ്പിച്ച് ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. അയൽക്കൂട്ട വനിതകൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്ന തൊഴി

> ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഇറച്ചിക്കോഴിയുടെ ഉപഭോഗം പൂർണ്ണമായും കുറച്ച് ആഭ്യന്തര വിപണിയുടെ ആവശ്യമനുസരിച്ച് ഗുണനിലവാരമുള്ള ചിക്കൻ ഉൽപാദിപ്പിച്ച് ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്.

ഗുണമേൻമയുള്ള ചിക്കൻ, പൊതുവിപണിയേക്കാൾ വിലക്കുറവ്

ഉപഭോക്താക്കൾക്കിടയിൽ മികച്ച സ്വീകാര്യത

തിരുവനന്തപുരം. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നു

ആകെ 270 ബ്രോയിലർ ഫാമുകൾ

94 ചിക്കൻ ഔട്ട്ലെറ്റുകൾ

45 ദിവസം കൂടുമ്പോൾ കർഷകർക്ക് വളർത്തുകൂലിയിനത്തിൽ ശരാശരി 50,000 രൂപ വരുമാനം; ഔട്ട്ലെറ്റ് ഗുണഭോക്താവിന് 87,000 രൂപ വരുമാനം

സാധാരണക്കാരായ വനിതകളെ മികച്ച സംരംഭകരാക്കി മാറ്റുന്നതിനും അവർക്ക് വരുമാന ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി ആവിഷ്കരിച്ച സർക്കാർ പദ്ധതി

ലവസരമൊരുക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. കുടുംബശ്രീ വനിതകൾക്ക് മാത്രമാണ് കേരള ചിക്കൻ പദ്ധതിയിൽ അംഗമാകാനും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കാനും കഴിയുകയുള്ളൂ.

നിലവിൽ ഗുണമേൻമയുള്ള ചിക്കന് ഉറപ്പുള്ള വിപണിയും മെച്ചപ്പെട്ട വിലയും സംസ്ഥാനത്ത് ലഭ്യമാണ്. കൂടാതെ വേഗതയേറുന്ന നഗരവൽക്കരണവും ഉപഭോഗത്തിലെ വർദ്ധനവും ദിനംപ്രതി വിപണിയിൽ ചിക്കന്റെ ആവശ്യകത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കോഴിയിറച്ചിയുടെ ഉപഭോഗം കണക്കിലെടുത്താൽ കോഴിക്കൃഷിക്ക് ഏറെ സാധ്യതകളുള്ള സംസ്ഥാനമാണ് കേരളം. ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ ഗുണമേൻമയുള്ള കോഴിയിറച്ചിയുടെ അമ്പതു ശതമാനമെങ്കിലും ഉൽപാദിപ്പിക്കാൻ കഴിഞ്ഞാൽ അതോടൊപ്പം വലിയ തോതിലുള്ള തൊഴിലവസരങ്ങളും ഇവിടെ സൃഷ്ടിക്കപ്പെടും. സാധാരണക്കാരായ സ്ത്രീകൾക്ക് അധികം മുതൽമുടക്കും റിസ്കുമില്ലാതെ ഒരു മികച്ച തൊഴിൽ അവസരവും വരുമാന മാർഗവും ലഭ്യമാക്കാൻ ഈ സാഹചര്യം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നതും തീർച്ചയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ സംരംഭ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിൽ മുന്നേറാനാണ് കുടുംബശ്രീയുടെ ശ്രമങ്ങൾ. നിലവിൽ തിരുവനന്തപുരം. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ആകെ 270 കർഷകർ ഈ രംഗത്ത് സജീവമാണ്. കൂടാതെ പദ്ധതിക്ക് കീഴിൽ 94 ഔട്ട്ലെറ്റുകളും പ്രവർത്തിക്കുന്നു.

| ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ചിക്കൻ ഫാമുകളുടെയും കർഷകരുടെയും എണ്ണം | | |
|---|---|---|
| നമ്പർ | ജില്ലയുടെ പേര് | കർഷകരുടെ എണ്ണം |
| 1 | എറണാകുളം | 55 |
| 2 | തൃശ്ശൂർ | 48 |
| 3 | കോട്ടയം | 47 |
| 4 | കോഴിക്കോട് | 36 |
| 5 | തിരുവനന്തപുരം | 45 |
| 6 | കൊല്ലം | 39 |
| | **ആകെ** | **270** |

## കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

കുടുംബശ്രീയുടെ കീഴിൽ രൂപീകരിച്ച കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ നേതൃത്വത്തിലാണ് കേരള ചിക്കൻ പദ്ധതിയിലെ ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ പിന്തുണാ സംവിധാനങ്ങളും ഏകീകരിക്കുന്നത്. ഉൽപാദന ഘട്ടത്തിൽ ബ്രീഡ് സെലക്ഷൻ, കോഴിക്കുഞ്ഞുങ്ങളെ വളർത്താനുള്ള മെച്ചപ്പെട്ട സൗകര്യം, മികച്ച ആരോഗ്യം, ജൈവ സുരക്ഷാ മാർഗങ്ങൾ എന്നിവ ഉൾപ്പെടുന്നു. കമ്പനിയുടെ നേതൃത്വത്തിൽ കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനുകൾ, കുടുംബശ്രീ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി(എ.ഡി.എസ്), കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി(സി.ഡി.എസ്) എന്നിവയുടെ പിന്തുണയോടു കൂടിയാണ് പദ്ധതി നടത്തുന്നത്. കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി വിദഗ്ധനായ വെറ്ററിനറി ഡോക്ടർ, പ്രൊഡക്ഷൻ മാനേജർമാർ, മാർക്കറ്റിങ്ങ്, അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പ്രഫഷണൽ ബിരുദധാരികളുടെ സേവനവും പദ്ധതിയിൽ ലഭ്യമാകുന്നു.

## ഫാം ഇന്റഗ്രേഷൻ-പ്രവർത്തനങ്ങൾ

കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ ചിക്കൻ ഫാമുകൾ തുടങ്ങുന്നതിനായി കർഷകരെ തിരഞ്ഞെടുക്കുന്നതു മുതൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവയടക്കം കർഷകർക്കു നൽകുകയും അതിനുശേഷം 40-45 ദിവസം വരെ കോഴിക്കുഞ്ഞുങ്ങളെ വളർത്തി അവയെ തിരിച്ചെടുക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളാണ് ഇന്റഗ്രേഷൻ പ്രക്രിയയിൽ ഉൾപ്പെടുന്നത്. ഇതിൽ ഉൾപ്പെട്ട എല്ലാ കാര്യങ്ങളും ഫാമുമായി ബന്ധപ്പെട്ട് രൂപീകരിച്ച പൊതുമാനദണ്ഡങ്ങളുടെയും പ്രവർത്തനരീതികളുടെയും അടി




സ്ഥാനത്തിലാണ് നിർവ്വഹിക്കുന്നത്.

കോഴിക്കുഞ്ഞുങ്ങൾക്ക് നൽകുന്ന തീറ്റ, അത് നൽകേണ്ട വിധം, ഫാമിലെ ഊഷ്മാവ്, ഈർപ്പം എന്നിവയെക്കുറിച്ചുള്ള അവബോധം എന്നിവയെല്ലാം സംബന്ധിച്ച് ഫാം സൂപ്പർവൈസറുടെ നേതൃത്വത്തിൽ കർഷകർക്ക് വിശദമായ പരിശീലനം ലഭ്യമാക്കുകയാണ് ആദ്യം ചെയ്യുന്നത്. ഇതിനു ശേഷം കമ്പനിയുടെ നേതൃത്വത്തിൽ കർഷകർക്ക് കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, പ്രതിരോധ കുത്തിവയ്പ്പിനുള്ള മരുന്ന് എന്നിവ നൽകുന്നു. പതിവായി ഫാം സന്ദർശിച്ച് കൊണ്ട് കോഴിക്കുഞ്ഞുങ്ങളുടെ വളർച്ചയുടെ പുരോഗതി വിലയിരുത്തുന്നത് ഫാം സൂപ്പർവൈസർമാരാണ്. ബ്രോയിലർ ഫാമുകൾ നടത്തുന്ന കർഷകർക്ക് ആവശ്യമായ പിന്തുണകൾ ലഭ്യമാക്കുന്നതിനും ഉൽപാദന വിപണന മേഖലകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പിന്തുണാ സംവിധാനങ്ങളും പദ്ധതിയുടെ ഭാഗമായുണ്ട്. ഫാമുകൾ പ്രവർത്തിക്കുന്ന എല്ലാ ജില്ലകളിലും അഞ്ച് വീതം മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകൾ, ഫാം സൂപ്പർവൈസർമാർ, രണ്ട് വീതം ലിഫ്റ്റിങ്ങ് സൂപ്പർവൈസർമാർ എന്നിവർ ഉൾപ്പെട്ട ടീമും പ്രവർത്തിക്കുന്നു. കൂടാതെ കർഷകരുടെ സഹായത്തിനായി വെറ്ററിനറി ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്.

കർഷകയ്ക്ക് വളർത്തുകൂലിയിനത്തിൽ ശരാശരി 50,000 രൂപ;

ഔട്ട്ലെറ്റ് ഉണഭോക്താവിന് 87,000 രൂപയും വരുമാനം

40-45 ദിവസത്തിനുള്ളിൽ കോഴിക്കുഞ്ഞുങ്ങൾ 1.8 കിലോഗ്രാം മുതൽ 2 കിലോഗ്രാം വരെ വളർച്ചയെത്തുമ്പോൾ അവയെ തിരികെയെടുത്ത് ആവശ്യാനുസരണം ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്നു. കോഴിക്കർഷകർക്ക് വളർത്തുകൂലിയിനത്തിൽ കിലോയ്ക്ക് പരമാവധി 13 രൂപ വരെയാണ് ലഭിക്കുന്നത്. വളർച്ചയെത്തിയ കോഴികളെ ഫാമുകളിൽ നിന്നും കേരള ചിക്കൻ ഔട്ട്ലെറ്റുകളിൽ എത്തിച്ച ശേഷം 15 ദിവസത്തിനുള്ളിൽ കർഷകർക്ക് വളർത്തുകൂലി ലഭിക്കും. പദ്ധതിയുടെ ഭാഗമായി ഇതിനകം 270 കോഴി വളർത്തൽ കർഷകരെ ഇന്റഗ്രേഷൻ രംഗത്തേക്ക് കൊണ്ടു വരുന്നതിനും 94 കേരള ചിക്കൻ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞു. കൂടാതെ കോഴിക്കുഞ്ഞുങ്ങളെ 40-45 ദിവസം വളർത്തുന്നതിനുള്ള കൂലിയായി ഓരോ കർഷകയ്ക്കും ശരാശരി 50,000 രൂപ വീതം വരുമാനം ലഭിക്കുന്നു. കൂടാതെ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുന്നതിലൂടെ ഔട്ട്ലെറ്റ് ഉണഭോക്താക്കൾക്ക് ശരാശരി 87,000 രൂപയും വരുമാനമായി ലഭിക്കുന്നു. ഇന്റഗ്രേഷൻ പ്രോസസിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വളർത്താൻ നൽകുന്നതു മുതൽ 40-45 ദിവസത്തിനുള്ളിൽ തിരിച്ചെടുക്കുന്നതു വരെയുള്ള പ്രവർത്തനങ്ങളുടെ ചുമതല പ്രൊഡക്ഷൻ മാനേജർമാർക്കും ഫാം സൂപ്പർവൈസർമാർക്കുമാണ്.

## ചിക്കൻ ഔട്ട്ലെറ്റുകൾ

കുടുംബശ്രീയിൽ അംഗങ്ങളായ വനിതകൾക്ക് മാത്രമാണ് കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായുള്ള ഔട്ട്ലെറ്റുകൾ തുടങ്ങാൻ കഴിയൂ. അതത് ജില്ലാമിഷൻ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) എന്നിവിടങ്ങളിൽ നിന്നുള്ള ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഔട്ട്ലെറ്റ് ഉണഭോക്താക്കളെ തിരഞ്ഞെടുക്കുക. നിശ്ചിത മാർഗരേഖയ്ക്ക് വിധേയമായാണ് ഈ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം. ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനായി നിയമാനുസൃത ലൈസൻസുകൾ, ഫലപ്രദമായ മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യങ്ങൾ, ബ്രാൻഡിങ്ങ് എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ അനിവാര്യമാണ്. നിലവിൽ തിരുവനന്തപുരം (45), കൊല്ലം (39), കോട്ടയം (47), എറണാകുളം (55), തൃശ്ശൂർ (48), കോഴിക്കോട് (36) എന്നീ ജില്ലകളിലായി ആകെ 270 ബ്രോയിലർ ഫാമുകളും 94 ചിക്കൻ ഔട്ട്ലെറ്റുകളും പ്രവർത്തിക്കുന്നു.

കേരള ചിക്കൻ ഔട്ട്ലെറ്റുകൾ: കേരള ചിക്കന്റെ ആദ്യ ഔട്ട്ലെറ്റ് എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ കേരള ചിക്കന് 94 ഔട്ട്ലെറ്റുകൾ ഉണ്ട്.

| ക്രമ നമ്പർ | ജില്ലയുടെ പേര് | ഔട്ട്ലെറ്റുകളുടെ എണ്ണം |
|---|---|---|
| 1 | എറണാകുളം | 24 |
| 2 | തൃശ്ശൂർ | 12 |
| 3 | കോട്ടയം | 21 |
| 4 | കോഴിക്കോട് | 10 |
| 5 | തിരുവനന്തപുരം | 12 |
| 6 | കൊല്ലം | 15 |
| | ആകെ | 94 |

## നൂറ് കോടി വിറ്റുവരവും ഉപഭോക്താക്കൾക്കിടയിലെ മികച്ച സ്വീകാര്യതയും

പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരള ചിക്കന് നൂറ് കോടി രൂപയുടെ വിറ്റുവരവ് നേടാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമാണ്. ഇതുവരെ 88,93,176 കിലോ ചിക്കനാണ് ഔട്ട്ലെറ്റുകൾ വഴി വിപണനം ചെയ്തത്. ഇതിലൂടെ ഉണഭോക്താക്കൾക്ക് സുസ്ഥിര വരുമാന ലഭ്യത ഉറപ്പാക്കുന്നതിനും സാധിച്ചു. പൊതുവിപണിയേക്കാൾ വിലക്കുറവിൽ ലഭിക്കുന്നതും ഉണമേൻമയുള്ളതും ആരോഗ്യദായകവുമായ കോഴിയിറച്ചി എന്നതിനാലും കേരള ചിക്കന് ഇന്ന് വിപണിയിലും ഉപഭോക്താക്കൾക്കിടയിലും




വളരെയേറെ സ്വീകാര്യതയുണ്ട്. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ഉൽപന്നം ലഭിക്കുന്നതോടൊപ്പം സംരംഭകർക്ക് ഉറപ്പായ വിപണന വേദിയും സുസ്ഥിരവരുമാനവും ലഭിക്കുന്നു എന്നതും പദ്ധതിയെ വേറിട്ടതാക്കുന്നു. ഇടനിലക്കാരുടെ ചൂഷണവും നേരിടേണ്ടി വരുന്നില്ല.

സംരംഭകർക്ക് വളർത്തുകൂലി ഇനത്തിൽ ആകെ 9.67 കോടി രൂപ;

ഔട്ട്ലെറ്റ് നടത്തുന്ന ഉണഭോക്താക്കൾക്ക് 12.45 കോടി രൂപയും വരുമാനം

നിലവിൽ പ്രവർത്തിച്ചു വരുന്ന കർഷകർക്കും ഔട്ട്ലെറ്റ് ഉണഭോക്താക്കൾക്കും പദ്ധതി വഴി മാന്യമായ വരുമാനം ലഭിക്കുന്നതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് പുതുതായി ഒട്ടേറെ അയൽക്കൂട്ട വനിതകൾ പദ്ധതി ഉണഭോക്താക്കളാകാൻ താൽപ്പര്യത്തോടെ മുന്നോട്ടു വരുന്നുണ്ട്. 2017 നവംബറിൽ തുടക്കമിട്ട പദ്ധതി പ്രകാരം സംരംഭകർക്ക് ഇതുവരെ വളർത്തുകൂലി ഇനത്തിൽ ആകെ 9.67 കോടി രൂപയും ഔട്ട്ലെറ്റ് നടത്തുന്ന ഉണഭോക്താക്കൾക്ക് 12.45 കോടി രൂപയും വരുമാനം നേടിക്കൊടുക്കാൻ സാധിച്ചു. ഇതോടൊപ്പം 50 സംരംഭകർക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്നും സബ്സിഡി ഇനത്തിൽ 24 ലക്ഷം രൂപയും ലഭ്യമാക്കി. നാളിതുവരെ 42.68 ലക്ഷം കോഴിക്കുഞ്ഞുങ്ങളെയും കർഷകർക്ക് വിതരണം ചെയ്തു.

## സംരംഭകർക്ക് കോവിഡ് കാലത്തും മുടങ്ങാതെ

ആറു കോടി രൂപയുടെ വരുമാനം

കോവിഡ് കാലത്ത് തൊഴിൽ മേഖലകളിലാകെ പ്രതിസന്ധി നേരിട്ടപ്പോഴും കേരള ചിക്കൻ പദ്ധതി ഉണഭോക്താക്കൾക്ക് വരുമാനത്തിന് മുടക്കമുണ്ടായില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. 2019 ജൂൺ മുതൽ ഫാമുകളും ഔട്ട്ലെറ്റുകളും മുടക്കം കൂടാതെ പ്രവർത്തിച്ചുവരുന്നതിനാൽ കോവിഡ് കാലത്തും സംരംഭകർക്ക് വരുമാനം ലഭ്യമാക്കാൻ കഴിഞ്ഞത് കർഷകർക്ക് തികച്ചും അനുഗ്രഹമായി. ഈ കാലയളവിൽ മാത്രം സംരംഭകർക്ക് ആറുകോടി രൂപ വരുമാനമായി നേടിക്കൊടുക്കാൻ സാധിച്ചു.

## സാമൂഹ്യ സ്ത്രീശാക്തീകരണ രംഗത്തെ പദ്ധതി

## നേട്ടങ്ങൾ

1. പൗൾട്ടി ഇന്റഗ്രേഷൻ വിഭാഗത്തിൽ സർക്കാർ ഫണ്ട് നൽകി നടപ്പാക്കുന്ന പ്രോജക്ട് കുടുംബശ്രീ വനിതകളെ സംരംഭകരാക്കി മാറ്റിക്കൊണ്ട് സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.
2. ബ്രോയിലർ ഫാമുകൾ, ചിക്കൻ ഔട്ട്ലെറ്റുകൾ എന്നിവ നടത്തുന്നതിലൂടെ 364 കുടുംബശ്രീ വനിതകൾക്ക് തൊഴിലും വരുമാനവും നേടാൻ കഴിഞ്ഞു. ഒരു തവണ കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് 40-45 ദിവസം ആവശ്യമാണ്. ഇപ്രകാരം 15 പ്രാവശ്യം കോഴിക്കുഞ്ഞുങ്ങളെ വളർത്തി ഔട്ട്ലെറ്റുകളിൽ നൽകാനും ഇതിലൂടെ 42.68 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ 270 കർഷകർക്ക് നൽകാനും സാധിച്ചു.

പദ്ധതിയുടെ ഭാഗമായി കർഷകർക്ക് നാളിതു വരെ 9.67 കോടി രൂപ വളർത്തുകൂലിയായും 12.45 കോടി രൂപ ഔട്ട്ലെറ്റ് ഉണഭോക്താക്കൾക്കും വരുമാനമായി ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 50 കോഴിക്കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് മുഖേന 23,52,940 രൂപ സബ്സിഡി ഇനത്തിലും ലഭ്യമാക്കി.

## സംഘടനാ ശാക്തീകരണവും കാര്യശേഷി വികസനവും

കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 270 കോഴിക്കർഷകർക്ക് ഫാം മാനേജ്മെൻറ്, ഇന്റഗ്രേഷൻ പ്രോസസ്, ലിറ്റർ മാനേജ്മെന്റ്, ഡിസീസ് ഔട്ട്ബ്രേക്ക്, ഫീഡിങ്ങ് പാറ്റേൺ എന്നിവയിൽ അവബോധം നൽകി.

## ഭാവി പരിപാടികൾ

നിലവിൽ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് പൗൾട്ടി പ്രോസസിംഗ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ഇതോടൊപ്പം പ്രതിവർഷം 1000 ബ്രോയിലർ ഫാമുകളും 500 ഔട്ട്ലെറ്റുകളും ആരംഭിച്ചുകൊണ്ട് ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ ചിക്കൻ ഇവിടെ തന്നെ ഉൽപാദിപ്പിക്കുന്നതിനും കുടുംബശ്രീ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ എല്ലാ സി.ഡി.എസുകളിലും കേരള ചിക്കൻ ബ്രോയിലർ ഫാമുകളും ഔട്ട്ലെറ്റുകളും പ്രവർത്തനം ആരംഭിച്ചുകൊണ്ട് സ്ത്രീകൾക്ക് തൊഴിലും അതുവഴി പ്രാദേശിക സാമ്പത്തിക

വികസനവും പദ്ധതിയുടെ ലക്ഷ്യമാണ്. ഇതിനായി കാര്യക്ഷമമായ ഉൽപാദനം, മാംസ സംസ്കരണം, വിതരണം, വിപണനം എന്നിവയ്ക്ക് പ്രത്യേകം ഊന്നൽ നൽകി അഞ്ചുവർഷത്തെ വിശദമായ കർമ്മപദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ട്. പേരന്റ് ബ്രീഡർ ഫാമുകൾ, ഹാച്ചറികൾ, കോൾഡ് സ്റ്റോറുകൾ, ആധുനിക രീതിയിൽ പ്രവർത്തിക്കുന്ന അറവുശാലകൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവയും ഇതിൽ ഉൾപ്പെടും. ഈ വർഷം നാല് ജില്ലകളിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പാക്കിവരികയാണ്. ☐

## 1. കേരള ചിക്കൻ പദ്ധതി: സവിശേഷതകൾ

*വ്യക്തിഗത/ഗ്രൂപ്പ് സംരംഭ മാതൃകയിൽ പദ്ധതി നടത്തുന്നു

*ഗുണഭോക്താവിന് ഒരു ദിവസം പ്രായമായ 1000-5000 കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, പ്രതിരോധ വാക്സിൻ എന്നിവ കുടുംബശ്രീ മുഖേന സൗജന്യമായി ലഭിക്കുന്നു

* വളർച്ചയെത്തിയ കോഴികളെ ഔട്ട്ലെറ്റുകളിലെത്തിക്കുന്നു. ഇപ്രകാരം ഓരോ ഇന്റഗ്രേഷൻ സൈക്കിൾ പൂർത്തിയാകുമ്പോഴും വളർത്തുകൂലി ഇനത്തിൽ ഓരോ സംരംഭകർക്കും ശരാശരി അമ്പതിനായിരം രൂപ വരുമാനം ലഭിക്കുന്നു

* കേരള ചിക്കൻ ഔട്ട്ലെറ്റ് നടത്തുന്ന ഗുണഭോക്താവിന് ശരാശരി 87,000/- രൂപ വീതം മാസ വരുമാനം ലഭിക്കുന്നു

*പദ്ധതി ഗുണഭോക്താക്കളാകുന്ന കുടുംബശ്രീ വനിതകൾക്ക് സാമ്പത്തിക സഹായമടക്കം നിരവധി പിന്തുണകൾ

പദ്ധതി ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സഹായങ്ങൾ (ബോക്സ് ന്യൂസ്)

* പുതുതായി തുടങ്ങുന്ന കോഴിവളർത്തൽ യൂണിറ്റുകൾക്ക് സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ മൃഗംരക്ഷണ വകുപ്പ് സബ്സിഡി ഇനത്തിൽ നൽകുന്നു.

* യൂണിറ്റുകൾക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും 1.5 ലക്ഷം രൂപ വീതം നാലു ശതമാനം പലിശ നിരക്കിൽ കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി കുടുംബശ്രീ നൽകുന്നു. ഇത് രണ്ട് വർഷത്തിനുള്ളിൽ തിരിച്ചടച്ചാൽ മതിയാകുന്നതാണ്.

* പദ്ധതിയിൽ അംഗങ്ങളാകുന്ന യൂണിറ്റുകൾക്ക് സംരംഭ മികവിനും വിജയകരമായ രീതിയിലുള്ള നടത്തിപ്പിനും ഉന്നത നിലവാരമുള്ള ശാസ്ത്രീയ പരിശീലനം.

* ഇടനിലക്കാരെ പൂർണമായും ഒഴിവാക്കി ഉൽപാദകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായ രീതിയിൽ കുടുംബശ്രീയുടെ മാർക്കറ്റിങ്ങ് സംവിധാനം.

## കേരള ചിക്കൻ ഫാമിന്റെ തിരഞ്ഞെടുപ്പ്

| | |
|---|---|
| 1. | ഒരു കോഴിക്ക് 1.2 ചതുരശ്ര അടി സ്ഥലം നൽകിക്കൊണ്ട് 1000 മുതൽ പരമാവധി 5000 വരെ കോഴികളെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഫാമുകളെയാണ് തിരഞ്ഞെടുക്കുന്നത്. |
| 2. | ഫാമിൽ നിന്നും റോഡിലേക്കുള്ള വഴി വലിയ വാഹനങ്ങൾക്കും, ലിഫ്റ്റിങ്ങ് വാഹനങ്ങൾക്കും സുഗമമായി സഞ്ചരിക്കാൻ കഴിയുന്നതായിരിക്കണം. |
| 3. | ഫാമിൽ മതിയായ വായുസഞ്ചാരം, വെളിച്ചം എന്നിവ ലഭ്യമാക്കണം |
| 4. | മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫാം ലൈസൻസ് എന്നിവ നിർബന്ധമാണ്. |
| 5. | ഫാമിലേക്ക് എത്തിക്കുന്ന തീറ്റ ഈർപ്പം തട്ടാതെ സംഭരിച്ചു വയ്ക്കാൻ പ്രത്യേകമായി മുറിയുണ്ടായിരിക്കേണ്ടതാണ്. |

## കേരള ചിക്കൻ ഔട്ട്ലെറ്റിന്റെ തിരഞ്ഞെടുപ്പ്

| | |
|---|---|
| 1. | വിപണന സാധ്യതയുള്ളതും ഗതാഗത സൗകര്യമുള്ളതുമായ പ്രധാന റോഡുകളുടെ സമീപത്താണ് കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായുള്ള കേരള ചിക്കൻ ഔട്ട്ലെറ്റുകൾ സ്ഥാപിക്കേണ്ടത്. |
| 2. | ചിക്കൻ ഔട്ട്ലെറ്റുകൾക്ക് കുറഞ്ഞത് 400 ചതുരശ്ര അടി വിസ്തീർണ്ണവും കോൺക്രീറ്റ് മേൽക്കൂരയോടു കൂടിയതുമായ കെട്ടിടം ഉണ്ടായിരിക്കേണ്ടതാണ്. |
| 3. | കേരള ചിക്കന്റെ ഒരു ഔട്ട്ലെറ്റിൽ നിന്നും മറ്റൊരു ഔട്ട്ലെറ്റിലേക്ക് കുറഞ്ഞത് അഞ്ചു കിലോമീറ്റർ ദൂരമുണ്ടായിരിക്കണം. |
| 4. | ചിക്കൻ ഔട്ട്ലെറ്റിന്റെ മുൻവശത്ത് വലിയ വാഹനങ്ങൾ എത്താനുള്ള സൗകര്യം |
| 5. | ഔട്ട്ലെറ്റിൽ വെള്ളം, വൈദ്യുതി എന്നിവ ഉണ്ടായിരിക്കണം |
| 6. | മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് |
| 7. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് |
| 8. | എഫ്.എസ്.എസ്.എ.ഐ (Food Saftey Training and Certificate) |
| 9. | ഫോസ്റ്റാക് (Food Saftey and Standards Authortiy of India) സാനിട്ടറി സർട്ടിഫിക്കറ്റ് |

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) June 2022
Annual Subscription ₹120, Published on 20 June 2022
RNI. No. : 7959/61

2022 സൂര്യപ്രഭ

## നവകേരള സൃഷ്ടിക്കായി നമുക്ക് കൈകോർക്കാം















## വികസനം വിരൽത്തുമ്പിൽ

**Office : 96566 83444, 62826 53855 . Sales : 97446 48942, 73066 73152**

തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ ആവശ്യപ്രകാരം സൈറ്റ് സന്ദർശിച്ച് സർക്കാർ നിഷ്കർഷിക്കുന്ന പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നു. ഇന്റർനാഷണൽ ബ്രാൻഡ് ആയ ഫിലിപ്സ്, L.T LED ലൈറ്റ് 3 മുതൽ 5 വർഷം വാറന്റി സുലഭമാണ്. ഞങ്ങൾ ഏറ്റെടുക്കുന്ന വർക്കുകൾ സമയബന്ധിതമായി നിർവ്വഹിക്കും. ഞങ്ങളുടെ ഉത്പന്നങ്ങൾ സർക്കാർ പൊതുമേഖലാ സ്ഥാപനമായ സിൽക്ക്, K.E.L (കേരള ഇലക്ട്രിക്കൽസ്), K.S.I.E എന്നീ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ടെൻഡർ കൂടാതെ വാങ്ങാവുന്നതാണ്. കൂടാതെ ഞങ്ങളുടെ AMC മുഖാന്തരം LED മിനി മാസ്റ്റ്, ഹൈ മാസ്റ്റ്, സോളാർ ലൈറ്റുകൾ പരിപാലനം AMC (ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ്) കൂടി ലഭ്യമാണ്.

# JN LIGHTINGS
( K E R A L A )

**Govt. Approved Electrical Contractors**

West Othera P.O., Thiruvalla - 689 551
jnlightingskerala@gmail.com

Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS